بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡم نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 2

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

ലക്കം 12-13

വാർഷിക വരിസംഖ്യ 300 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2017 മാർച്ച് 23-30/ഹി:ശം:1396 അമാൻ 23-30/ഹി:ഖ: 1438 ജ:ആഖിർ 23 റജബ് 01


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 17/24-02-2017ന് മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടനിൽ ജുമുഅ ഖുത്വ്ബ നിർവഹിച്ചു. അതിന്റെ പൂർണരൂപം ഈ ലക്കം 3/7-ാം പേജിൽ വായിക്കുക. സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം വരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ്വ ബാരിക്കലനാ ഫീ ഉംരിഹീ വ അംരി ഹീ.

**നമ്മുടെ ദൈവം മുമ്പേ ജീവിച്ചിരുന്നതുപോലെ ഇന്നും ജീവിച്ചിരിക്കുന്നു.**
**മുമ്പേ സംസാരിച്ചിരുന്നതുപോലെ ഇപ്പോഴും സംസാരിക്കുന്നു.**
**മുമ്പേ കേട്ടിരുന്നതുപോലെ ഇപ്പോഴും കേൾക്കുന്നവനുമാകുന്നു.**
**ഇപ്പോൾ കേൾക്കുന്നുവെങ്കിലും അവൻ സംസാരിക്കുന്നില്ല എന്ന ധാരണ നിരർഥമാകുന്നു.**
**പ്രത്യുത അവൻ കേൾക്കുകയും സംസാരിക്കുകയും ചെയ്യുന്നു.**
**അവന്റെ വിശേഷഗുണങ്ങളെല്ലാം അനാദികാലം മുതൽക്കെ നിലനില്ക്കുന്നതും ശാശ്വതങ്ങളുമാകുന്നു. അവന്റെ ഒരു ഗുണവും നിഷ്ക്രിയമല്ല.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

അല്ലയോ ശ്രോതാക്കളേ കേട്ടുകൊള്ളുവിൻ!! അല്ലാഹു നിങ്ങളിൽനിന്ന് എന്താണ് ആഗ്രഹിക്കുന്നത്? നിങ്ങൾ അവന്റേതായി ത്തീരുക എന്നുതന്നെ. ആകാശത്തിലും ഭൂമിയിലും നിങ്ങൾ അവനോടു ആരേയും പങ്കു ചേർക്കരുത്. നമ്മുടെ ദൈവം മുമ്പേ ജീവിച്ചിരുന്നതുപോലെ ഇന്നും ജീവിച്ചിരിക്കുന്നു. മുമ്പേ സംസാരിച്ചിരുന്നതുപോലെ ഇപ്പോഴും സംസാരിക്കുന്നു. മുമ്പേ കേട്ടിരുന്നതുപോലെ ഇപ്പോഴും കേൾക്കുന്നവനുമാകുന്നു. ഇപ്പോൾ കേൾക്കുന്നുവെങ്കിലും അവൻ സംസാരിക്കുന്നില്ല എന്ന ധാരണ നിരർഥമാകുന്നു. പ്രത്യുത അവൻ കേൾക്കുകയും സംസാരിക്കുകയും ചെയ്യുന്നു. അവന്റെ വിശേഷഗുണങ്ങളെല്ലാം അനാദികാലം മുതൽക്കെ നിലനില്ക്കുന്നതും ശാശ്വതങ്ങളുമാകുന്നു. അവന്റെ ഒരു ഗുണവും നിഷ്ക്രിയമല്ല. ഇനി ഒരിക്കലും നിഷ്ക്രിയമാകുന്നതുമല്ല. അവൻ ഏകനും പങ്കുകാരനില്ലാത്തവനുമാകുന്നു. അവന് പുത്രനില്ല. കളത്രവുമില്ല. അവൻ നിസ്തുലനും അദ്വിതീയനുമാകുന്നു. അവനെ പോലെ അവൻ ഒരാളേയും പ്രത്യേക ഗുണത്താൽ സവിശേഷപെടുത്തിയിട്ടില്ല. അവനു സമാനനായി ആരുമില്ല. അവന് അനുഗുണനായും ആരുമില്ല. അവന് ഒരു ശക്തിക്കും കുറവില്ല. അവൻ ദൂരെയുള്ളവനാണെങ്കിലും അടുത്തുള്ളവനുമാകുന്നു. അടുത്തുള്ളവനാണെങ്കിലും ദൂരത്തുള്ളവനുമാകുന്നു. കശ്ഫുകാർക്ക് അഥവാ ദിവ്യദർശനക്കാർക്ക് അവൻ തന്റെ അസ്തിത്വം സദൃശരൂപേണ വെളിപ്പെടുത്തുന്നു. എന്നാൽ, അവന് ഏതെങ്കിലും ശരീരമോ രൂപമോ ഇല്ല. അവൻ എല്ലാത്തിലും മീതെയാകുന്നു. എന്നാൽ, അവനു കീഴെ മറ്റാരെങ്കിലുമുണ്ടെന്ന് പറയാവതുമല്ല. അവൻ അർശിലാണെങ്കിലും ഭൂമിയിലില്ലെന്ന് പറയാവതല്ല. അവൻ എല്ലാ സമ്പൂർണ സവിശേഷ ഗുണങ്ങളുടേയും സമുച്ചയമാകുന്നു. അവൻ എല്ലാ യഥാർഥ സ്തുതികളുടേയും പ്രതിബിംബവും സർവവിധ സദ്ഗുണങ്ങളുടേയും ഉറവിടവുമാകുന്നു. അവൻ സകല ശക്തികളുടേയും സമാഹാരവുമാകുന്നു. അവൻ എല്ലാ നന്മകളുടേയും ഉത്ഭവസ്ഥാനവും എല്ലാ ഓരോ വസ്തുവിന്റേയും മടക്കസ്ഥാനവുമാകുന്നു. എല്ലാ ഓരോ രാജ്യത്തിന്റേയും അധിപനും അവൻതന്നെ. അവൻ എല്ലാവിധ സമ്പൂർണതകളാലും സവിശേഷപ്പെട്ടവനാകുന്നു. അവൻ എല്ലാവിധ ന്യൂനതകളിൽനിന്നും ദൗർബല്യങ്ങളിൽനിന്നും പരിശുദ്ധനാകുന്നു. ആകാശഭൂമിയിലുള്ളവരെല്ലാം അവനെ മാത്രമേ ആരാധിക്കാവൂ എന്ന കാര്യത്തിൽ അവൻ പ്രത്യകപ്പെട്ടവനാകുന്നു.” (അൽവസിയ്യത്ത്)

# ഒരു ദൈവിക സുവാർത്ത!

റസൂലുല്ലാഹ്(സ)യുടെ പ്രവചനമനുസരിച്ച് മഹ്ദി ഇമാമും, വാഗ്ദത്ത മസീഹുമായി അല്ലാഹു നിയോഗിച്ച ഹസ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) തനിക്കു ലഭിച്ച ദൈവിക വെളിപാട് ലോകസമക്ഷം സമർപ്പിച്ചുകൊണ്ട് പറഞ്ഞു.

മനുഷ്യജാതിക്ക് പൊതുവായും, മുസ് ലിംകൾക്ക് പ്രത്യേകമായും ഒരു സന്ദേശം എനിക്ക് നല്കാനുണ്ട്. സത്യസന്ധമായ വിശ്വാസവും നിർമ്മലമായ സംശുദ്ധിയും ദൈവാനുരക്തിയുടെ മാർഗ്ഗവും മനസിലാക്കാനും, ദുഷിച്ച ജീവിതവും അലംഭാവവും ധിക്കാരപരവുമായ ജീവിതം ഉപേക്ഷിക്കാനും വേണ്ടി സത്യാന്വേഷികൾ ഞാനുമായി ബയ്അത്ത് ചെയ്യണമെന്ന് കൽപ്പിക്കപ്പെട്ടിരിക്കുന്നു. സ്വമാനസങ്ങളിൽ ഏതെങ്കിലും വിധത്തിൽ ഇതിനു തയ്യാറുള്ളവർ എന്റെ അടുക്കൽ വരേണ്ടത് നിർബന്ധമാണ്. ഞാൻ അവരുടെ ദുഃഖങ്ങൾ അകറ്റുന്നതാണ്. അവരുടെ ഭാരങ്ങൾ ലഘൂകരിക്കുന്നതാണ്. അല്ലാഹു എന്റെ ദുആയിലും ശ്രദ്ധയിലും അവർക്ക് അനുഗ്രഹം നൽകുന്നതാണ്. പക്ഷേ, ഒരു നിബന്ധന; അവർ ദൈവിക കല്പനകൾ അനുസരിച്ച് ജീവിക്കാൻ പൂർണ്ണമായും തയ്യാറായിരിക്കണം. ഈ ദൈവിക കൽപനയെ ഞാൻ ഇന്ന് എത്തിച്ചിരിക്കുന്നു. ഇതു സംബന്ധിച്ച ഇൽഹാം ഇപ്രകാരമാണ്:

നീ മനോനിശ്ചയം ചെയ്തുകഴിഞ്ഞാൽ ദൈവത്തിൽ പ്രതീക്ഷ അർപ്പിക്കുക. നമ്മുടെ മുന്നിൽ നമ്മുടെ വഹ്‌യുടെ അടിസ്ഥാനത്തിൽ ഒരു നൗക പണിയുക. നിന്റെ കൈ യിൽ ബയ്അത്ത് ചെയ്യുന്നവർ അല്ലാഹുവിന്റെ കൈയിലത്രെ ബയ്അത്ത് ചെയ്യുന്നത്. അവരുടെ കൈകൾക്ക് മീതെ അല്ലാഹുവിന്റെ കൈകളത്രെ ഉള്ളത്.

◆

**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ
രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം
അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ
വിളിച്ച് താങ്കൾക്ക്
അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഹദ്റത്ത് അബൂഉബയ്ദഃ(റ)

ഹാഫിദ് മുസഫ്ഫർ അഹ്മദ്, ശാഹിദ്

**ഭാഗം മൂന്ന്:**

**പ്രൗഢോജ്ജ്വലമായ വിജയങ്ങളും കീഴടക്കിയവരോടുള്ള പെരുമാറ്റവും:**

ഒന്നാമത്തെ ഖലീഫ ഹദ്റത്ത് അബൂബക്കറും(റ) തന്റെ ഖിലാഫത്ത് കാലത്ത് ഹദ്റത്ത് അബൂഉബയ്ദഃ(റ)യിൽ പൂർണവിശ്വാസം അർപിച്ച് ശാം (സിറിയ)ദേശത്തിന്റെ നാലു ഭാഗങ്ങളിലും വിന്യസിച്ചിരുന്ന എല്ലാ സൈന്യത്തിന്റേയും നേതൃത്വം അദ്ദേഹത്തെ ഏല്പിച്ചിരുന്നു. നാലു സൈന്യങ്ങളുടേയും അമീർ അദ്ദേഹത്തിന്റെ കീഴിലായിരുന്നു. ഐക്യമുന്നണി സൈന്യം ബസ്റയും അജ്നാദീനും കീഴടക്കിയ ശേഷം ദിമശ്ഖ് (ദമസ്കസ്)ഉപരോധിച്ചിരുന്ന ഘട്ടത്തിലായിരുന്നു ഹദ്റത്ത് അബൂബക്കർ(റ) വഫാത്തായത്.

ഹദ്റത്ത് ഉമർ(റ)ന്റെ ഖിലാഫത്ത് ആരംഭിക്കുന്നതുവരെ ഈ ഉപരോധം തുടർന്നു. ഒരു ദിവസം ഹദ്റത്ത് ഖാലിദ് ബിൻ വലീദ്(റ) സമർഥമായ നിലയിൽ പദ്ധതി ആവിഷ്ക്കരിച്ച് പട്ടണത്തിന്റെ ഒരു ഭാഗത്തുനിന്ന് ചുറ്റുമതിൽ ചാടി അകത്തുകടക്കുകയും ആ ഭാഗത്തുള്ള കവാടം തുറക്കുകയും അദ്ദേഹത്തിന്റെ പട്ടാളം ഉള്ളിൽ പ്രവേശിക്കുകയും ചെയ്തു. പട്ടണത്തിന്റെ രണ്ടാമത്തെ ഭാഗത്ത് ഹദ്റത്ത് അബൂഉബയ്ദഃ(റ) വാതിൽപൊളിച്ച് അകത്തുകടക്കുന്നതിൽ വിജയിച്ചു. ഹദ്റത്ത് അബൂഉബയ്ദഃ(റ) നഗരം കീഴടക്കുന്നതു കണ്ടപ്പോൾ എതിരാളികൾ ഹദ്റത്ത് ഖാലിദിന് കിഴക്കുഭാഗത്തെ കവാടം തുറന്നു കൊടുക്കുകയും അദ്ദേഹവുമായി രേഖാമൂലം സന്ധി ഉണ്ടാക്കുകയും ചെയ്തു. യഥാർഥത്തിൽ അതവരുടെ വ്യക്തമായ ചതിയായിരുന്നു. കാരണം ഒന്നാമതായിപ്പറഞ്ഞാൽ, ഹദ്റത്ത് ഖാലിദ് അമീർ ആയിരുന്നില്ല. രണ്ടാമത്തേത് ഒരു ഭാഗത്തുനിന്ന് നഗരം കീഴടങ്ങാൻ പോകുന്ന അവസ്ഥയിൽ അതറിയാതെയാണ് മുഴുവൻ നഗരത്തിനുവേണ്ടി അദ്ദേഹം സന്ധി ചെയ്തത്. എന്തായാലും ചതിപ്രയോഗത്തിലൂടെ ചെയ്ത ഈ സന്ധിയ്ക്ക് ഒരു പ്രാബല്യവുമുണ്ടായിരുന്നില്ല. എന്നാൽ, ഹദ്റത്ത് ഖാലിദ്(റ) ക്രിസ്ത്യാനികൾക്കു നല്കിയ അഭയം പിൻവലിക്കുന്നത് ഹദ്റത്ത് അബൂഉബയ്ദഃ(റ) ഇഷ്ടപ്പെട്ടില്ല. അദ്ദേഹം മുസ്‌ലീംകളോടു പറഞ്ഞു: "ഖാലിദ് സൈന്യത്തിന്റെ അമീർ അല്ല എന്നതു ശരിതന്നെ. എങ്കിലും, ഏതെങ്കിലും മുസ്‌ലിമിൽ നിന്നുണ്ടായിട്ടുള്ള അഭയ വാഗ്ദാനം എല്ലാ മുസ്‌ലീംകളുടേയും വാഗ്ദാനമായി കണക്കാക്കപ്പെടുമെന്ന് നബി(സ)തിരുമേനി നിർദേശിച്ചിട്ടുണ്ട്."

അങ്ങനെ ദമസ്കസിന്റെ പകുതിഭാഗം ജയിച്ചടക്കിയിട്ടും നഗരവാസികളെ തടവുകാരാക്കിയില്ല. യുദ്ധമുതൽ പിടിച്ചെടുത്തതുമില്ല. എന്നല്ല, സന്ധിനിർദേശങ്ങൾ പാലിച്ചുകൊണ്ടു നഗരവാസികൾക്ക് പൂർണമായും അഭയം നല്കി. ഖാലിദ് വിജയകരമായ നിലയിൽ ബയ്ത്തുൽ മുഖദ്ദസിൽ പ്രവേശിച്ചുവെന്നും അബൂഉബയ്ദയാണ് സന്ധി ചെയ്തത് എന്നുമുള്ള പരാമർശം ഒരു നിവേദനത്തിൽ വന്നിട്ടുള്ളത് ശരിയല്ല.

ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് ഖാലിദിനു പകരം ഹദ്റത്ത് അബൂഉബയ്ദഃ(റ)യെ സൈന്യത്തിന്റെ അമീറായി നിശ്ചയിച്ചപ്പോൾ അനുസരണത്തിന്റെ ഉദാത്തമായ മാതൃക കാണിച്ചുകൊണ്ട് ഹദ്റത്ത് ഖാലിദ് (റ)ഇങ്ങനെ വിളംബരം ചെയ്തു: 'മുസ്‌ലീംകളേ! ഈ സമുദായത്തിന്റെ വിശ്വസ്തനാണ് നിങ്ങൾക്കു അമീറായി നിയമിക്കപ്പെട്ടിരിക്കുന്നത്.' ഇതു കേട്ടപ്പോൾ ഹദ്റത്ത് അബൂഉബയ്ദഃ(റ)പറഞ്ഞു: 'ഖാലിദ് അല്ലാഹുവിന്റെ വാളുകളിൽ ഒരു വാളാണെന്ന് നബി(സ)തിരുമേനി പറഞ്ഞത് ഞാൻ കേട്ടിട്ടുണ്ട്.'

**ആദർശവാദിയായ നേതാവ്:**

ഫഹ്ൽയുദ്ധസ്ഥലത്ത് ഹദ്റത്ത് അബൂഉബയ്ദഃ(റ)യുടെ സന്നിധിയിൽ റോമൻ അംബാസഡർ വന്നു. ഇസ്‌ലാമിക ജേർണലിന്റെ ലാളിത്യംകണ്ട് റോമൻ അംബാസഡർക്ക് അദ്ദേഹത്തെ തിരിച്ചറിയാൻ കഴിഞ്ഞില്ല. പിന്നീടു കൂടിക്കാഴ്ച നടത്തിയപ്പോൾ അദ്ദേഹത്തിന്റെ ലാളിത്യത്തിലും പ്രഭാവത്തിലും സ്വാധീനശക്തിയിലും ആകർഷിതനായി. ഈ സന്ദർഭത്തിൽ ആ അംബാസഡർ, 'നിങ്ങൾ ഇവിടെനിന്ന് മടങ്ങിപ്പോയാൽ നിങ്ങളുടെ ഓരോ സൈനികനും ഈരണ്ട് അശ്റഫി താൻ നല്കുന്നതാണ്' എന്ന നിർദേശം മുന്നോട്ടുവച്ചു. ഹദ്റത്ത് അബൂഉബയ്ദഃ(റ)യെപ്പോലുള്ള ധൈര്യവാനും വിശ്വസ്തനുമായ വ്യക്തിയ്ക്ക് ആദർശങ്ങൾ വിറ്റുള്ള കച്ചവടം നടത്താൻ എങ്ങനെയാണ് കഴിയുക? തൊട്ടടുത്ത ദിവസം യുദ്ധമൈതാനിയിൽ ഇരു സൈന്യങ്ങളും തമ്മിൽ പൊരിഞ്ഞ പോരാട്ടം നടന്നു. ഹദ്റത്ത് അബൂഉബയ്ദഃ(റ) സൈന്യത്തിന്റെ ഹൃദയമിടിപ്പായിനിന്ന് അതീവ ബുദ്ധികൂർമതയോടും ധൈര്യത്തോടും മുസ്‌ലീംകളെ നയിച്ചുകൊണ്ടു വമ്പിച്ച റോമാസൈന്യത്തെ കീഴടക്കി.

ഹുമസ് വിജയത്തിനുശേഷം ലാദ്ഖിയഃയുടെ കോട്ടകെട്ടിയ പട്ടണവും ഹദ്റത്ത് അബൂഉബയ്ദഃ(റ) സമർഥമായി കീഴടക്കി. എങ്ങനെയെന്നാൽ, രഹസ്യമായി ചില കിടങ്ങുകൾ കുഴിപ്പിച്ച് തന്റെ സൈന്യത്തിന്റെ ഒരുഭാഗം അവിടെ വിട്ടു. പുറപ്പെട്ടുപോകാൻ ബാക്കി സൈന്യത്തിന് നിർദേശം കൊടുത്തു. സൈന്യം താവളം വിട്ടു കഴിഞ്ഞിരിക്കുന്നുവെന്ന് ധരിച്ച ഉപരോധക്കാർ പട്ടണത്തിന്റെ അഭയകവാടം തുറന്നു. ഹദ്റത്ത് അബൂഉബയ്ദഃ(റ)യുടെ സൈന്യം കിടങ്ങുകളിൽനിന്ന് പുറത്തുചാടി പട്ടണത്തിൽ പ്രവേശിച്ചു.

**ഇസ്‌ലാമിക നീതിയുടെ ഗംഭീര മാതൃക:**

തുടർച്ചയായുള്ള ഈ പരാജയങ്ങൾക്കു ശേഷം റോമൻ രാജാവ് രാജ്യമൊട്ടുക്കുമുള്ള സൈന്യങ്ങളെ 'യർമൂക്ക്' എന്ന സ്ഥലത്ത് ഒരുമിച്ചുകൂട്ടി. ഹദ്റത്ത് അബൂഉബയ്ദഃ(റ) അവരെ നേരിടാൻ ജേർണൽമാരുമായി കൂടിയാലോചന നടത്തി. അതിൽ പിടിച്ചടക്കിയ പ്രദേശത്തുള്ള സകല സൈന്യങ്ങളേയും സംഘടിപ്പിച്ച് പോരാടാൻ തീരുമാനമായി. എന്നാൽ, ആ പരിതഃസ്ഥിതിയിൽ മുസ്‌ലിം സ്ത്രീകളേയും കുട്ടികളേയും ക്രൈസ്തവ വാസികളുടെ ദയാവായ്പിൽ വിടുക എന്നത് അപകടമുക്തമായിരുന്നില്ല. മറുഭാഗത്ത് പിടിച്ചടക്കിയ പ്രദേശങ്ങളിലെ ജനങ്ങളിൽനിന്ന് സംരക്ഷണ വാഗ്ദാനം നല്കി കപ്പവും നികുതിയും വാങ്ങുകയും ചെയ്തിരുന്നു. ആ ദുർഘടസന്ധിയിൽ സമുദായത്തിന്റെ വിശ്വസ്തൻ ഹദ്റത്ത് അബൂഉബയ്ദഃ(റ)യുടെ ഐതിഹാസികമായ തീരുമാനം, അദ്ദേഹത്തിന്റെ അമാനത്തു നിർവഹണത്തിന്റെ പ്രൗഢി നല്ലവണ്ണം പ്രകടമാക്കുന്നുണ്ട്. അദ്ദേഹം പറഞ്ഞു: 'കീഴടക്കിയ പ്രദേശങ്ങളിൽനിന്നുള്ള സൈന്യങ്ങൾ ദമസ്കസിൽ സംഘടിക്കുക. ഈ നേരത്ത് ഞങ്ങൾക്കു നിങ്ങളുടെ സംരക്ഷണച്ചുമതല ഏറ്റെടുക്കാൻ നിർവാഹമില്ല, അതുകൊണ്ടു നിങ്ങളുടെ സൂക്ഷിപ്പു മുതലുകൾ മടക്കി വാങ്ങിക്കൊള്ളുക' എന്നു പറഞ്ഞ് അവിടെത്തെ നിവാസികളിൽനിന്ന് പിരിച്ചെടുത്ത കപ്പവും നികുതിയും അവർക്കു തിരിച്ചുകൊടുക്കുക.'

അങ്ങനെ ഹുമുസിലെ ക്രിസ്ത്യാനികൾക്കും പിടിച്ചടക്കിയ മറ്റു പ്രദേശങ്ങളിലെ ആളുകൾക്കും ലക്ഷക്കണക്കിന് തുക മടക്കി നല്കി. ഈ അതുല്യമായ നീതിയും ന്യായവും അമാനത്തു തിരിച്ചുകൊടുക്കലും അവരെ വല്ലാതെ സ്വാധീനിച്ചു. അവർ പറഞ്ഞു, 'നിങ്ങളുടെ നീതിപൂർവമായ ഭരണം മുമ്പേനിലനിന്നുവന്ന അക്രമപരമായ ഭരണത്തെക്കാൾ ഞങ്ങൾക്കു ഉത്തമമാണ്.' മുസ്‌ലീംകൾ അവിടെനിന്ന് പുറപ്പെടാൻ ഒരുങ്ങുമ്പോൾ തദ്ദേശവാസികളായ ക്രിസ്ത്യാനികൾ കരഞ്ഞുകൊണ്ടാണ് അവരെ യാത്രയാക്കിയത്. ഹൃദയാവേശത്താൽ അവർ പ്രാർഥിച്ചു, ' അല്ലാഹു നിങ്ങളെ വീണ്ടും തിരിച്ചുകൊണ്ടുവരുമാറാകട്ടെ.' യഹൂദികൾ പറഞ്ഞതിങ്ങനെയാണ്, 'തൗറാത്താണ! നിങ്ങൾ ജീവിച്ചിരിക്കുന്നിടത്തോളം ഖയ്സറിന് ഹുമസിനെ കീഴടക്കാൻ സാധ്യമല്ല.' അങ്ങനെ അവർ നഗരത്തിന്റെ അഭയകവാടങ്ങൾ അടച്ചു. ഓരോയിടത്തും കാവൽക്കാരെ നിറുത്തി.

**യുദ്ധരംഗത്തും പ്രബോധനം:**

യർമൂക്ക് യുദ്ധത്തിനുമുമ്പേ ഇരു കക്ഷികളിൽ ദൗത്യമാറ്റമുണ്ടായപ്പോൾ റോമൻ സന്ദേശവാഹകനായ ജോർജ് ഇസ്‌ലാമിക സൈന്യതാവളത്തിൽ വന്ന് അവർ ജമാഅത്തായി നമസ്കരിക്കുന്നതു കണ്ട് അതിൽ പ്രഭാവിതനായി. പിന്നീടു ഹദ്റത്ത് അബൂഉബയ്ദഃ(റ) ഇസ്‌ലാമിന്റെ സന്ദേശം അദ്ദേഹത്തിനെത്തിക്കുകയും ഹദ്റത്ത് ഈസാ(അ)യെ കുറിച്ച് 'അദ്ദേഹം അല്ലാഹുവിന്റെ ദൂതനും അല്ലാഹുവിന്റെ വചനവുമാണ്' എന്ന നിസാ അധ്യായത്തിലെ വചനങ്ങൾ അദ്ദേഹത്തെ കേൾപ്പിക്കുകയും ചെയ്തപ്പോൾ സത്യത്തിനും നേരിനും സാക്ഷ്യം പറഞ്ഞുകൊണ്ട് അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചുവെന്നു മാത്രമല്ല തിരിച്ചു പോകാൻ വിസമ്മതിക്കുകയും ചെയ്തു. എന്നാൽ, 'സമുദായത്തിന്റെ വിശ്വസ്തൻ' ഹദ്റത്ത് അബൂഉബയ്ദഃ(റ) ഇസ്‌ലാമിന്റെ അംബാസഡറായ ഹദ്റത്ത് ഖാലിദിനോടൊപ്പം തിരിച്ചു പോകാൻ അദ്ദേഹത്തെ നിർബന്ധിച്ചു. അങ്ങനെ മാധ്യസ്ഥനോടു വിശ്വസ്തത പുലർത്തുന്ന കാര്യത്തിലും പോറലേൽക്കാൻ അനുവദിച്ചില്ല. ഈ മാധ്യസ്ഥ പ്രവർത്തനങ്ങൾ പരാജയപ്പെട്ടതിനുശേഷം ഹദ്റത്ത് അബൂഉബയ്ദഃ(റ) ഇസ്‌ലാമിക ചരിത്രത്തിലെ ഏറ്റവും വലിയ യുദ്ധത്തിന് നേതൃത്വം വഹിച്ചു. ഇതിൽ 30,000 മുസ്‌ലീംകൾ ലക്ഷക്കണക്കിനു വരുന്ന റോമൻ പട്ടാളത്തെ പരാജയപ്പെടുത്തുകയും 3000

ശേഷം പേജ് 6ൽ

## ഖുത്ബ ജുമുഅ

**ഫെബ്രുവരി 20 എന്ന ദിവസം അഹ്മദിയ്യാ ജമാഅത്തിൽ 'മുസ്‌ലിഹ് മൗഊദ് പ്രവചനം' എന്ന നിലയിലാണ് അറിയപ്പെടുന്നതെന്ന് നമുക്ക് അറിയാവുന്നതാണ്. ഇതൊരു വലിയ മഹത്തായ പ്രവചനമാണ്. ഇതിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഒരു മഹാനായ പുത്രൻ ജനിക്കുമെന്നുള്ള സുവാർത്ത നല്കപ്പെടുകയും അവന്റെ എണ്ണമറ്റ പ്രത്യേകതൾ വിവരിക്കപ്പെടുകയും ചെയ്തിരിക്കുന്നു. അവൻ ദീർഘായുഷ്മൻ ആയിരിക്കുമെന്ന സുവാർത്തയുമുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)സ്ഥാപിച്ച ജമാഅത്തിന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ കാലഘട്ടത്തിൽ അസാധാരണമായ അഭിവൃദ്ധി ഉണ്ടാകുമെന്ന പ്രവചനവുമുണ്ടായിരുന്നു. അൽമുസ്‌ലിഹ് മൗഊദ് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)ന്റെ 52 വർഷക്കാല ഖിലാഫത്തിൽ ഈ പ്രവചനത്തിന്റെ എല്ലാ ഭാഗങ്ങളും പദാനുപദം പൂർത്തിയായി എന്നതിന് അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രം സാക്ഷിയാണ്. നീതി ഇഷ്ടപ്പെടുന്ന ഒരുവന്, ആത്മീയമായ നയനങ്ങളുള്ള ഒരുവന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തിനുള്ള വളരെ വലിയ തെളിവാണ് ഈ പ്രവചനം.**

**പ്രവചനത്തിലെ 'സത്യത്തിന്റെ ആത്മാവിനാൽ ബഹുമാനിതനാകും' എന്ന പ്രവചനം ഉദ്ധരിച്ചുകൊണ്ടുള്ള ഹദ്റത്ത് 'മുസ്‌ലിഹ് മൗഊദ്(റ)ന്റെ ചില ഉദ്ധരണികളുടെ വെളിച്ചത്തിൽ ഈമാൻ ദൃഢീകരിക്കുന്ന വിശദീകരണങ്ങളുടെ ചർച്ച**

**വരും ദിവസങ്ങളിൽ ജമാഅത്തുകളിൽ ഈ പ്രവചനത്തെ സംബന്ധിച്ച് യോഗങ്ങളും നടക്കുന്നതാണ്. എം.ടി.ഏയിലും പരിപാടികൾ വന്നുകൊണ്ടിരിക്കുന്നു. ഈ പ്രവചനത്തിന്റെ ആഴത്തിലുള്ള അറിവുണ്ടാകുന്നതിന് ജമാഅത്തംഗങ്ങൾ അതിൽ കൂടുതലായി പങ്കെടുക്കേണ്ടതും കേൾക്കേണ്ടതുമാണ്. ഈ പ്രവചനത്തിൽ ധാരാളം ദൃഷ്ടാന്തങ്ങളുണ്ട്. എന്നല്ല ചിലർ 50, 55, 60 ദൃഷ്ടാന്തങ്ങൾ എടുത്തിട്ടുണ്ട്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)വിവരിച്ചിട്ടുള്ള പ്രത്യേകതകളും പ്രവചനത്തിന്റെ വിശദീകരണങ്ങളുമെല്ലാം വളരെ പ്രൗഢിയോടെ ആ മഹാത്മാവിൽ പുലരുകയുണ്ടായി.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

**ഖുത്ബ 2017 ഫെബ്രുവരി 17/1396 തബ്ലീഗ് 17**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ
اَلْحَمْدُ لِلّٰهِ رَبِّ الْعَالَمِيْنَ ـ اَلرَّحْمٰنِ الرَّحِيْمِ ـ مٰلِكِ يَوْمِ الدِّيْنِ ـ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ـ
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ـ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ـ

ഫെബ്രുവരി 20 എന്ന ദിവസം അഹ്മദിയ്യാ ജമാഅത്തിൽ 'മുസ്‌ലിഹ് മൗഊദ് പ്രവചനം' എന്ന നിലയിലാണ് അറിയപ്പെടുന്നതെന്ന് നമുക്ക് അറിയാവുന്നതാണ്. ഇതൊരു വലിയ മഹത്തായ പ്രവചനമായിരുന്നു. ഇതിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഒരു മഹാനായ പുത്രൻ ജനിക്കുമെന്നുള്ള സുവാർത്ത നല്കപ്പെടുകയും ആ വാഗ്ദത്ത സുതന്റെ എണ്ണമറ്റ പ്രത്യേകതകൾ വിവരിക്കപ്പെടുകയും ചെയ്തിരിക്കുന്നു. അവൻ ദീർഘായുഷ്മൻ ആയിരിക്കുമെന്ന സുവാർത്തയുമുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)സ്ഥാപിച്ച ജമാഅത്തിന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ കാലഘട്ടത്തിൽ അസാധാരണമായ അഭിവൃദ്ധി ഉണ്ടാകുമെന്ന പ്രവചനവുമുണ്ടായിരുന്നു. അൽമുസ്‌ലിഹ് മൗഊദ് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)ന്റെ 52 വർഷക്കാല ഖിലാഫത്തിൽ ഈ പ്രവനത്തിന്റെ എല്ലാ ഭാഗങ്ങളും പദാനുപദം പൂർത്തിയായി എന്നതിന് അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രം സാക്ഷിയാണ്. നീതി ഇഷ്ടപ്പെടുന്ന ഒരുവന്, ആത്മീയമായ നയനങ്ങളുള്ള ഒരുവന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തിനുള്ള വളരെ വലിയ തെളിവാണ് ഈ പ്രവചനം.

മൂന്നു ദിവസം കഴിഞ്ഞാൽ ഫെബ്രുവരി 20 വരികയായി. ഇന്നു ഞാൻ ഇതു സംബന്ധമായി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ വാക്കുകളിൽ കുറച്ചു ഉദ്ധരണികൾ കേൾപ്പിക്കുന്നതാണ്. അത് 'സത്യത്തിന്റെ ആത്മാവിനാൽ ബഹുമാനിതനാകും'എന്ന പ്രവചനം അദ്ദേഹത്തിൽ പുലർന്നു എന്നതിൽ വെളിച്ചം വീശുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)നെ 1914-ൽ അല്ലാഹു ഖിലാഫത്ത് സ്ഥാനത്ത് അവരോധിതനാക്കി. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ൽ പ്രവചനത്തിൽ പറഞ്ഞിട്ടുള്ള എല്ലാകാര്യങ്ങളും പൂർത്തിയായതായി കാണാൻ കഴിയുന്നു. അക്കാലത്തും ജമാഅത്തിലെ ഉലമായും ജമാഅത്തംഗങ്ങളിലെ ഭൂരിപക്ഷവും അവിടന്ന് തന്നെയാണ് മുസ്‌ലിഹ് മൗഊദെന്ന് മനസ്സിലാക്കിയിരുന്നു. പക്ഷേ, ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)സ്വയം ഇക്കാര്യം വിളംബരം ചെയ്തില്ല. അങ്ങനെ 1944 വർഷം വന്നെത്തി; അതായത് അവിടത്തെ ഖിലാഫത്തിന് 30 വർഷം തികഞ്ഞപ്പോൾ. അതിനുശേഷം അവിടന്ന് തന്റെ ഒരു സ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ താൻതന്നെയാണ് മുസ്‌ലിഹ് മൗഊദെന്ന് വിളംബരം ചെയ്തു. ഇങ്ങനേയും പറഞ്ഞു,' എന്റെ സ്വഭാവമനുസരിച്ച് ഇത് വിളംബരം ചെയ്യുന്നതും സ്വപ്നത്തിന്റെ മുഴുവൻ ഭാഗവും വിശദമായി വിവരിക്കുന്നതും വലിയഭാരവും വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നതുമായ കാര്യമാണ്. എന്നല്ല, തന്റെ പ്രകൃതത്തിന്റെ അടിസ്ഥാനത്തിൽ താൻ തന്റെ സ്വപ്നവും ഇൽഹാമുകളും പറയുന്നതിൽ മടിക്കുന്നയാളാണെന്ന് അവിടന്ന് പലസ്ഥലത്തും പറയുകയുണ്ടായി. പക്ഷേ, ചില കാരണങ്ങളാൽ ചിലകാര്യങ്ങൾ പറയേണ്ടതായി വരുന്നു. എന്തായാലും ആ മഹാത്മാവിനോടു ജമാഅത്തംഗങ്ങളും ഉലമായും മുസ്‌ലിഹ് മൗഊദെന്ന് വിളംബരം ചെയ്യാൻ മുമ്പേയും പറഞ്ഞിരുന്നു. പക്ഷേ, വിളംബരത്തിന്റെ ആവശ്യമില്ലെന്ന് അവിടന്ന് അവരോടു പറഞ്ഞുകൊണ്ടിരുന്നു. താൻ മുസ്‌ലിഹ് മൗഊദാണെങ്കിൽ, പ്രവചനം തന്നിൽ പുലർന്നുകൊണ്ടിരിക്കുന്നെങ്കിൽ അത് ശരിതന്നെയാണ്. അതിന് വാദത്തിന്റെ ആവശ്യമെന്താണ്. ആളുകൾക്ക് മറുപടി നല്കിക്കൊണ്ടു ഒരിക്കൽ അവിടന്ന് പറഞ്ഞു:ഉമ്മത്തെ മുസ്‌ലിമായിലെ മുജദ്ദിദുമാരുടെ ലിസ്റ്റ് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കാണിച്ചതിനുശേഷം പ്രസിദ്ധീകരിക്കുകയുണ്ടായി. അവരിൽ എത്രപേരാണ് വാദിച്ചിട്ടുള്ളത്? അവിടന്ന് പറയുന്നു: 'തനിക്ക് ഔറംഗസീബും അദ്ദേഹത്തിന്റെ കാലഘട്ടത്തിലെ മുജദ്ദിദായി കാണാൻ കഴിയുന്നുവെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞത് നേരിട്ട് ഞാൻ കേട്ടിട്ടുള്ളതാണ്. എന്നാൽ, അദ്ദേഹം വാദിച്ചിരുന്നുവോ?

അവിടന്ന് പറയുന്നു: 'നബിയല്ലാത്തവർക്ക് വാദം അനിവാര്യമല്ല. വാദം കേവലം ദൈനിയോഗിതരെ സംബന്ധിച്ചുള്ള പ്രവചനങ്ങളിൽ നിർബന്ധമാണ്. ദൈവനിയോഗിതരല്ലാത്തവരുടെ പ്രവർത്തനങ്ങളാണ് നോക്കേണ്ടതാണ്. പ്രവൃത്തി പൂർത്തിയാകുന്നത് കാണുകയാണെങ്കിൽ പിന്നീട് അയാൾ വാദിക്കേണ്ട ആവശ്യമെന്താണ്? ഇതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം നിഷേധിച്ചുകൊണ്ടുപോയാൽത്തന്നെയും അദ്ദേഹം തന്നെയാണ് പ്രവചനത്തിന്റെ പുലർച്ചയെന്ന് നമ്മൾ പറയുന്നതാണ്. ഉമർ ബിൻ അബ്ദുൽ അസീസ് മുജദ്ദിദാണെന്ന കാര്യം അദ്ദേഹം നിഷേധിച്ചാൽപോലും അദ്ദേഹം അദ്ദേഹത്തിന്റെ കാലഘട്ടത്തിലെ മുജദ്ദിദാണെന്ന് നമുക്കു പറയാവുന്നതാണ്. കാരണം മുജദ്ദിദിന് വാദിക്കേണ്ട ആവശ്യമില്ല. നബിയായിട്ടുള്ളവർക്കുമാത്രമാണ് വാദം നിർബന്ധമായി വരുന്നത്. തങ്ങളുടെ കാലഘട്ടിൽ വീഴാൻപോകുന്ന ഇസ്‌ലാമിനെ താങ്ങി നിറുത്തുന്നവരെ, ശത്രുക്കളുടെ ആക്രമണങ്ങളെ തകർക്കുന്നവരെ-അവർക്ക് അവരെക്കുറിച്ച് അറിയില്ലെങ്കിൽത്തന്നെയും അവർ മുജദ്ദിദാണെന്ന് നമുക്ക് പറയാവുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊ

ദ്(അ)നെപോലെ ദൈവനിയോഗിതരായിട്ടുള്ള മുജദ്ദിദുമാരാണ് വാദിക്കുന്നത്. അതിനാൽ മുസ്‌ലിഹ് മൗഊദാണെന്ന് വാദിക്കേണ്ടതോ എതിരാളികൾ പറയുന്ന കാര്യങ്ങൾ കേട്ട് പരിഭ്രമിക്കേണ്ടതോ ആയ ഒരു ആവശ്യവുമെനിക്കില്ല. അതിൽ നിന്ദാപരമായ ഒരു കാര്യവുമില്ല. ഭൗതിക ദൃഷ്ടികളിൽ മനുഷ്യൻ നിന്ദ്യനായി മനസ്സിലാക്കപ്പെടുന്നെങ്കിൽത്തന്നെയും അല്ലാഹുവിൽനിന്ന് ലഭിക്കുന്നതാണ് യഥാർഥ അന്തസ്സ്. അവൻ ദൈവവഴിയിൽ നടക്കുകയാണെങ്കിൽ അവന്റെ തിരുസന്നിധിയിൽ തീർച്ചയായും ആദരണീയനായിരിക്കും. ഒരുവൻ വ്യജത്തോടെ പ്രവർത്തിക്കുകയാണെങ്കിൽ തന്റെ തെറ്റായവാദത്തെ സ്ഥാപിക്കുകയും തന്റെ സാമർഥ്യവും തന്ത്രവുംകൊണ്ട് ജനങ്ങളിൽ വിജയം വരിക്കുകയും ചെയ്യുകയാണെങ്കിൽത്തന്നെയും അല്ലാഹുവിന്റെ തിരുസന്നിധയിൽ അവന് അന്തസ്സ് കരസ്ഥമാക്കാൻ സാധിക്കുകയില്ല. അല്ലാഹുവിന്റെ തിരുസന്നിധിയിൽ അന്തസ്സ് കരസ്ഥമാക്കാത്തവൻ ബാഹ്യമായ നിലയിൽ എത്ര അന്തസുള്ളവനാണെന്ന് മനസ്സിലാക്കപ്പെട്ടാൽത്തന്നെയും എല്ലാം കളഞ്ഞവനാണ്; കരസ്ഥമാക്കിയവനല്ല. അവസാനം ഒരു ദിവസം അവൻ നിന്ദ്യനായിത്തീരുന്നതാണ്.

അതുകൊണ്ട് ആത്മീയവും ഭൗതികവുമായ കാര്യങ്ങളിൽ എപ്പോഴും സത്യസന്ധത പുലർത്തുക. ആരാണോ അല്ലാഹുവിനുവേണ്ടി നഷ്ടം പേറുന്നത് അവൻ യഥാർത്ഥിൽ ഫലത്തിലാണുള്ളത്. അടിസ്ഥാനപരമായ ഒരു കാര്യം കൂടി ഇതുസംബന്ധമായി അവിടന്ന് പറയുകയുണ്ടായി: 'ഏതൊരു സത്യസന്ധതയോടുകൂടിയാണോ അല്ലാഹു ഉള്ളത് ആരെയാണോ അല്ലാഹു സത്യസന്ധനായി മനസ്സിലാക്കുന്നത് അവൻ അല്ലാഹുവിന്റെ കർമപരമായ സാക്ഷ്യം കൊണ്ടും വെളിവാക്കപ്പെടുന്നതാണ്. അവന് വാദിക്കേണ്ടതോ വിളംബരം ചെയ്യേണ്ടതോ ആയ ആവശ്യമില്ല. അതേ, അവൻ വാദിക്കണമെന്ന് അല്ലാഹു ഉദ്ദേശിച്ചാൽ അവന്റെ വിളംബരവും നടക്കുന്നതാണ്. അല്ലാഹുവിന്റെ ഇച്ഛയ്ക്കനുസരിച്ചാണ് അവൻ പ്രവൃത്തിക്കുന്നതെന്നോ അല്ലെങ്കിൽ അല്ലാഹുവിൽനിന്നുള്ളവനാണെന്നോ ഇനി ആർക്കെങ്കിലും ഉരച്ചുനോക്കണമെങ്കിൽ പിന്നീട് അവനുണ്ടാകുന്ന അല്ലാഹുവിന്റെ സഹായങ്ങളുടെ അടിസ്ഥാനത്തിൽ ഉരച്ചുനോക്കേണ്ടതാണ്.' എന്തായാലും വാദിക്കുക എന്ന് അല്ലാഹു പറഞ്ഞപ്പോൾ താൻതന്നെയാണ് മുസ്‌ലിഹ് മൗഊദിനെ കുറിച്ചുള്ള പ്രവചനങ്ങളുടെ സാക്ഷാൽക്കാരമെന്ന് പിന്നീട് അവിടന്ന് വാദിക്കുകയും ചെയ്തു. ഈ വാദത്തോടെ ഒരുഭാഗത്ത് ജമാഅത്തംഗങ്ങൾ സന്തോഷിച്ചപ്പോൾ മറുഭാഗത്ത് ഖിലാഫത്തിന് ബയ്അത്തു ചെയ്യാതെ ഭിന്നിച്ചുപോയവർ ആക്ഷേപങ്ങളും ഉന്നയിക്കാൻ തുടങ്ങി. അങ്ങനെ 1945 ലെ ജൽസസാലാനയുടെ 27-ാം തിയതി ചെയ്ത പ്രഭാഷണത്തിൽ ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ), മൗലവി മുഹമ്മദ് അലി സാഹിബിന്റെ വിവരണം ഉദ്ധരിച്ചുകൊണ്ട് പറഞ്ഞു:

'ഞാൻ മുസ്‌ലിഹ് മൗഊദാണെന്ന് വാദിച്ചതുമുതൽ മൗലവി ഥനാവുല്ലാഹ് സാഹിബ് ആക്ഷേപം ഉന്നയിച്ചിരുന്നതുപോലെ മൗലവി മുഹമ്മദ് അലി സാഹിബ് ആക്ഷേപം ഉന്നയിക്കാൻ തുടങ്ങി. ഞാൻ സ്വപ്നമോ ഇൽഹാമോ കേൾപ്പിക്കുകയും അല്ലാഹുവിന്റെ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ വിളംബരം ചെയ്യുകയും ചെയ്യുമ്പോൾ മൗലവി മുഹമ്മദ് അലി സാഹിബ് അതിനെതിരിൽ സ്വപ്നമോ ഇൽഹാമോ സമർപ്പിക്കുന്നില്ല. അദ്ദേഹത്തിന് സമർപ്പിക്കാനും കഴിയില്ല. എന്തുകൊണ്ടെന്നാൽ അദ്ദേഹം തന്റെ സകല ശക്തിയും ചെലുത്തിയിട്ടും 30 വർഷം മുമ്പേ എനിക്കുണ്ടായ ഒരു പഴയകാല ഇൽഹാമാണ് അദ്ദേഹത്തിന് സമർപ്പിക്കാൻ കഴിഞ്ഞത്. എന്നാൽ, അതും സംഭവങ്ങളുടെ അടിസ്ഥാനത്തിൽ തെറ്റാണെന്ന് തെളിഞ്ഞു. ഇൽഹാം ഉണ്ടായിട്ടുതന്നെയില്ലെങ്കിൽ അതെങ്ങനെ സമർപ്പിക്കാനാണ്? ഇപ്പോൾ ആക്ഷേപങ്ങളല്ലാതെ അദ്ദേഹത്തിന്റെ പക്കൽ ഒന്നുംതന്നെയില്ല. ഇനി അദ്ദേഹം ആക്ഷേപിക്കുന്നില്ലെങ്കിൽ അദ്ദേഹത്തിന് നേരിടാൻ കഴിയുന്നതെങ്ങനെ? ഹദ്‌റത്ത് ഇബ്‌റാഹീം, ഹദ്‌റത്ത് മൂസാ, ഹദ്‌റത്ത് ഈസാ തുടങ്ങിയവരുടെ ശത്രുക്കൾക്ക് ഇൽഹാം ഉണ്ടാകുകയേ ഇല്ലെന്ന് നിഷേധിച്ചുപറയാൻ സാധിക്കുമായിരുന്നില്ല. കാരണം അവർക്കുമുമ്പേയുള്ള പ്രവാചകന്മാർക്ക് ഇൽഹാമുണ്ടായിരുന്നു. അവർ അതിൽ വിശ്വസിച്ചിരുന്നു. അതുകൊണ്ട് ആ നബിമാരെ നിഷേധിച്ചിരുന്നവർ ഇൽഹാം എന്നൊന്നില്ല എന്ന് പറഞ്ഞിരുന്നില്ല. തങ്ങളുടെ കാര്യം സ്ഥാപിക്കുന്നതിനും നബിമാർക്കെതിരെ പോരാടുന്നതിനുംവേണ്ടി അവർ പറഞ്ഞത് അയാളുടെ ഇൽഹാം അയാൾ സ്വയം കൃതിച്ചുണ്ടണ്ടാക്കിയതാണെന്നാണ്. നബി (സ) തിരുമേനിക്കെതിരെ കറ്റുകെട്ടി പറയുന്നവരുടെ രഹസ്യം പുറത്തുവരാൻ (വ്യക്തമാകാൻ) അവർക്ക് അല്ലാഹു ഇൽഹാം നല്കുക എന്നതായിരുന്നു അവന്റെ ആത്മാഭിമാനത്തിന്റെ തേട്ടം. പക്ഷേ, അവർക്ക് ഇൽഹാം നല്കാതെ അവരെ അതിൽനിന്ന് തടഞ്ഞതുതന്നെ പറയുന്നു നബി(സ)തിരുമേനി സത്യത്തിലായിരുന്നുവെന്നും ആ മഹാത്മാവിന്റെ ശത്രു യഹൂദിയും ക്രിസ്ത്യാനിയും അസത്യത്തിലായിരുന്നവെന്നും! അതുപോലെ ഇന്ന് എന്റെ ഇൽഹാം വ്യജമാണെന്നാണ് മുഹമ്മദ് അലി സാഹിബ് പറയുന്നത്. പക്ഷേ, അദ്ദേഹം താൻ സത്യത്തിലാണെന്നും ഞാൻ അസത്യത്തിലാണെന്നുമുള്ളതിന് തെളിവായി എന്തുകൊണ്ട് അല്ലാഹു എനിക്കെതിരിൽ അദ്ദേഹത്തിന് സത്യമായ ഇൽഹാം നല്കുന്നില്ല.'

അവിടന്ന് പറയുന്നു, 'കാര്യം അത്ഭുതകരം തന്നെ! ഒരാൾ രാപകൽ അല്ലാഹുവിന്റെ സൃഷ്ടികളെ വഴിപിഴപ്പിക്കുന്നു. പകലും രാത്രിയും അവന്റെ ദാസരെ വഞ്ചനയിലൂടേയും ചതിയിലൂടേയും തെറ്റായ വഴിയിലേക്ക് കൊണ്ടുപോകുന്നു. എന്നിട്ടും അല്ലാഹുവിന് ആത്മീയരോഷം ഉണ്ടാകുന്നില്ലത്രെ! അല്ലഹുവിന് ആത്മീയരോഷം ഉണ്ടാകുന്നില്ലെങ്കിൽ അതിനു കാരണം മൗലവി സാഹിബ് അവന്റെ സാമീപ്യത്തിൽനിന്ന് വളരെ ദൂരെയാണെന്ന് അവൻ തീർച്ചയായും അറിയുന്നു എന്നല്ലാതെ മറ്റൊന്നുമല്ല. അതുകൊണ്ട് അല്ലാഹു അദ്ദേഹത്തിന് ഇൽഹാം ഇറക്കിയില്ല. സത്യത്തിന്നെതിരിൽ തുടക്കം മുതലെ അദ്ദേഹത്തിൽനിന്ന് നിഷേധമുണ്ടായിക്കൊണ്ടിരിക്കുകയും ചെയ്തു. ഉണ്ടായിക്കൊണ്ടേ പോകുകയും ചെയ്യും."(അൻവാറുൽ ഉലൂം വാള്യം നമ്പർ 18 പേജ് 240-241)അതായത് സത്യത്തിന്നെതിരിൽ എതിരാളികളുടെ പരമ്പര.

അതിനാൽ ആക്ഷേപം ഉന്നയിക്കുന്നവർ എപ്പോഴും ആക്ഷേപം ഉന്നയിച്ചുകൊണ്ടേ ഇരുന്നിട്ടുണ്ട്. പക്ഷേ, അതിനെ ഖണ്ഡിക്കുന്നതിന് ഒരു കാര്യവും സമർപ്പിച്ചിട്ടില്ല. അല്ലാഹുവിനെ സാക്ഷിയാക്കിക്കൊണ്ട് അവർക്കങ്ങനെ ചെയ്യാനും പറ്റുകയില്ല. അതായത് അല്ലാഹുവിനെ സാക്ഷിയാക്കിക്കൊണ്ട് തങ്ങളുടെ ഇൽഹാം അല്ലെങ്കിൽ സ്വപ്നങ്ങൾ അല്ലെങ്കിൽ ജാഗ്രദർശനങ്ങൾ സമർപ്പിക്കാൻ അവർക്ക് സാധിക്കുകയുമില്ല.

ഇനി ഞാൻ ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ) താൻ മുസ്‌ലിഹ് മൗഊദാണെന്ന് വാദിച്ച അവസരത്തിൽ വിവരിച്ച ചില ഇൽഹാമുകളേയും സ്വപ്നങ്ങളേയും കുറിച്ച് പറയുകയാണ്.

അവിടന്ന് പറയുന്നു:'ഈ സ്ഥാനത്തേക്ക് സൂചനനല്കുന്ന കാര്യമാണ് ഏറ്റവും ആദ്യത്തേത്. അതായത് ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതത്തിൽ എനിക്കുണ്ടാകുകയും ഞാൻ പോയി ഹദ്‌റത്ത് മസീഹ് മൗഊദ്(അ)നോടു പറയുകയും ചെയ്ത എന്റെ ഇൽഹാമാണത്. ഹദ്‌റത്ത് മസീഹ് മൗഊദ്(അ)അത് തന്റെ നോട്ടുബുക്കിൽ എഴുതിവച്ചു. ആ ഇൽഹാം ഞാൻ പലവട്ടവും കേൾപ്പിച്ചിട്ടുളളതാണ്. (അവിടന്ന് ആളുകളോടു പറയുന്നു:)ഞാൻ അത് ഖിലാഫത്തിനെ സംബന്ധിച്ചാണെന്നാണ് ആദ്യം മനസ്സിലാക്കിയിരുന്നത്. എന്നാൽ, ഇപ്പോൾ എന്റെ മനസ്സ് ഈ ഇൽഹാം എനിക്ക് അല്ലാഹുവിൽനിന്ന് ലഭിക്കാൻ പോകുന്ന എന്റെ സ്ഥാനത്തെ സംബന്ധിച്ചാണെന്നതിലേക്ക് മാറി. ആ ഇൽഹാം ഇതായിരുന്നു: *ഇന്നല്ലദീനത്തബഊക്ക ഫൗഖല്ലദീന കഫറൂ ഇലാ യൗമിൽ ഖിയാമത്തി* തീർച്ചയായും അല്ലാഹു നിന്നെ പിന്തുടരുന്നവരെ പുനരുഥാന നാൾവരേയും നിന്നെ നിഷേധിച്ചവർക്കുമേൽ വിജയിപ്പിച്ചു വെക്കുന്നതാണ്.' അവിടന്ന് പറയുന്നു: 'ഇതിൽ ഒരു സൂക്ഷ്മമായ സൂചനയുണ്ട്.(ഒരു അതിസൂക്ഷ്മമായ സൂചനയുണ്ട്).അത് പ്രവചനം പൂലരുന്നതിന്റെ ക്രമത്തിലധിഷ്ഠിതമാണ്. അതെന്താണെന്നാൽ, ഈ ഇൽഹാം ഹദ്‌റത്ത് ഈസാ(അ)ക്കുണ്ടായതാണ്. അതിനെക്കുറിച്ച് വിശുദ്ധ ഖുർആനിൽ പറയുന്നുണ്ട്. എന്നാൽ, അവിടെയുള്ള വാക്കുകൾ *വ ജാഇലുല്ലദീനത്തബഊക്ക ഫൗഖല്ലദീന കഫറൂ ഇലാ യൗമിൽ ഖിയാമത്തി* എന്നാണ്.(3:56) ഇവിടെ ഉണ്ടായ ഇൽഹാം *ഇന്നല്ലദീനത്തബഊക്ക ഫൗഖല്ലദീന കഫറൂ ഇലാ യൗമിൽ ഖിയാമത്തി* എന്നാണ്. അതിനു കാരണം ഹദ്‌റത്ത് ഈസാ(അ)ന്റെ വാദം മൂസവി പരമ്പരയുടെ അവസാന നുബുവ്വത്തിന്റേതായിരുന്നു. ഇത്തരത്തിലുള്ള നുബുവ്വത്തിനെ സംബന്ധിച്ച് ആദ്യം ആളുകളുടെ എതിർപ്പ് തീർച്ചയായുമുണ്ടാകുന്നു. പിന്നീട് ഒരു ദീർഘകാലത്തിനുശേഷം അവർ ഈ നബിയിൽ വിശ്വസിക്കുന്നു. പക്ഷേ, മുസ്‌ലിഹ് മൗഊദിനെ കുറിച്ചുള്ള പ്രവചനത്തിന്റെ പാത്രത്തിന് അല്ലാഹു ആദ്യം ഖലീഫയാക്കാൻ ആഗ്രഹിച്ചിരുന്നതുകൊണ്ടും ഖലീഫയ്ക്ക് ക്ഷണത്തിൽ നിലവിലുള്ള ജമാഅത്ത് കൈവരുന്നതുകൊണ്ടും ഇവിടെ *ജാഇലുല്ലദീന* എന്ന ഭാഗത്തിന്റെ ആവശ്യമില്ലായിരുന്നു. അതിനാൽ *ഇന്നല്ലദീനത്തബഊക്ക ഫൗഖല്ലദീന കഫറൂ ഇലാ യൗമിൽ ഖിയാമത്തി* എന്നു പറഞ്ഞുകൊണ്ട് അല്ലാഹു ഇക്കാര്യത്തിലേക്ക് സൂചനനല്കുകയായിരുന്നു. അല്ലാഹു നിനക്ക് ഒരുനാൾ നിലവിലുള്ള ഒരു ജമാഅത്ത് നല്കുന്നതാണ്. പിന്നീട് ആ ജമാഅത്തിന്റെ ബന്ധം നീയുമായി ശക്തിപ്പെടുത്തിക്കൊണ്ടുപോകുന്നതാണ്. അങ്ങനെ ഒരുനാൾ അത് നിന്റെ ജമാഅത്തെന്ന് ഛായാപരമായനിലയിൽ പറയപ്പെടുന്നതാണ്. കുറച്ച് എതിരാളികളും നിനക്കുണ്ടാകും. എന്നാൽ, നിനക്ക് ബയ്അത്ത് ചെയ്യുന്നവർക്ക് അല്ലാഹു പുനരുഥാന നാൾവരെ നിന്റെ നിഷേധികളുടെമേൽ വിജയം നല്കുന്നതാണ്. ഈ വിജയം നീ ഇമാമാകുന്നതോടെ ആരംഭിക്കുന്നതാണ്. ജാഇലുല്ലദീനത്തബഊക്ക ആളുകൾ എപ്പോഴാണ് വിശ്വസിക്കുക എന്ന പ്രതീക്ഷയിലിരിക്കേണ്ട ആവശ്യം അന്നുണ്ടാകുകയില്ല. അല്ലെങ്കിൽ ഭൂരിഭാഗവും എതിർക്കുക, ഫത്‌വ പുറപ്പെടുവിക്കുക, പരിഹസിക്കുക, നി

ന്ദിക്കാനും തരം താഴ്ത്താനും ശ്രമിക്കുക, ഉന്മൂലനം ചെയ്യുന്നതിനും നശിപ്പിക്കുന്നതിനുമുള്ള തന്ത്രങ്ങൾ മെനയുക ലോകത്തിലെ ഒരറ്റംമുതൽ മറ്റേ അറ്റംവരെ എതിർപ്പിന്റെ കൊടുംങ്കാറ്റ് വീശുക തുടങ്ങിയതന്റെ ഒന്നും ആവശ്യമുണ്ടാകുകയില്ല. മറിച്ച് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉണ്ടാക്കിയിട്ടുള്ള ജമാഅത്തിന്റെ ഭൂരിഭാഗവും നിന്നെ((ഹദ്റത്ത് മുസ്‌ലിഹ് മൗഊദിനെ) ഏല്പിക്കുന്നതാണ്. ഏതൊരു ദിവസമാണോ ഈ ജമാഅത്ത് നിനക്ക് ഏല്പിക്കപ്പെടുന്നത് ആ ദിവസം മുതൽ നിന്നെ വിശ്വസിക്കുന്നവർക്ക് നിന്റെ എതിരാളികളുടെമേൽ വിജയവും ഉണ്ടായിത്തുടങ്ങുന്നതാണ്."

അവിടന്ന് പറയുന്നു: 'നോക്കുക! അങ്ങനെ തന്നെ സംഭവിച്ചു. ഹദ്റത്ത് ഈസാ(അ)ന്റെ ജമാഅത്തിന് 300 വർഷത്തിനുശേഷമാണ് വിജയമുണ്ടായത്. പക്ഷേ, ഇവിടെ അല്ലാഹു ഏതൊരു നേരത്താണോ എന്നെ ഖിലാഫത്ത് സ്ഥാനത്ത് അവരോധിച്ചത് അതിനു ശേഷം കുറച്ചു ആഴ്ചകൾക്കുള്ളിൽത്തന്നെ എനിക്കെതിരിൽ എഴുന്നേറ്റു നിന്നവർ, എന്റെ സ്ഥാനത്തെ നിഷേധിച്ചവർ അതായത് പേഗാമികൾ അല്ലാഹു അവരുടെമേൽ എനിക്കും എന്റെ സുഹൃത്തുക്കൾക്കും വിജയം നല്കാൻ തുടങ്ങി. ആ വിജയം അല്ലാഹുവിന്റെ കൃപയാൽ നിത്യേന വർധിച്ചുകൊണ്ടുപോകുകയാണ്. പേഗാമികൾ ഇന്നു പറഞ്ഞുകൊണ്ടിരിക്കുന്നത് ഒരു സ്വപ്നത്തെ അവലംബമാക്കിക്കൊണ്ടിരിക്കുന്നുവെന്നാണ്.(അതായത് ഏതൊരു സ്വപ്നത്തെ അടിസ്ഥാനമാക്കിയാണോ അവിടന്ന് മുസ്‌ലിഹ് മൗഊദാണെന്ന് വാദിച്ചത് അതാണ് പറഞ്ഞതിന്റെ ഉദ്ദേശ്യം). അവിടന്ന് പറയുന്നു:'വാസ്തവത്തിൽ അതും സ്വപ്നമല്ല. കാരണം അതിൽ വാക്കുകളാണുള്ളത്. എന്നാൽ, ഞാൻ മുകളിലെഴുതിയ ഇൽഹാം 40 വർഷം മുമ്പേയുള്ളതാണ്. ഞാൻ ഒരു ജമാഅത്തിന്റെ ഇമാമാകുമെന്ന് അല്ലാഹു എന്നെ അറിയിച്ചു. കുറച്ചുഭാഗം എന്നെ എതിർക്കുമെന്നും പറഞ്ഞു. അധികവും എന്നോടൊപ്പം ചേരുന്നതാണ്. അവർക്ക് അല്ലാഹു പുനരുഥാന നാൾവരെ മറ്റുള്ളവരുടെമേൽ വിജയം നല്കുന്നതാണ്. (അവർ ഖിലാഫത്തുമായി ബന്ധപ്പെട്ടിരിക്കുന്നതാണ്). നിന്നെ വിശ്വസിക്കുന്നവർക്ക് നിന്നെ നിഷേധിക്കുന്നവരുടെമേൽ പുനരുഥാനനാൾവരെ അല്ലാഹു വിജയം നല്കുമെന്ന് പറഞ്ഞത് സൂചിപ്പിക്കുന്നത് അല്ലാഹു ഒരു ദിവസം എനിക്ക് ഛായാപരമായ നിലയിൽനബിമാരുടെ അതായത് നാസിരി മസീഹിന്റേയും മുഹമ്മദീ മസീഹിന്റേയും പേരു നല്കാൻ പോകുന്നുവെന്നാണ്. കാരണം ഖലീഫയുടെ ജമാഅത്ത് അദ്ദേഹത്തിന്റെ ജീവിതകാലം വരെയാണ്. വഫാത്തിനുശേഷം വെറും നബിമാരുടെ ജമാഅത്ത് അല്ലെങ്കിൽ അവരുടെ പ്രതിച്ഛായകളുടെ ജമാഅത്താണ് മുന്നോട്ടുപോകുന്നത്. ഇപ്രകാരംതന്നെ കഫറൂ എന്ന പദവും ഇതിലേക്കാണ് സൂചനനല്കുന്നത്. അതായത് ഖിലാഫത്തിനുശേഷം എനിക്ക് മറ്റൊരു പദവി കിട്ടാൻ പോകുന്നു. അത് ചില നബിമാരുടെ ഛായാപരമായ നിലയിലായിരിക്കും. *സുബ്ഹാനല്ലാഹി ലാ യുസ്അലു അമ്മാ യഫ്അലു.*"(ഖുത്ബാത്തെ മഹ്മൂദ് വാല്യം 25 പേജ് 87-89)

അവിടന്ന് പറയുന്നു:'ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതകാലത്തുതന്നെ ഞാൻകണ്ട ജാഗ്രദർശനമാണ് രണ്ടാമത്തേത്. അതും അതേ സ്ഥാനത്തിലധിഷ്ഠിതമാണ്. ഞാൻ കണ്ടു, ഹദ്റത്ത് മസീഹ് മൗഊദ്(അ)താമസിക്കുന്ന മുറിയിൽനിന്ന് ഞാൻ പുറത്തേക്കിറങ്ങുകയും പുറത്ത് മുറ്റത്തുവരികയും ചെയ്തു. അവിടെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ഇരിക്കുന്നു. ആ നേരത്ത് ഒരാൾ 'ഇത് കുറച്ച് നിനക്കുള്ളതും കുറച്ച് മസീഹ് മൗഊദിനുള്ളതുമാ'ണെന്ന് പറഞ്ഞ് ഒരു പാർസൽ തന്നിട്ട് പോയി. ജാഗ്രദർശനാവസ്ഥയിൽ ഞാൻ ആ പാർസലിൽ എഴുതിയിരുന്ന മേൽവിലാസം നോക്കിയപ്പോൾ അവിടേയും രണ്ടു പേർ എഴുതിയിരിക്കുന്നത് കണ്ടു. മേൽവിലാസം എഴുതിയിരിക്കുന്നതിങ്ങനെയാണ്. മുഹ്‌യുദ്ദീനേയും മുഈനുദ്ദീനേയും കാണുക. അവിടന്ന് പറയുന്നു: കശ്ഫിൽ ഞാൻ മനസ്സിലാക്കുന്നത് അതിൽ ഒരു പേരു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേതാണെന്നാണ്; രണ്ടാമത്തേത് എന്റേയും. അന്ന് ഞാൻ കുട്ടിയായിരുന്നു. ഹദ്റത്ത് മുഹ്‌യുദ്ദീൻ സാഹിബ് ഇബ്നു അറബിയുടെ പേര് ഞാൻ കേട്ടിട്ടുണ്ടായിരുന്നില്ല. ഔറംഗസീബിനെ കുറിച്ചു മാത്രമേ കേട്ടിരുന്നുള്ളൂ. അദ്ദേഹത്തിന്റെ പേര് മുഹ്‌യുദ്ദീൻ എന്നായിരുന്നു. അതുകൊണ്ട് മുഹ്‌യുദ്ദീൻ എന്നതുകൊണ്ടുള്ള ഉദ്ദേശ്യം ഞാനാണെന്ന് മനസ്സിലാക്കി. ഹദ്റത്ത് മുഈനുദ്ദീൻ ചിശ്തി എന്ന പ്രസിദ്ധനായ ഒരു മാഹാത്മാവ് ഇന്ത്യയിൽ കഴിഞ്ഞു കടന്നിട്ടുണ്ട്. അതുകൊണ്ട് ഞാൻ മനസ്സിലാക്കി മുഈനുദ്ദീൻ എന്നതുകൊണ്ടുള്ള ഉദ്ദേശ്യം ഹദ്റത്ത് മസീഹ് മൗഊദ്(അ) ആണെന്ന്. എന്നാൽ, പി ന്നീട് ഹദ്റത്ത് മുഹ്‌യുദ്ദീൻ സാഹിബ് ഇബ്നു അറബി എന്ന ഒരു വളരെ വലിയ മഹാത്മാവും കഴിഞ്ഞു കടന്നിട്ടുണ്ടെന്ന് എനിക്കുമനസ്സിലായി. അപ്പോൾ മുഹ്‌യുദ്ദീൻ എന്നതിന്റെ ഉദ്ദേശ്യം ദീനിനെ ജീവിപ്പിച്ച ഹദ്റത്ത് മസീഹ് മൗഊദ്(അ)ആണെന്ന് ഞാൻ മനസ്സിലാക്കി; മുഈനുദ്ദീൻ എന്നതുകൊണ്ടുള്ള ഉദ്ദേശ്യം ദീനിനെ സഹായിച്ച ഞാനും. അതിനാൽ ദീനിനെ ജീവിപ്പിച്ചയാൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) ആകുന്നു. ദീനിനെ സഹായിക്കുകയും പിന്തുണയ്ക്കുകയും ചെയ്തയാൾ ഞാനുമാകുന്നു; മാതാവ് കുട്ടിയെ പ്രസവിക്കുകയും വളർത്തമ്മ കുട്ടിയ്ക്ക് പാല് കുടിപ്പിക്കുകയും ചെയ്യുന്നതുപോലെ."(ഖുത്ബാത്തെ മഹ്മൂദ് വാല്യം 25 പേജ് 89-90)

വീണ്ടും അവിടന്ന് പറയുന്നു:'എനിക്ക് മൂന്നാമത്തെ ഇൽഹാമുണ്ടായത് ഈ രീതിയിലാണ്. പക്ഷേ, അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വഫാത്തിനുശേഷമായിരുന്നു. അതിതാണ്: *ഇഅ്മലൂ ആല ദാവൂദ് ശുക്റൻ* അല്ലയോ ദാവൂദിന്റെ കുടുംബമേ! നിങ്ങൾ അല്ലാഹുവിനോടു നന്ദി കാണിച്ചുകൊണ്ട് അവന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുക. ഈ ഇൽഹാം മുഖേന ഇഅ്മലൂ എന്നു പറഞ്ഞുകൊണ്ട് അല്ലാഹു തന്റെ ഇഷ്ടത്തിനനുസരിച്ച് പൂർണമായും കർമം ചെയ്യാൻ നമുക്ക് കല്പന നല്കിയിരിക്കുന്നു. ദാവൂദിന്റെ കുടുംബമെന്നു പറഞ്ഞുകൊണ്ട് അല്ലാഹു എന്നെ ഹദ്റത്ത് സുലയ്മാൻ(അ)നുമായി സാദൃശ്യപ്പെടുത്തിയിരിക്കുകയാണ്. ഹദ്റത്ത് സുലയ്മാൻ(അ), ഹദ്റത്ത് ദാവൂദ്(അ)നുശേഷം ഖലീഫയായിരുന്നു. അദ്ദേഹത്തിന്റെ മകനുമായിരുന്നു."

അവിടന്ന് പറയുന്നു, എനിക്കോർമയുണ്ട്. ആ നേരത്ത് ഈ ഇൽഹാം വളരെ ശക്തമായിട്ടാണുണ്ടായത്. വളരെ സമയം എന്നിൽ ഈ ഇൽഹാം ഇറങ്ങുന്നതിന്റെ അവസ്ഥ നവവമായി നിന്നിരുന്നു. അത് എത്രമാത്രം വ്യക്തമായിരുന്നുവെന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ് (അ)വഫാത്തായി കഴിഞ്ഞിട്ടും ഞാൻ പ്രഭാത സവാരിക്കുപോകുമ്പോൾ എന്റെ സമപ്രായക്കാരായ ചിലരോടു ഈ ഇൽഹാമിനെ കുറിച്ച് പറയുമ്പോൾ ക്ഷണത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) മരിച്ചുപോയി എന്ന വിചാരം എന്റെ മനസ്സിൽനിന്ന് നീങ്ങിപ്പോകുകയും ഓടിപ്പോയി ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ഇതു പറയാനുള്ള അഭിനിവേശം ഉണ്ടാകുകയും ചെയ്തു."(ഖുത്ബാത്തെ മഹ്മൂദ് വാല്യം 25 പേജ് 90)

അവിടന്ന് പറയുന്നു: 'ഈ സ്വപ്നത്തെ സാക്ഷ്യപ്പെടുത്തുന്ന നാലാമത്തെ സാക്ഷ്യം (മുസ്‌ലിഹ് മൗഊദാണെന്ന് അല്ലാഹു കാണിച്ചുകൊടുത്ത സ്പനം)എന്റെ ഈ കശ്ഫ് അഥവാ ജാഗ്ര ദർശനമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്ത്തുദ്ദുആയിൽ ഇരുന്ന് ദുആ ചെയ്യുന്നതായി ഞാൻ കണ്ടു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇബ്റാഹീമാണെന്ന് ക്ഷണത്തിൽ എനിക്ക് വെളിവാക്കപ്പെട്ടു. പിന്നീട് ഈ ഉമ്മത്തിൽ വേറേയും ധാരാളം ഇബ്റാഹീമുമാർ ഉണ്ടായിട്ടുണ്ടെന്ന് അല്ലാഹുവിൽനിന്ന് എനിക്ക് വ്യക്തമാക്കപ്പെടുകയും ചെയ്തു. ഇബ്റാഹീം അദ്ഹമാണ് ഹദ്റത്ത് ഖലീഫ ഔവ്വലെന്നും പറയപ്പെട്ടു. നീയും ഒരു ഇബ്റാഹീമാണെന്നും എന്നോടു പറയപ്പെട്ടു." (ഖുത്ബാത്തെ മഹ്മൂദ് വാല്യം 25 പേജ് 90)

പിന്നീടു പറയുന്നു: 'ഇതിനെ സംബന്ധിച്ചുള്ള അഞ്ചാമത്തെ സാക്ഷ്യം അല്ലാഹുവിൽനിന്ന് എനിക്കു ലഭിച്ചത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദേഹവിയോഗത്തിനോടടുത്താണ്. ഒരിക്കൽ ഞാൻ സ്വപ്നത്തിൽ കണ്ടു. ഒരു ബെല്ലടിച്ചിരിക്കുന്നു. പിച്ചിളയുടെ ഡവറയിൽ മുട്ടുമ്പോഴുണ്ടാകുന്നതുപോലുള്ള ശബ്ദമായിരുന്നു അത്. ഏതെങ്കിലും സാധനം കൊണ്ടു അതിൽ മുട്ടുമ്പോൾ ടിംങ് എന്ന ശബ്ദമുണ്ടാകുന്നു. ആ ബെല്ലിൽനിന്നും ടിംങ് എന്ന ശബ്ദം വന്നു. എന്നാൽ, ആ ശബ്ദം എത്രമാത്രം മനോഹരവും കേൾക്കാൻ ഇമ്പമുള്ളതും ആയിരുന്നുവെന്നാൽ ലോകത്തുള്ള എല്ലാ വാദ്യോപകരണങ്ങളുടേയും സുഖാനന്ദം അതിൽ നിറയ്ക്കപ്പെട്ടിരുന്നു. ഈ ശബ്ദം വർധിച്ചു വർധിച്ചുവന്നു. അങ്ങനെ അന്തരീക്ഷം മുഴുവൻ രൂപംപൂണ്ട് ഒരു ഫ്രൈം ആയിത്തീർന്നു."(ആകാശത്തിൽ വ്യാപിച്ചു. അന്തരീക്ഷത്തിൽ പരന്നു. ഒരു ഫ്രൈമിന്റെ രൂപം പൂണ്ടു.)ഫോട്ടോയുടെ ഫ്രൈംപോലെ! ആ ഫ്രൈമിൽ ഒരു ചിത്രം രൂപം കൊണ്ടതായിട്ട് പിന്നീട് ഞാൻ കണ്ടു. അത് അങ്ങേയറ്റം സൗന്ദര്യവാനും സുമുഖനുമായ ഏതോ മനുഷ്യന്റേതാണ്. പിന്നീട് ആ ചിത്രം അനങ്ങാൻ തുടങ്ങി. കുറച്ചു നേരത്തിനുശേഷം പെട്ടെന്ന് അതിൽനിന്ന് ചാടി ഇറങ്ങി ഒരു അസ്തിത്വം എന്റെ മുന്നിൽ വന്നു. അത് അല്ലാഹുവിന്റെ മലക്കാണെന്ന് ഞാൻ വിചാരിക്കുകയാണ്. 'വരു! ഞാൻ നിനക്ക് സൂറ ഫാതിഹായുടെ ദർസ് നല്കാം' എന്ന് ആ രൂപം എന്നോടു പറഞ്ഞു. അങ്ങനെ ആ രൂപം എനിക്ക് സൂറ ഫാതിഹായുടെ ദർസ് നല്കാൻ തുടങ്ങി. ഇയ്യാക്ക നഅ്ബുദു വ ഇയ്യാക്ക നസ്തഈനിന്റെ വ്യാഖ്യാനം തുടങ്ങുമ്പോൾ പറഞ്ഞു:'എത്ര വ്യാഖ്യാതാക്കൾ ഇന്നേവരെ കഴിഞ്ഞു കടന്നിട്ടുണ്ടോ അവരെല്ലാവരും മാലിക്കി യൗമിദ്ദീൻവരെ മാത്രമെ വ്യാഖ്യാനം എഴുതിയിട്ടുള്ളൂ. പക്ഷേ, ഞാൻ നിനക്ക് അതു കഴിഞ്ഞുള്ള വ്യാഖ്യാനവും പറഞ്ഞു തരികയാണ്. അങ്ങനെ ആ രൂപം മുഴുവൻ ഫാതിഹായുടേയും വ്യാഖ്യാനം പഠിപ്പിച്ചു. എന്റെ കണ്ണുതുറന്നപ്പോൾ സ്വപ്നത്തിൽ ആ മലക്ക് എന്നോടു പറഞ്ഞിരുന്ന കാര്യങ്ങളിൽ കുറച്ചു കാര്യങ്ങൾ എനിക്കോർമയുണ്ടായിരുന്നു. പക്ഷേ, ഞാൻ അത് നോട്ടു ചെയ്തില്ല. പിന്നീട് ഞാൻതന്നെയും അതു മറന്നുപോയി. രാവിലെ ഞാൻ ഈ സ്വപ്നത്തെ കുറിച്ച് ഖലീഫ ഔവ്വലിനോടു പറഞ്ഞു. സ്വപ്നത്തിൽ മലക്ക് പറഞ്ഞ കാര്യങ്ങളിൽ കുറച്ചു

കാര്യങ്ങൾ കണ്ണുതുറന്നപ്പോഴും എനിക്കു ഓർമ ഉണ്ടായിരുന്നു എന്നും ഞാൻ പറഞ്ഞു. പക്ഷേ, നേരം വെളുത്ത് കഴിഞ്ഞപ്പോൾ അത് മനസ്സിൽനിന്ന് പുറത്തുപോയി. ഹദ്റത്ത് ഖലീഫ ഔവ്വൽ ദ്വേഷപ്പെട്ടുകൊണ്ടു പറഞ്ഞു: നീ ഇത്രയധികം അറിവാണ് നഷ്ടപ്പെടുത്തിക്കളഞ്ഞത്. അത് നോട്ടു ചെയ്യേണ്ടതായിരുന്നു. മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു, അങ്ങനെ ആ നാൾപോയി. ഈ നാൾ വന്നു. സൂറ ഫാത്തിഹായിൽനിന്ന് അല്ലാഹു എപ്പോഴും പുതിയ പുതിയ കാര്യങ്ങൾ മനസ്സിലാക്കിത്തരുന്നു. ആ സ്വപ്നം കണ്ടതിനുശേഷം ഇപ്പോഴും ഞാൻ അതിൽ ശ്രദ്ധിച്ചപ്പോൾ ജമാഅത്തിന്റെ പരിഷ്കരണത്തിനും ഇസ്‌ലാമിക വ്യവസ്ഥിതിയുടെ ശ്രേഷ്ഠത സ്ഥാപിക്കുന്നതിനും ഏതു പരിപാടിയാണ് പ്രായോഗികം എന്ന് ശ്രദ്ധിച്ചപ്പോൾ അല്ലാഹു എനിക്ക് സൂറ ഫാത്തിഹായിൽനിന്നുതന്നെ അങ്ങേയറ്റം വ്യക്തവും സമ്പൂർണവുമായ പരിപാടി പറഞ്ഞുതന്നു. ഇതിലൂടെ നടന്ന് ശത്രു ആശ്ചര്യപ്പെട്ടുപോകുംവിധം ഇസ്‌ലാമിന് അഭിവൃദ്ധിപ്രാപിക്കാവുന്നതാണ്. ഇസ്‌ലാമിക സംസ്കാരത്തിന്റെ ശ്രേഷ്ഠത അംഗീകരിക്കാതെ അവന് ഒരു നിർവാഹവുമില്ല. ഈ പരിപാടി അനുസരിച്ച് നബി(സ)തിരുമേനിക്കുശേഷം മുസ്‌ലീംകൾ ഇസ്‌ലാമിക വ്യവസ്ഥിതിയും അതിന്റെ സാംസ്കാരികമായ കല്പനകളും മനസ്സിലാക്കുന്നതിൽ ചെയ്തിട്ടുള്ള ആ എല്ലാ തെറ്റുകളേയും അല്ലാഹുവിന്റെ കൃപയാൽ അകറ്റാവുന്നതാണ്. ഇതെല്ലാം സൂറ ഫാത്തിഹായിലൂടെത്തന്നെ അല്ലാഹു എനിക്ക് മനസ്സിലാക്കിത്തന്നു. എന്റെ ആന്തരിക ശക്തികളിൽ സൂറഫാത്തിഹായുടെ അറിവ്, പ്രത്യേകിച്ചും ഖുർആനെ കുറിച്ചുള്ള ഉള്ളറിവ് പൊതുവായും വെക്കപ്പെട്ടിരിക്കുന്നുവെന്നാണ് ആ സ്വപ്നത്തിന്റെ യഥാർഥ വ്യാഖ്യാനം. അത് സന്ദർഭോചിതം ആന്തരികമായ ഇൽഹാമോടൊപ്പം ആവശ്യമനുസരിച്ച് വെളിപ്പെട്ടുകൊണ്ടിരിക്കും." (ഖുത്ബാത്തെ മഹ്മൂദ് വാല്യം 25 പേജ് 90–92)

പിന്നീട് അവിടന്ന് ഇതും വിവരിക്കുകയുണ്ടായി, "ജമാഅത്തിൽ അഭിപ്രായ ഭിന്നത ഉണ്ടായപ്പോൾ അല്ലാഹു എന്നോടു ഇൽഹാമിലൂടെ പറഞ്ഞു, ലനുമസ്സിഖന്നഹും നാം അവരെ കഷണം കഷണമാക്കുന്നതാണ്. അക്കാലത്ത് ഇക്കൂട്ടർ(ജമാഅത്ത് ഉപേക്ഷിച്ചുപോയവർ) തങ്ങളെ സംബന്ധിച്ച് 95% ഉണ്ടെന്നാണ് പറഞ്ഞിരുന്നത്. എന്നാൽ, ഇപ്പോൾ അവരുടെ അവസ്ഥ എന്താണ്? അല്ലാഹു അവരെ ഈ പ്രവചനമനുസരിച്ച് യഥർഥത്തിൽ കഷണം കഷണമാക്കി. ഖാജ കമാലുദ്ദീൻ സാഹിബ് തന്റെ വഫാത്തിനുമുമ്പേ എഴുതി:'മിർസാ മഹ്മൂദ് നമ്മെ സംബന്ധിച്ച് പ്രസിദ്ധീകരിച്ച ഇൽഹാം തികച്ചും പുലർന്നു. നമ്മൾ യഥാർഥത്തിൽ കഷണം കഷണമായിപ്പോയിരിക്കുന്നു.'

പിന്നീട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:'ചുരുക്കമിതാണ്, അല്ലാഹു പലവട്ടവും എന്നിൽ തന്റെ അദൃശ്യം വെളിപ്പെടുത്തിക്കൊണ്ട് 'മുസ്‌ലിഹ് മൗഊദ് അല്ലാഹുവിന്റെ സത്യത്തിന്റെ ആത്മാവിനാൽ ബഹുമാനിതനാകും' എന്ന പ്രവചനത്തെ സാക്ഷാൽക്കരിച്ചു. ഇത് അല്ലാഹുവിന്റെ അടയാളങ്ങളാണ്. ഞാൻ മുഖേന അത് അവൻ വെളിപ്പെടുത്തി." ഇതാണ് അവിടന്ന് വിവരിച്ചത്. പ്രവചനത്തിന്റെ ദീർഘമായ വിശദീകരണമാണുള്ളത്.

എന്തായാലും വരും ദിവസങ്ങളിൽ ജമാഅത്തുകളിൽ ഈ പ്രവചനത്തെ സംബന്ധിച്ച് യോഗങ്ങളും നടക്കുന്നതാണ്. എം.ടി.ഏയിലും പരിപാടികൾ വന്നുകൊണ്ടിരിക്കുന്നു. ഈ പ്രവചനത്തിന്റെ ആഴത്തിലുള്ള അറിവുണ്ടാകുന്നതിന് ജമാഅത്തംഗങ്ങൾ അതിൽ കൂടുതലായി പങ്കെടുക്കേണ്ടതും കേൾക്കേണ്ടതുമാണ്. ഈ പ്രവചനത്തിൽ ധാരാളം ദൃഷ്ടാന്തങ്ങളുണ്ട്. എന്നല്ല ചിലർ 50, 55, 60 ദൃഷ്ടാന്തങ്ങൾ എടുത്തിട്ടുണ്ട്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)വിവരിച്ചിട്ടുള്ള പ്രത്യേകതകളും പ്രചനത്തിന്റെ വിശദീകരണങ്ങളുമെല്ലാം വളരെ പ്രൗഢിയോടെ ആ മഹാത്മാവിൽ പുലരുകയുണ്ടായി.

---

**പേജ് 2ൽ നിന്ന്**

മുസ്‌ലീംകൾക്കെതിരിൽ 7000 റോമക്കാർ മരിക്കുകയും ചെയ്തു.

**ബയ്ത്തുൽ മുഖദ്ദസിന്റെ ഐതിഹാസിക വിജയം:**

ബയ്ത്തുൽമുഖദ്ദസിന്റെ ചരിത്രപരമായ വിജയത്തിൽ ഹദ്റത്ത് അബൂഉബയ്ദഃ(റ) സുപ്രധാനമായ പങ്കാണ് വഹിച്ചത്. ഹദ്റത്ത് അംറ് ബിൻ ആസ്(റ)ബയ്ത്തുൽ മുഖദ്ദസ് ഉപരോധിച്ച ഘട്ടത്തിൽ, മുസ്‌ലീംകളുടെ ഖലീഫ ഹദ്റത്ത് ഉമർ(റ) നേരിട്ട് വന്ന് ഈ വിശുദ്ധ നഗരവുമായി സമാധാനസന്ധി ചെയ്യണമെന്ന നിബന്ധന ക്രിസ്ത്യാനികൾ മുന്നോട്ടുവച്ചു. അങ്ങനെ ഹദ്റത്ത് അബൂഉബയ്ദഃ(റ)യുടെ അപേക്ഷ മാനിച്ച് ഹദ്റത്ത് ഉമർ(റ)നേരിട്ട് വന്ന് ഉടമ്പടി ചെയ്തു. ഹിജ്റ 14–ാം വർഷം ഹദ്ത്ത് ഉമർ(റ), ഹദ്റത്ത് ഖാലിദ് ബിൻ വലീദിന്റെ സ്ഥാനത്ത് ഹദ്റത്ത് അബൂഉബയ്ദഃ(റ)യെ ദമസ്കസിന്റെ ഭരണാധികാരിയായി നിയമിച്ചു. അതിനുശേഷം ഹദ്റത്ത് ഉമറിന്റെ കാലഘട്ടത്തിൽ സിറിയദേശത്ത് അദ്ദേഹം മുഖേന ഒരുപാട് പരിഷ്ക്കരണങ്ങൾ നിലവിൽ വന്നു. ഇതിനു പുറമെ ഹദ്റത്ത് അബൂഉബയ്ദഃ(റ) മഹത്തായ പ്രബോധകന്റെ പങ്കുവഹിച്ചുകൊണ്ട് ഒരുഭാഗത്ത് ക്രൈസ്തവരായ അറബ് ഗോത്രങ്ങൾവരെ ഇസ്‌ലാമിന്റെ സന്ദേശമെത്തിക്കാനുള്ള ഏർപാടു ചെയ്യുകയും അദ്ദേഹത്തിന്റെ പരിശ്രമഫലമായി അവർ മുസ്‌ലീംകളാകുകയും ചെയ്തു. മറുഭാഗത്ത് സിറിയയിലേയും റോമിലേയും ക്രിസ്ത്യാനികളും അദ്ദേഹത്തിന്റെ ധാർമികതയിലും പെരുമാറ്റത്തിലും നീതിന്യായത്തിലും ആകർഷിതരായി ഇസ്‌ലാം സ്വീകരിച്ചു.

**അംവാസിൽ പ്ലേഗ്:**

ഹിജ്റ 18–ാം വർഷം ഹദ്റത്ത് അബൂഉബയ്ദഃ(റ) അംവാസ് എന്ന സ്ഥലത്ത് തമ്പടിച്ചിരിക്കുന്ന ഘട്ടത്തിൽ സിറിയയിൽ നാശകരമായ പ്ലേഗ് പൊട്ടിപുറപ്പെട്ടു. ഹദ്റത്ത് ഉമർ(റ)സിറിയയിൽ പര്യടനത്തിനായി പുറപ്പെട്ട സന്ദർഭമായിരുന്നു അത്. സർഗ് എന്ന സ്ഥലത്തുവച്ച് ഹദ്റത്ത് അബൂഉബയ്ദഃ(റ)ഹദ്റത്ത് ഉമർ(റ)നെ സ്വീകരിച്ചു. പ്ലേഗ് വ്യാപകമായി പടർന്നു പിടിച്ചിട്ടുണ്ടെന്ന് അദ്ദേഹം അറിഞ്ഞത് അവിടെവന്നപ്പോഴായിരുന്നു. സ്വഹാബാക്കൾ ഹദ്റത്ത് ഉമറിനോട്, അവിടെനിന്ന് മടങ്ങിപ്പോകാനും പ്ലേഗ് പടർന്നു പിടിച്ചിരിക്കുന്ന പ്രദേശത്ത് പ്രവേശിക്കാതിരിക്കാനും പറഞ്ഞു. പ്രവേശിച്ചാൽ പ്ലേഗ് പിടിക്കുമെന്നുള്ള ആശങ്കയും അവർ പ്രകടിപ്പിച്ചു. ഹദ്റത്ത് ഉമർ(റ)തന്നെയും അല്ലാഹുവിന്റെ തൃപ്തി ഇഷ്ടപ്പെടുന്ന വിഷയത്തിൽ ഉന്നത സ്ഥാനത്തുള്ള വ്യക്തിയായിരുന്നു. അദ്ദേഹം സ്വഹാബാക്കളുടെ അഭിപ്രായം മുൻകരുതലെന്നോണം മടികൂടാതെ സ്വീകരിക്കുകയും മദീനയിലേക്ക് മടങ്ങുകയും ചെയ്തു. പക്ഷേ, സിറിയയുടെ അതിർത്തിയിലെത്തിയപ്പോൾ, "പ്ലേഗു പടർന്നുപിടിച്ചതുകൊണ്ട് അവർ നിർബന്ധിച്ച് മടക്കി അയച്ചതാണെന്നും സത്യത്തിൽ അവിടെനിന്നുള്ള മടക്കം മരണത്തിന്റെ വായിൽനിന്ന് തന്നെ രക്ഷിക്കുകയില്ലെന്നും അവിടെ പോകുക എന്നത് മരണത്തിനു നിശ്ചയിക്കപ്പെട്ടിട്ടുള്ള സമയത്തിനുമുമ്പേ തന്നെ മരിപ്പിക്കുകയില്ലെന്ന് തനിക്ക് നല്ലവണ്ണം അറിയാമെന്നും മദീനയിലെ ചില നിർബന്ധകാര്യങ്ങൾ ചെയ്തതിനുശേഷം തനിക്ക് അവസരം കിട്ടിയാൽ ഉടനെ സിറിയയിലേക്ക് പോകുമെന്നും ഹദ്റത്ത് ഉമർ(റ) തുറന്നു പറഞ്ഞുകൊണ്ടിരുന്നു.'

**ദൈവവിധി പ്രശ്നം:**

സർഗിൽവച്ച് അൻസ്വാറുകളും മുഹാജിറുകളും ഹദ്റത്ത് ഉമറു(റ)മായി കൂടിയാലോചന നടത്തുമ്പോൾ, ഹദ്റത്ത് ഉമർ പകർച്ചവ്യാധിയുള്ള പ്രദേശങ്ങളിൽ പോകാൻപാടില്ല എന്ന തീരുമാനമുണ്ടായി. സ്വഹാബാക്കളുടെ ഒരു സംഘം അതിനോട് വിയോജിപ്പ് പ്രകടിപ്പിച്ചു. അവരിൽ ഹദ്റത്ത് അബൂഉബയ്ദഃ(റ)യും ഉണ്ടായിരുന്നു. (അദ്ദേഹത്തോടു പകർച്ചവ്യാധിയുള്ള സ്ഥലം വിട്ട് തന്നോടൊപ്പം മദീനയിലേക്ക് പോരാൻ ഹദ്റത്ത് ഉമർ(റ) പറഞ്ഞതാണ്. പക്ഷേ, അദ്ദേഹം ഇസ്‌ലാമിക സൈന്യത്തോടൊപ്പം താമസിക്കുന്നതിന് മുൻഗണന നല്കുകയാണ് ചെയ്തത്). ഹദ്റത്ത് അബൂഉബയ്ദഃ(റ)യുടെ ഉറച്ച അഭിപ്രായം ഹദ്റത്ത് ഉമർ(റ) പര്യടനം പൂർത്തിയാക്കാതെ മടങ്ങിപ്പോകാൻ പാടില്ല എന്നായിരുന്നു. അദ്ദേഹം പറഞ്ഞു, 'മരണത്തിൽനിന്ന് രക്ഷപ്പെടാൻ നമ്മൾ വിധിയിൽ നിന്നോടണമോ?' വിധിയെ സംബന്ധിച്ച് സൂക്ഷ്മ ദൃഷ്ടിയുള്ള ആളായിരുന്നു ഹദ്റത്ത് ഉമർ(റ). അദ്ദേഹം പറഞ്ഞു, 'അബൂഉബയ്ദാ! താങ്കളിൽനിന്ന് ഞാനിത് പ്രതീക്ഷിച്ചിരുന്നില്ല. (അതായത് മരണത്തിൽനിന്ന് രക്ഷപ്പെടാൻവേണ്ടിയാണ് ഞാനിതെല്ലാം ചെയ്തുകൊണ്ടിരിക്കുന്നതെന്ന് താങ്കൾ കരുതുമെന്ന് ഞാൻ പ്രതീക്ഷിച്ചിരുന്നില്ല.) പിന്നീടു ദൈവവിധിയെക്കുറിച്ച് അദ്ദേഹത്തിന് മനസ്സിലാക്കിക്കൊടുത്തുകൊണ്ടു പറഞ്ഞു, 'നമ്മൾ അല്ലാഹുവിന്റെ ഒരു വിധിയിൽനിന്ന് മറ്റൊരു വിധിയിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്.' മനോഹരമായ ഒരു ഉദാഹരണത്താൽ അത് ഇങ്ങനെ വ്യക്തമാക്കി: 'അബൂഉബയ്ദാ! താങ്കൾക്കു രണ്ടു താഴ്‌വരകളിൽ ഒട്ടകത്തെ മേയ്ക്കാൻ അനുവാദമുണ്ട്. അതിലൊന്ന് പച്ചപ്പുള്ളതും സസ്യശ്യാമളവുമാണ്. രണ്ടാമത്തേത് ഊഷരനിലമാണ്. താങ്കൾ പച്ചപ്പുള്ള താഴ്‌വരയിൽ മൃഗങ്ങളെ മേയ്ക്കുകയാണെങ്കിൽ അത് അല്ലാഹുവിന്റെ വിധിയിൽപ്പെടുകയില്ലേ?' അതിനുശേഷം ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ)–അദ്ദേഹം അവിടെ ഉണ്ടായിരുന്നില്ല–വന്ന് നബി(സ)തിരുമേനിയുടെ ഒരു നിവേദനം കേൾപ്പിച്ച് ആ വിഷയം കൂടുതൽ വ്യക്തമാക്കി. അദ്ദേഹം പറഞ്ഞു, 'ഞാൻ നബി(സ)തിരുമേനിയിൽനിന്ന് കേട്ടിട്ടുണ്ട്. ആ മഹാത്മാവ് പറഞ്ഞു, ഏതെങ്കിലും പ്രദേശത്ത് പകർച്ചവ്യാധിയുള്ളതായി നിങ്ങൾ അറിഞ്ഞാൽ ആ മണ്ണിൽ നിങ്ങൾ പ്രവേശിക്കരുത്. നിങ്ങൾ ആദ്യമേ തന്നെ അവിടെ പാർത്തുവരുന്നവരാണെങ്കിൽ അവിടെ നിന്ന് ഓടിപ്പോകുകയുമരുത്.' ഇതുകേട്ടപ്പോൾ ഹദ്റത്ത് ഉമർ(റ) മടങ്ങിപ്പോകാനുള്ള ഉചിതമായ തീരുമാനം എടുക്കാൻ കഴിഞ്ഞതിൽ അല്ലാഹുവിനെ സ്തുതിക്കുകയും മടക്കയാത്ര ആരംഭിക്കുകയും ചെയ്തു.

ഹദ്റത്ത് അബൂഉബയ്ദഃ(റ), ഹദ്റത്ത് അബ്ദുർറഹ് മാൻ ബിൻ ഔഫിൽ നിന്നുള്ള ഈ നിവേദനം കേട്ട് പകർച്ചവ്യാധി പടർന്നിരുന്ന ആ പ്രദേശം വിട്ട് പോകാൻ പാടില്ല എന്ന തീരുമാനത്തിൽ ഉറച്ചു നിന്നതായിട്ടാണ് മനസ്സിലാകുന്നത്. മദീനയിൽ മടങ്ങിയെത്തിയ ഹദ്റത്ത് ഉമർ(റ) ഒരു കത്തുമുഖേന എന്തോ കാര്യം അറിയിച്ചുകൊണ്ട് അദ്ദേഹത്തെ മദീനയിലേക്ക് വിളിച്ചു.

(തുടരും)

# ഖുത്ബ ജുമുഅ

**ലോകത്തിന്റെ ഇക്കാലത്തെ അവസ്ഥകൾ എല്ലാവർക്കും അറിയുന്നതാണ്. എല്ലായിടത്തും കുഴപ്പങ്ങളും കലഹങ്ങളും നടമാടുന്നു. ഇസ്‌ലാം വിരുദ്ധശക്തികൾ ഈ അവസ്ഥകൾക്ക് ഉത്തരവാദികൾ ഞാൻ പലപ്രാവശ്യവും പറഞ്ഞിട്ടുള്ളതുപോലെ മുസ്‌ലീംകളാണെന്ന് പറയുന്നു. ചില മുസ്‌ലിം സംഘങ്ങൾ അല്ലെങ്കിൽ സംഘടനകൾ ഇസ്‌ലാമിന്റെ പേരിൽ അത്തരം പ്രവർത്തനങ്ങൾ മുസ്‌ലിം രാഷ്ട്രങ്ങളിലും അമുസ്‌ലിം രാഷ്ട്രങ്ങളിലും ചെയ്തുകൊണ്ടിരിക്കുന്നുവെന്നത് ശരിതന്നെയാണ്. അത് അക്രമവും ബലാൽക്കാരവുമല്ലാതെ മറ്റൊന്നുമല്ല. ഇസ്‌ലാമികാധ്യാപനങ്ങളുമായി അതിന് വിദൂരമായ ബന്ധം പോലുമില്ല. പക്ഷേ, ഒരു ആസൂത്രിത പദ്ധതിയനുസരിച്ച് മുസ്‌ലീംകളിൽ ഈ അവസ്ഥകൾ ഉണ്ടാക്കപ്പെട്ടിരിക്കുന്നു എന്നതാണ് യാഥാർഥ്യം. ഉണ്ടാക്കപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇസ്‌ലാമിന് പൊതുവെ നഷ്ടമുണ്ടാക്കിയിട്ടുള്ളത് സ്വാർഥമതികളായ മുസ്‌ലീംകളും കപടവിശ്വാസികളുമായിരുന്നു. അവർ സ്വന്തം അവരുടെ നേട്ടങ്ങൾക്കുവേണ്ടി അത്തരം ശക്തികളുടെ ആയുധങ്ങളായിക്കൊണ്ടിരുന്നു. എന്തായാലും ലോകത്തിന്റെ പൊതുവെയുള്ള അവസ്ഥകൾ മോശമാണ്. ചില മുസ്‌ലീംകളുടെ തെറ്റായ കർമം കാരണത്താൽ ഇസ്‌ലാം വിരുദ്ധ ശക്തികൾക്ക് ഇസ്‌ലാമിന് ദുഷ്പേരുണ്ടാക്കാൻ നല്ല അവസരമാണ് കിട്ടിക്കൊണ്ടിരിക്കുന്നത്. ഇക്കാരണത്താൽ അഹ്മദീ മുസ്‌ലീംകളായ നമ്മളും അതിന് കുറിമാനമാകുന്നു എന്നത് പ്രകടമാണ്.**

അഹ്മദി, മുസ്‌ലിമാണെന്ന നിലയിൽ മാത്രമല്ല, മുസ്‌ലിം രാജ്യങ്ങളിലും അഹ്മദി എന്ന നിലയിൽ ഈ ബലാൽക്കാരങ്ങളിലൂടെയാണ് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് ആഗതരാകേണ്ട വിളിയാളനെ നമ്മൾ വിശ്വസിച്ചുവെന്ന ഒറ്റക്കാരണത്താലാണത്. പാക്കിസ്താനിൽ അക്രമപരമായ നിയമം കാരണത്താൽ മൗലവിയ്ക്ക് പൂർണ സ്വാതന്ത്ര്യമാണ് ലഭിച്ചിട്ടുള്ളത്. മൗലവിയെ ഭയന്നുകൊണ്ട് കോടതികളും അനീതികാണിക്കാൻ നിർബന്ധിതരാണ്. പക്ഷേ, ഇപ്പോൾ അൽജീരിയായിലും കോടതികൾ ഈ നയമാണ് സ്വീകരിച്ചിട്ടുള്ളത്. നാമമാത്ര മൗലവിമാരെ ഭയന്ന് നിരപരാധികളായ അഹ്മദികളെ തെറ്റായ ആരോപണങ്ങൾ ഉന്നയിച്ച് ജയിലിൽ അടയ്ക്കുന്നു.

**നമ്മുടെ പക്കൽ ഭൗതിക ഭരണകൂടങ്ങളില്ല. ഭൗതിക സമ്പത്തുകളുമില്ല. എണ്ണപ്പണവുമില്ല. അതേ! ഒരു കാര്യമുണ്ട്. അതിലേക്ക് ലോകത്തുള്ള സകല അഹ്മദികളും ശ്രദ്ധ കൊടുക്കേണ്ട ആവശ്യമുണ്ട്. ആരാധനകർമങ്ങളും ദാനധർമങ്ങളും ഇസ്തിഗ്ഫാറുകളും മുഖേന അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുക എന്നതാണത്. ഇക്കാര്യങ്ങളാണ് അല്ലാഹുവിന്റെ കാരുണ്യത്തെ ആവേശത്തിൽ കൊണ്ടുവരുന്നത്. മനുഷ്യൻ അല്ലാഹുവിന്റെ അഭയത്തിൽ വരികയും ചെയ്യുന്നു.**

---

**മനുഷ്യന്റെ ഉള്ളിൽ എണ്ണമറ്റ ദൗർബല്യങ്ങളുണ്ട്. ചില ഘട്ടങ്ങളിൽ നമ്മൾ ഭൗതികജോലിയുടെ തിരക്കുകാരണത്താൽ ആരാധനകളോടുള്ള കടമകളും നമുക്ക് നിറവേറ്റാൻ പറ്റാതെ വരുന്നു. എന്തെങ്കിലും വ്യക്തിപരമായ പ്രയാസമുണ്ടായാൽ സദഖ കൊടുക്കുന്നതിലേക്ക് അല്പം ശ്രദ്ധയുണ്ടാകുന്നു. ഇല്ലെങ്കിൽ അതുമില്ല. ഇസ്തിഗ്ഫാറിനോടുള്ള കടമകളും നിറവേറ്റുന്നില്ല. നമ്മളിൽ ഓരോരുത്തരും ആത്മപരിശോധന നടത്തുകയാണെങ്കിൽ ഭൂരിഭാഗവും ഈ കടമ നിറവേറ്റാത്തവരാണെന്ന കാര്യം വ്യക്തമാകുന്നതാണ്. അല്ലാഹുവിന്റെ കൃപ കരസ്ഥമാക്കുകയും അവന്റെ കരുണയെ ആവേശം കൊള്ളിക്കുകയും ശത്രുക്കളുടേയും എതിരാളികളുടേയും ശ്രമങ്ങളെ പരാജയപ്പെടുത്തുകയും ചെയ്യണമെങ്കിൽ നമുക്ക് അല്ലാഹുവിന്റെ തൃപ്തിയും അവന്റെ പൊറുക്കലും ലഭ്യമാക്കുന്ന ഇക്കാര്യങ്ങളിലേക്ക് എന്തായാലും ശ്രദ്ധ കൊടുക്കേണ്ടതായി വരും.**

**വിശുദ്ധ ഖുർആൻ,തിരുഹദീഥുകൾ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശങ്ങൾ ഉദ്ധരിച്ച് ആരാധനകൾ നിലനിറുത്തുന്നതിനേയും ധാരാളം തൗബയും ഇസ്തിഗ്ഫാറും ചെയ്യുന്നതിനേയും ദാനധർമങ്ങൾ കൊടുക്കേണ്ടതിനേയും സംബന്ധിച്ച് പ്രത്യേകമായ ഉപദേശങ്ങൾ.**

**മർഇ ബർത്താവി സാഹിബിന്റെ ഭാര്യ സഅ്ദ ബർത്താവി സാഹിബയുടെ വഫാത്തും അനുസ്മരണവും ജനാസ ഗാഇബും**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ 2017 ഫെബ്രുവരി 24/1396 തബ്‌ലീഗ് 24**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

اَلْحَمْدُ لِلّٰهِ رَبِّ الْعَالَمِيْنَ ۔ اَلرَّحْمٰنِ الرَّحِيْمِ ۔ مٰلِكِ يَوْمِ الدِّيْنِ ۔ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ۔

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۔ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ

ലോകത്തിന്റെ ഇക്കാലത്തെ അവസ്ഥകൾ എല്ലാവർക്കും അറിയുന്നതാണ്. എല്ലായിടത്തും കുഴപ്പങ്ങളും കലഹങ്ങളും നടമാടുന്നു. ഇസ്‌ലാം വിരുദ്ധശക്തികൾ ഈ അവസ്ഥകൾക്ക് ഉത്തരവാദികൾ ഞാൻ പലപ്രാവശ്യവും പറഞ്ഞിട്ടുള്ളതുപോലെ മുസ്‌ലീംകളാണെന്ന് പറയുന്നു. ചില മുസ്‌ലിം സംഘങ്ങൾ അല്ലെങ്കിൽ സംഘടനകൾ ഇസ്‌ലാമിന്റെ പേരിൽ അത്തരം പ്രവർത്തനങ്ങൾ മുസ്‌ലിം രാഷ്ട്രങ്ങളിലും അമുസ്‌ലിം രാഷ്ട്രങ്ങളിലും ചെയ്തുകൊണ്ടിരിക്കുന്നുവെന്നത് ശരിതന്നെയാണ്. അത് അക്രമവും ബലാൽക്കാരവുമല്ലാതെ മറ്റൊന്നുമല്ല. ഇസ്‌ലാമികാധ്യാപനങ്ങളുമായി അതിന് വിദൂരമായ ബന്ധം പോലുമില്ല. പക്ഷേ, ഒരുആസൂത്രിത പദ്ധതിയനുസരിച്ച് മുസ്‌ലീംകളിൽ ഈ അവസ്ഥകൾ ഉണ്ടാക്കപ്പെട്ടിരിക്കുന്നു എന്നതാണ് യാഥാർഥ്യം. ഉണ്ടാക്കപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇസ്‌ലാമിന് പൊതുവെ നഷ്ടമുണ്ടാക്കിയിട്ടുള്ളത് സ്വാർഥമതികളായ മുസ്‌ലീംകളും കപടവിശ്വാസികളുമായിരുന്നു. അവർ സ്വന്തം അവരുടെ നേട്ടങ്ങൾക്കുവേണ്ടി അത്തരം ശക്തികളുടെ ആയുധങ്ങളായിക്കൊണ്ടിരുന്നു. എന്തായാലും ലോകത്തിന്റെ പൊതുവെയുള്ള അവസ്ഥകൾ വളരെ മോശമാണ്. ചില മുസ്‌ലീംകളുടെ തെറ്റായ കർമം കാരണത്താൽ ഇസ്‌ലാം വിരുദ്ധ ശക്തികൾക്ക് ഇസ്‌ലാമിന് ദുഷ്പേരുണ്ടാക്കാൻ നല്ല അവസരമാണ് കിട്ടിക്കൊണ്ടിരിക്കുന്നത്. ഇക്കാരണത്താൽ അഹ്മദീ മുസ്‌ലീംകളായ നമ്മളും അതിന് കുറിമാനമാകുന്നു എന്നത് പ്രകടമാണ്.

അഹ്മദിയ്യത്തിന്റെ അധ്യാപനവും കർമവും സ്നേഹവും സാഹോദര്യവുമല്ലാതെ മറ്റൊന്നുമല്ലെന്ന് നമ്മെ അറിയുന്നവർക്ക് അറിയാം. പക്ഷേ, മാധ്യമങ്ങൾ മുസ്‌ലീംകളേയും ഇസ്‌ലാമിനേയും കുറിച്ച് പ്രചരിപ്പിക്കുന്നതുപോലെയാണ് സാധാരണക്കാർ നമ്മെയേയും കരുതുന്നത്. ചില രാജ്യങ്ങളിലെ യാഥാസ്ഥിതിക സംഘടനകളും പാർട്ടികളും ഒരു കാര്യവും കേൾക്കാൻതന്നെ ഇഷ്ടപ്പെടുന്നില്ല. വെറും നെഗറ്റീവായിട്ടുള്ള രീതികളും ചിന്തകളും അതനുസരിച്ചുള്ള പ്രവൃത്തികളിലുമാണ് സമ്മർദം ചെലുത്തുന്നത്.ജർമനിയുടെ കിഴക്കൻ ഭാഗത്തും ഈ എതിർപ് നേരിടുന്നുണ്ട്. അടുത്തുതന്നെ തിരഞ്ഞെടുപ്പ് നടക്കാൻ പോകുന്ന ഹോളണ്ടിലും! ഇപ്രകാരംതന്നെ യൂറോപ്പിലെ മറ്റു രാജ്യങ്ങളിലും റൈറ്റസ്റ്റ്(rightist) ഇപ്പോൾ ശക്തി പ്രാപിച്ചു വരികയാണ്. അമേരിക്കയിലെ അവസ്ഥ മുന്നിൽത്തന്നെയുണ്ട്. അഹ്മദി, മുസ്‌ലിമാണെന്ന നിലയിൽ മാത്രമല്ല, മുസ്‌ലിം രാജ്യങ്ങളിലും അഹ്മദി എന്ന നിലയിൽ ഈ ബലാൽക്കാരങ്ങളിലൂടെയാണ് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് ആഗതരാകേണ്ട വിളിയാളനെ നമ്മൾ വിശ്വസിച്ചുവെന്ന ഒറ്റക്കാരണത്താലാണത്. പാക്കിസ്താനിൽ അക്രമപരമായ നിയമം കാരണത്താൽ മൗലവിയ്ക്ക് പൂർണ സ്വാതന്ത്ര്യമാണ് ലഭിച്ചിട്ടുള്ളത്. മൗലവിയെ ഭയന്നുകൊണ്ട് കോടതികളും അനീതികാണിക്കാൻ നിർബന്ധിതരാണ്. പക്ഷേ, ഇപ്പോൾ അൽജീരിയായിലും കോടതികൾ ഈ നയമാണ് സ്വീകരിച്ചിട്ടുള്ളത്. നാമമാത്ര മൗലവിമാരെ ഭയന്ന് നിരപരാധികളായ അഹ്മദികളെ തെറ്റായ ആരോപണങ്ങൾ ഉന്നയിച്ച് ജയിലിൽ അടയ്ക്കുന്നു. ഈ നേരത്തും 16 അഹ്മദികൾ അവിടെ ജയിലിൽ ശിക്ഷ അനുഭവിച്ചുവരുകയാണ്. ഇത്തരം പരിതഃസ്ഥിതിയിൽ ഒരു അഹ്മദി എന്താണ് ചെയ്യേണ്ടത്? നമ്മുടെ പക്കൽ ഭൗതിക ഭരണകൂടങ്ങളില്ല. ഭൗതിക സമ്പത്തുകളുമില്ല. എണ്ണപ്പണവുമില്ല. അതേ! ഒരു കാര്യമുണ്ട്. അതിലേക്ക് ലോകത്തുള്ള സകല അഹ്മദികളും ശ്രദ്ധ കൊടുക്കേണ്ട ആവശ്യമുണ്ട്. ആരാധനകർമങ്ങളും ദാനധർമങ്ങളും ഇസ്തിഗ്ഫാറുകളും മുഖേന അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുക എന്നതാണത്. ഇക്കാര്യങ്ങളാണ് അല്ലാഹുവിന്റെ കാരുണ്യത്തെ ആവേശത്തിൽ കൊണ്ടുവരുന്നത്. മനുഷ്യൻ അല്ലാഹുവിന്റെ അഭയത്തിൽ വരികയും ചെയ്യുന്നു. ആരാധനകളെക്കുറിച്ച് പ്രത്യേകിച്ച് നമസ്കാരം നിർവഹിക്കുന്ന

തിനെ കുറിച്ച് കഴിഞ്ഞ ഖുത്ബകളിൽ പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്. ഇന്ന് സ്വദഖകളേയും ഇസ്തിഗ്ഫാറിനേയും കുറിച്ച് കൂടുതൽ കാര്യങ്ങൾ പറയുന്നതാണ്. അല്ലാഹുവിന്റെ കാരുണ്യം കരസ്ഥമാക്കാനുള്ള മാർഗമാണിത്. മനുഷ്യന്റെ ഉള്ളിൽ എണ്ണമറ്റ ദൗർബല്യങ്ങളുണ്ട്. ചില ഘട്ടങ്ങളിൽ നമ്മൾ ഭൗതികജോലിയുടെ തിരക്കുകാരണത്താൽ ആരാധനകളോടുള്ള കടമകളും നമുക്ക് നിറവേറ്റാൻ പറ്റാതെ വരുന്നു. എന്തെങ്കിലും വ്യക്തിപരമായ പ്രയാസമുണ്ടായാൽ സ്വദഖ കൊടുക്കുന്നതിലേക്ക് അല്പം ശ്രദ്ധയുണ്ടാകുന്നു. ഇല്ലെങ്കിൽ അതുമില്ല. ഇസ്തിഗ്ഫാറിനോടുള്ള കടമകളും നിറവേറ്റുന്നില്ല. നമ്മളിൽ ഓരോരുത്തരും ആത്മപരിശോധന നടത്തുകയാണെങ്കിൽ ഭൂരിഭാഗവും ഈ കടമ നിറവേറ്റാത്തവരാണെന്ന കാര്യം വ്യക്തമാകുന്നതാണ്. അല്ലാഹുവിന്റെ കൃപ കരസ്ഥമാക്കുകയും അവന്റെ കരുണയെ ആവേശം കൊള്ളിക്കുകയും ശത്രുക്കളുടേയും എതിരാളികളുടേയും ശ്രമങ്ങളെ പരാജയപ്പെടുത്തുകയും ചെയ്യണമെങ്കിൽ നമുക്ക് അല്ലാഹുവിന്റെ തൃപ്തിയും അവന്റെ പൊറുക്കലും ലഭ്യമാക്കുന്ന ഇക്കാര്യങ്ങളിലേക്ക് എന്തായാലും ശ്രദ്ധ കൊടുക്കേണ്ടതായി വരും.

താൻ തൗബയും ഇസ്തിഗ്ഫാറും സ്വദഖകളും സ്വീകരിക്കുന്നുവെന്ന് അല്ലാഹു പറയുന്നു. ഇത് നിങ്ങളുടെ ബുദ്ധിമുട്ടുകൾ അകറ്റുന്നതിനും നിങ്ങളുടെ അസ്വസ്ഥതകൾ ദൂരികരിക്കുന്നതിനും നിങ്ങളെ തന്നിലേക്ക് അടുപ്പിക്കുന്നതിനും നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരുന്നതിനും നിങ്ങൾക്ക് യഥാർഥ ദാസരാകാൻ തൗഫീഖ് തരുന്നതിനും നിങ്ങളിൽ കരുണചൊരിയുന്നതിനും നിങ്ങൾ തൗബയിലേക്കും ഇസ്തിഗ്ഫാറിലേക്കും ശ്രദ്ധിക്കുന്നതിനുംവേണ്ടിയാണ്. അല്ലാഹു പറയുന്നു:അലം യഅ്‌ലമൂ അന്നല്ലാഹ ഹുവ യഖ്ബലുത്തൗബത്ത അൻ ഇബാദിഹീ വ യഅ്ഖുദുസ്സ്വദഖാത്തി വ അന്നല്ലാഹ ഹുവത്തവ്വാബുർറഹീം.(9:104)അല്ലാഹുതന്നെയാണ് തന്റെ ദാസന്മാരിൽനിന്ന് പശ്ചാത്താപം സ്വീകരിക്കുകയും ദാനധർമങ്ങൾ വാങ്ങുകയും ചെയ്യുന്നതെന്നും അല്ലാഹു തന്നെയാണ് ഏറെ പൊറുക്കുന്നവനും കരുണാമയനുമെന്നും അവർ മനസ്സിലാക്കിയിട്ടില്ലേ?

സ്വദഖയേയും ദുആയുടെ പ്രാധാന്യത്തേയും ബന്ധത്തേയും കുറിച്ച് ഒരു അവസരത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു:'സ്വദഖ, സ്വിദ്ഖിൽനിന്ന് എടുക്കപ്പെട്ടതാണ്. ആരെങ്കിലും അല്ലാഹുവിന്റെ മാർഗത്തിൽ സ്വദഖ കൊടുക്കുമ്പോൾ അല്ലാഹുമായി സ്വിദ്ഖ് അഥവാ സത്യസന്ധമായ ബന്ധം പുലർത്തുന്നുവെന്ന് മനസ്സിലാകുന്നു.' അവർ സത്യസന്ധമായ ബന്ധം പുലർത്തുകയാണ് ചെയ്യുന്നത്.'രണ്ടാമത്തേത് ദുആയാണ്.' പറഞ്ഞു: 'ദുആയോടൊപ്പം മനസ്സിൽ ഒരു എരിച്ചിലും വേദനയുമുണ്ടാകുന്നു.'(മനസ്സിൽ എരിച്ചിലും വേദനയും ഉണ്ടാക്കുന്നതിനാണ് ദുആ എന്നു പറയുന്നത്). "ദുആയിൽ ഒരു ബലിയുണ്ട്. സത്യസന്ധതയും ദുആയും ലഭ്യമായാൽ അത് ശമനൗഷധമാണ്." ഈ രണ്ടുകാര്യങ്ങളും കിട്ടുകയാണെങ്കിൽ അത് വിജയപ്രദമായ ചികിത്സയാണ്.(മൽഫൂദാത്ത് വാല്യം 7 പേജ് 87-88, 1985 ലണ്ടൻ പതിപ്പ്)

അതിനാൽ ഇസ്തിഗ്ഫാറും ദുആ തന്നെയാണ്. മനുഷ്യൻ തന്റെ പാപങ്ങളും ദൗർബല്യങ്ങളും മുന്നിൽവച്ചുകൊണ്ട് ദുആ ചെയ്യുമ്പോൾ ഒരു വേദനയും ആവേശവുമുണ്ടാകുന്നു. അതുണ്ടാകേണ്ടതാണ്. മനസ്സിൽ ഒരു വേദന രൂപം കൊള്ളണം. കേവലം നാവുകൊണ്ട് അസ്തഗ്ഫിറുല്ലാഹ്, അസ്തഗ്ഫിറുല്ലാഹ് എന്നു പറയുകയും ശ്രദ്ധ അല്ലാഹുവിനുപകരം മറ്റെവിടെയെങ്കിലും ഇരിക്കുകയും ചെയ്യുന്നതുകൊണ്ട് ഉദ്ദേശ്യം സഫലമാകുകയില്ല. അല്ലാഹു ദുആകൾ കേൾക്കുന്നു. അസ്വസ്ഥതയുടെ അവസ്ഥയിൽ അല്ലാഹുവിന്റെ കരുണ കരസ്ഥമാക്കുന്നതിനു വേണ്ടി നല്കപ്പെടുന്ന സ്വദഖകളേയും അല്ലാഹു സ്വീകരിക്കുന്നു; ഭാവിയിൽ താൻ തന്റെ ദൗർബല്യങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിന് പൂർണമായും ശ്രമിക്കുന്നതാണെന്നുള്ള പ്രതിജ്ഞ ചെയ്യുമ്പോൾ പ്രത്യേകിച്ചും! ദാസൻ അല്ലാഹുവിന്റെ കരുണ ആകർഷിച്ചെടുക്കുന്നതിന് ശ്രമിക്കുമ്പോൾ അല്ലാഹു, നബി(സ)തിരുമേനി മുഖേന ഈ സന്തോഷവാർത്ത അറിയിക്കുന്നു; എന്റെ ദാസരോടു പറയുക!എന്റെ ദാസൻ എന്നിലേക്ക് ഒരു ചുവടുവച്ചാൽ ഞാൻ അവനിലേക്ക് രണ്ടു ചുവടു വയ്ക്കുന്നു. എന്റെ ദാസൻ എന്നിലേക്ക് വേഗം നടന്നാൽ ഞാൻ അവനിലേക്ക് ഓടിയെത്തുന്നു.'(സ്വഹീഹ് ബുഖാരി കിതാബുത്തൗഹീദ് ഹദീഥു നമ്പർ 7405). അതിനാൽ അല്ലാഹുവിന്റെ കാരുണ്യത്തിന് ഒരു പരിധിയുമില്ല.

നബി(സ)തിരുമേനി ഇങ്ങനേയും പറഞ്ഞു, അല്ലാഹു വളരെയധികം ലജ്ജിക്കുന്നവനാണ്. വലിയ ധർമിഷ്ഠനുമാണ്. വലിയ ഉദാരവാനുമാണ്. മനുഷ്യൻ അവന്റെ സന്നിധിയിൽ കൈ നീട്ടുമ്പോൾ അവനെ കാലിയോടേയും വിഫലമായും മടക്കുന്നതിൽ ലജ്ജിക്കുന്നു.(സുനനുത്തുർമുദി അബ്‌വാബുദ്ദഅ്‌വാത്ത് ഹദീഥുനമ്പർ 3556)

മനുഷ്യൻ ഏതൊരു ഫലമാണോ ആഗ്രഹിക്കുന്നത്, അത് അതേ പോലെ ആ നേരത്ത് വെളിപ്പെട്ടുകൊള്ളണമെന്നില്ല. ചില ഘട്ടങ്ങളിൽ അല്ലാഹുവിന്റെ യുക്തിജ്ഞാനമനുസരിച്ച് കുറച്ചു കാലത്തിനുശേഷമോ മറ്റു രൂപത്തിലോ ആ ദുആകളുടേയും ദാധർമങ്ങളുടേയും ഫലങ്ങൾ വെളിപ്പെട്ടുകൊണ്ടിരിക്കുന്നതാണ്. ചിലപ്പോൾ ഉടനെത്തന്നെയും ഫലങ്ങൾ വെളിപ്പെടുന്നതാണ്.

അതുകൊണ്ട് ഞാൻ നിങ്ങളുടെ ദുആ സ്വീകരിക്കുമെന്നും ഇസ്തിഗ്ഫാർ സ്വീകരിക്കുമെന്നും ദാനധർമങ്ങൾ സ്വീകരിക്കുമെന്നും അല്ലാഹു പറഞ്ഞതിൽ തികഞ്ഞ വിശ്വാസമുണ്ടായിരിക്കേണ്ടതാണ്. അതായത് മനുഷ്യൻ താൻ ചെയ്ത പാപങ്ങൾക്ക് മാപ്പു ചോദിക്കുകയും ഭാവിയിൽ പാപങ്ങളിൽനിന്നും ബലഹീനതകളിൽനിന്നും രക്ഷപ്പെടുമെന്ന് പ്രതിജ്ഞ ചെയ്യുകയും അതിനായി പരിശ്രമിക്കുകയും ചെയ്യുമ്പോൾ അവൻ അത് സ്വീകരിക്കുകയും എല്ലാ തരത്തിലുള്ള പ്രയാസങ്ങളിൽനിന്നും ബുദ്ധിമുട്ടുകളിൽനിന്നും അവനെ പുറത്തുകൊണ്ടുവരികയും ചെയ്യുന്നു.

അല്ലാഹു നമ്മുടെ മനസ്സുകളുടെ അവസ്ഥ അറിയുന്നുവെന്ന് എപ്പോഴും ഓർക്കേണ്ടതാണ്. അതുകൊണ്ട് കാണിക്കാൻവേണ്ടിയുള്ള നമ്മുടെ കർമങ്ങൾ അവന്റെ സന്നിധിയിൽ സ്വീകാര്യമാകുകയില്ല. അല്ലാഹു എത്രമാത്രം ദയാലുവാണെന്നാൽ, നബി(സ)തിരുമേനി പറഞ്ഞു, സ്വദഖ കൊടുക്കാൻ കഴിവില്ലാത്തവർക്ക്, അവർ നല്ല കാര്യങ്ങൾ ചെയ്യുകയും ചീത്തക്കാര്യങ്ങൾ ചെയ്യാതിരിക്കുകയും ചെയ്താൽത്തന്നെ സ്വദഖയുടെ പ്രതിഫലം നല്കുന്നതാണ്. (സ്വഹീഹ് ബുഖാരി കിതാബുസ്സക്കാത്ത് ഹദീഥു നമ്പർ 1445).

മറ്റുള്ളവർക്ക് ഫലം ചെയ്യുന്നതിനുള്ള അവരുടെ ആരാധനകളും ഇസ്തിഗ്ഫാറും സൽക്കർമങ്ങളും അത് ആരാധനകളുടേയും ഇസ്തിഗ്ഫാറിന്റേയും രൂപത്തിൽ അല്ലാഹുവിന്റെ തിരുസന്നിധിയിൽ സ്വീകാര്യമാകുമ്പോൾ അവൻ സൽക്കർമത്തിന്റേയും ദാനധർമങ്ങളുടേയും പ്രതിഫലവും കരസ്ഥമാക്കിക്കൊണ്ടിരിക്കുന്നതാണ്. ഒരു കഴിവുള്ള മനുഷ്യൻ ദാനധർമങ്ങൾ നല്കി പുണ്യം സമ്പാദിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ദരിദ്രനായ മനുഷ്യൻ തന്റെ നല്ല നിയ്യത്തു കാരണത്താൽ-അവൻ മറ്റു കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നുണ്ടെങ്കിൽ ദാനധർമങ്ങൾക്കു സമാനമായ പുണ്യവും സമ്പാദിച്ചുകൊണ്ടിരിക്കും.

ഇത്രമാത്രം പ്രിയപ്പെട്ട ദൈവത്തിന് നമ്മൾ ഏതെതെല്ലാം രീതിയിൽ നന്ദി പ്രകടിപ്പിച്ചുകൊണ്ടിരിക്കേണ്ടതാണ്. അവൻ നമ്മെ നമ്മുടെ ബലഹീനതകളിൽനിന്ന് രക്ഷപ്പെടേണ്ട മാർഗം പഠിപ്പിച്ചുവെന്നു മാത്രമല്ല ബലഹീനതകളിൽനിന്നും പാപങ്ങളിൽനിന്നും രക്ഷപ്പെടുന്നതിനു വേണ്ടി നിങ്ങൾ ചെയ്യുന്ന കർമങ്ങളേയും സ്വീകരിച്ചുകൊണ്ട് നിങ്ങൾക്ക് ബുദ്ധിമുട്ടുകളിൽനിന്നും വിപത്തുകളിൽനിന്നും മോചനം നല്കുമെന്നും പറഞ്ഞിരിക്കുന്നു. അതിനാൽ പ്രയാസകരമായ അവസ്ഥകളിൽനിന്ന് പുറത്തുവരാനുള്ള മാർഗം നമ്മൾ നമ്മുടെ ആരാധനകളേയും നമ്മുടെ ദുആകളേയും ആത്മാർഥമാക്കിക്കൊണ്ട് അല്ലാഹുവിന്റെ മുമ്പിൽ കുനിയുക എന്നതു മാത്രമാണ്. ഇസ്തിഗ്ഫാർ ചെയ്യുന്നതിൽ ശക്തി ചെലുത്തുക. ജമാഅത്തുപരമായ നിലയിലും വ്യക്തിപരമായ നിലയിലും സ്വദഖയും ദാനധർമങ്ങളും കൊടുക്കുന്നതിൽ ശ്രദ്ധിക്കുക.

സ്വദഖയുടേയും ഇസ്തിഗ്ഫാറിന്റേയും വിഷയത്തിന്റെ ആഴം വിവരിച്ചുകൊണ്ട് ഒരുപാട് അവസരങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നിർദേശങ്ങൾ നല്കിയിട്ടുണ്ട്. അതിൽനിന്ന് കുറച്ച് ഞാൻ വിവരിക്കുകയാണ്. ഇസ്തിഗ്ഫാറിന്റെ യാഥാർഥ്യം വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

"മനുഷ്യന്റെ രക്തത്തിൽ കൂടിക്കലർന്നിട്ടുള്ള ഒരു കീടമാണ് പാപം. എന്നാൽ, അതിന്റെ ചികിത്സ ഇസ്തിഗ്ഫാറിലൂടെ മാത്രമേ നടക്കുകയുള്ളു. എന്താണ് ഇസ്തിഗ്ഫാർ? സംഭവിച്ചു കഴിഞ്ഞ പാപത്തിന്റെ ദുഷ്ഫലങ്ങളിൽനിന്ന് അല്ലാഹു സുരക്ഷിതമാക്കി വെക്കുക. ഇതുവരെ സംഭവിച്ചിട്ടില്ലാത്തതും മനുഷ്യനിൽ ശക്തിയോടെ നിലനില്ക്കുന്നതുമായത് നടപ്പിലാകുന്ന സമയംതന്നെ വരാതിരിക്കുക. ആ പാപം നമ്മളിൽനിന്ന് ഉണ്ടാകാതിരിക്കുക. ഉള്ളിൽത്തന്നെ കത്തിക്കരിഞ്ഞ് ചാരമായിത്തീരുക.'(അതായത് ചെയ്തുപോയ പാപങ്ങൾ മാപ്പാക്കുന്നതിനും ഭാവിയിൽ പാപങ്ങളിൽനിന്ന് രക്ഷപ്പെട്ടിരിക്കുന്നതിനുമാണ് ഇസ്തിഗ്ഫാർ. അല്ലാഹുവിന്റെ കാരുണ്യം ആവേശം കൊള്ളുകയും അവൻ നമ്മെ തന്റെ കാരുണ്യങ്ങളും കൃപകളും നല്കി അനുഗ്രഹിച്ചുകൊണ്ടിരിക്കാനുമാണിത്). പറഞ്ഞു, 'ഈ കാലം വളരെ ഭയാനകമാണ്. അതുകൊണ്ട് തൗബയിലും ഇസ്തിഗ്ഫാറിലും മുഴുകുക. സ്വന്തം ആത്മാവിനെ വായിച്ചുകൊണ്ടിരിക്കുക. ദാനധർമങ്ങൾകൊണ്ട് വിപത്തുകൾ നീങ്ങിപ്പോകുന്നുവെന്ന് എല്ലാ മതത്തിലേയും ജാതിയിലേയും ആളുകളും ഗ്രന്ഥാനുസാരികളും വിശ്വസിക്കുന്നു. പക്ഷേ, വിപത്തുകൾ ഇറങ്ങുന്നതിനുമുമ്പേ അതുണ്ടാകേണ്ടതാണ്. അത് ഇറങ്ങിക്കഴിഞ്ഞാൽ പിന്നീട് നീങ്ങിപ്പോകുകയില്ല. അതുകൊണ്ട് നിങ്ങളുടെ ഊഴം വരാതിരിക്കുന്നതിനും അല്ലാഹു നിങ്ങളെ കാത്തുസൂക്ഷിക്കുന്നതിനും നിങ്ങൾ ഇപ്പോൾമുതൽത്തന്നെ ഇസ്തിഗ്ഫാറും തൗബയും ചെയ്തു തുടങ്ങുക.'(മൽഫൂദാത്ത് വാല്യം 5 പേജ് 299, 1985 ലണ്ടൻ പതിപ്പ്)

ഇപ്പോഴുള്ളത് ചെറിയ ചെറിയ ബുദ്ധിമുട്ടുകളാണ്. പക്ഷേ, ഏതൊരു ഭാഗത്തേക്കാണോ ലോകം പോയിക്കൊണ്ടിരിക്കുന്നത്, ഏതുപ്രകാരമാണോ മനുഷ്യൻ കടിഞ്ഞാണില്ലാത്തവൻ ആയിക്കൊണ്ടിരിക്കുന്നത്, ഏതുപോലെയാണോ അല്ലാഹുവിന്റെ വെറുപ്പിന്റെ സാഹചര്യം ഒരുങ്ങിക്കൊണ്ടിരിക്കുന്നത്, അത് മനുഷ്യന്റെ കൈകൊണ്ടുണ്ടാകേണ്ട നാശത്തിലേക്കാണ് പൊയ്ക്കൊണ്ടിക്കൊണ്ടിരിക്കുന്നത്. ഈ ലോകം അല്ലാഹുവിന്റെ വെറുപ്പിനെ ജ്വലിപ്പിച്ചുകൊണ്ടിരിക്കുന്നു. അത്തരം നേരത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുന്നവരുടെ ജോലി നമ്മൾ നമ്മെ ദുസ്സാധീനത്തിൽനിന്ന് രക്ഷപ്പെടുത്തുന്നതിന് തൗബയിലും ഇസ്തിഗ്ഫാറിലും ശക്തി ചെലുത്തുന്നതോടൊപ്പം പൊതുവെ ലോകത്തിനു അല്ലാഹു ബുദ്ധി നല്കുന്നതിനുവേണ്ടിയും ദുആ ചെയ്യുക എന്നതാണ്.

വീണ്ടും ഇസ്തിഗ്ഫാറിന്റെ യാഥാർഥ്യം വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:'വിശുദ്ധ ഖുർആനിൽ അല്ലാഹുവിന്റെ രണ്ടുപേര് പറയപ്പെട്ടിരിക്കുന്നു. അൽഹയ്യും, അൽ

ഖയ്യൂം. അൽഹയ്യ് എന്നതിന്റെ അർഥം സ്വയം ജീവിച്ചിരിക്കുന്നവനും മറ്റുള്ളവർക്ക് ജീവൻ നല്കുന്നവനുമെന്നാണ്. അൽഖയ്യൂം എന്നാൽ സ്വയം നിലനില്ക്കുന്നവനും മറ്റുള്ളവയെ നിലനിറുത്തുന്നവനുമെന്നാണ്. എല്ലാ ഓരോ കാര്യത്തിന്റേയും ബാഹ്യവും ആന്തരികവുമായ നിലനില്പും ജീവിതവും ഈ രണ്ടു വിശേഷഗുണങ്ങളാലാണ് ഉണ്ടാകുന്നത്. അവനെ ആരാധിക്കണമെന്നാണ് ഹയ്യ് എന്ന പദം ആവശ്യപ്പെടുന്നത്. അതിന്റെ പ്രതീകമാണ് സൂറ ഫാത്തിഹായിൽ പറഞ്ഞിട്ടുള്ള ഇയ്യാക്ക നഅ്ബുദു. അവനിൽനിന്ന് ആശ്രയം തേടുക എന്നതാണ് അൽഖയ്യൂം എന്ന പദം ആവശ്യപ്പെടുന്നത്. അതിനെ ഇയ്യാക്ക നസ്തഈൻ എന്ന പദം നിറവേറ്റിയിരിക്കുന്നു. ഹയ്യ് എന്ന പദം ആരാധനയെ ആഗ്രഹിക്കുന്നത് അവൻ സൃഷ്ടിച്ചതുകൊണ്ടാണ്. സൃഷ്ടിച്ചിട്ട് വിട്ടു കളഞ്ഞില്ല. ഉദാഹരണത്തിന് കെട്ടിടം നിർമിക്കുന്ന കല്ലാശാരി മരിക്കുന്നതോടെ കെട്ടിടത്തിന്റെ കാര്യം കഴിഞ്ഞു. എന്നാൽ, മനുഷ്യന് അല്ലാഹുവിനെ എല്ലാ അവസ്ഥയിലും ആവശ്യമായി വരുന്നു. അതുകൊണ്ട് അല്ലാഹുവിനോടു എപ്പോഴും ശക്തി തേടേണ്ടിവരുന്നു. ഇതാണ് ഇസ്തിഗ്ഫാർ."(അല്ലാഹുവിനോടു പാപങ്ങളിൽനിന്ന് രക്ഷപ്പെടാനുള്ള ശക്തി തേടിക്കൊണ്ടിരുന്നാൽ, അവനെ ആരാധിക്കുന്നതിന് ശക്തി തേടിക്കൊണ്ടിരുന്നാൽ ആ ശക്തിതേടിക്കൊണ്ടിരിക്കലാണ് ഇസ്തിഗ്ഫാർ). പറഞ്ഞു, ഇസ്തിഗ്ഫാറിന്റെ യാഥാർഥ്യം ഇതാണ്. പിന്നീട് ഇതിനെ വിശാലമാക്കി പാപികൾക്കുവേണ്ടിയും, അവരുടെ ദുഷ്ഫലങ്ങളിൽനിന്ന് സുരക്ഷിതമാക്കി വെക്കുന്നതിനും പറയപ്പെട്ടു. പക്ഷേ, മാനുഷികമായ ബലഹീനതകളിൽനിന്ന് രക്ഷിക്കുക എന്നതാണ് അടിസ്ഥാനം." പറഞ്ഞു:'ആരാണോ മനുഷ്യനായിക്കൊണ്ട് ഇസ്തിഗ്ഫാറിന്റെ പ്രാധാന്യം മനസ്സിലാക്കാത്തത് അവൻ മര്യാദകെട്ടവനും നിരീശ്വരനുമാണ്.'(മൽഫൂദാത്ത് വാല്യം 3 പേജ് 217 1985 ലണ്ടൻ പതിപ്പ്)

അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നതിനേയും തൗബയുടേയും ഇസ്തിഗ്ഫാറിന്റേയും പ്രാധാന്യത്തേയും കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു:'മനുഷ്യൻ അയക്കപ്പെട്ടിരിക്കുന്നത് വളരെ വലിയ ജോലിയ്ക്കായിട്ടാണ്."(ഇതിനു മുമ്പേ ഹദ്റത്ത് മസീഹ് മൗഊദ്(അ) ആ ജോലിയെ കുറിച്ച് വിശദീകരിച്ചിരിക്കുന്നു. അതായത് മനുഷ്യൻ തന്റെ അവസ്ഥയിൽ പരിശുദ്ധമായ മാറ്റമുണ്ടാക്കുക. തന്റെ അവസ്ഥകളിൽ മാറ്റമുണ്ടാക്കുകയും അല്ലാഹുവുമായി ഐക്യപ്പെടുകയും ചെയ്യുക എന്നത് മനുഷ്യനെ സംബന്ധിച്ചിടത്തോളം വളരെ വലിയ ജോലിയാണ്. അവനെ വെറുപ്പിക്കരുത്. എന്ത് ഉദ്ദേശ്യത്തിനുവേണ്ടിയാണ് ലോകത്ത് വന്നതെന്ന് മനസ്സിലാക്കുക. എന്ത് ഉദ്ദേശ്യത്തിനാണ് ലോകത്ത് വന്നതെന്ന് മനുഷ്യന് അറിവുണ്ടായിരിക്കേണ്ടതാണ്. ഈ ഉദ്ദേശ്യം നമ്മൾ അറിയുന്നതുപോലെ അല്ലാഹുവും വിവരിച്ചിരിക്കുന്നു. അല്ലാഹുവിനെ ആരാധിച്ച് അവന്റെ സാമീപ്യം പ്രാപിക്കുക. എന്തായാലും വീണ്ടും അവിടന്ന് പറയുന്നു:) 'വളരെ വലിയ ജോലിക്കുവേണ്ടിയാണ് മനുഷ്യൻ അയക്കപ്പെട്ടിട്ടുള്ളത്. പക്ഷേ, സമയം വരികയും ആ ജോലി പൂർത്തിയാക്കാതിരിക്കുകയും ചെയ്യുമ്പോൾ പിന്നീട് അല്ലാഹു അവനെ എല്ലാ ജോലിയിൽനിന്നും ഒഴിവാക്കുന്നു. ജോലിക്കാരനെ നോക്കുക. അവൻ ശരിയായി പണിയെടുക്കുന്നില്ലെങ്കിൽ മുതലാളി അവനെ ഒഴിവാക്കുന്നു. അപ്പോൾ തന്റെ നിർബന്ധകാര്യം നിർവഹിക്കാത്തവനെ അല്ലാഹു എന്തിനാണ് വെച്ചുകൊണ്ടിരിക്കുന്നത്."അവിടന്ന് ഉദാഹരണം നല്കിക്കൊണ്ടു പറയുന്നു: "നമ്മുടെ മിർസാ സാഹിബ്(അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പിതാവ്) 50 വർഷംവരെ ചികിത്സിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന് അനുയോജ്യമായ ഒരു കുറിപ്പടിയും കിട്ടിയില്ലെന്ന് അദ്ദേഹം പറയുമായിരുന്നു. അല്ലാഹുവിന്റെ കല്പന കൂടാതെ മനുഷ്യന്റെ ഉള്ളിൽ പോകുന്ന ഒരു അണുവും ഒരിക്കലും ഫലപ്രദമാകുകയില്ലെന്നതാണ് സത്യം." പറഞ്ഞു:'അല്ലാഹു തന്റെ ഫള്ൽ ചെയ്യുന്നതിന് തൗബയും ഇസ്തിഗ്ഫാറും ധാരാളമായി ചെയ്യേണ്ടതാണ്. അല്ലാഹുവിന്റെ ഫള്ൽ വരുമ്പോൾ ദുആയും സ്വീകരിക്കപ്പെടുന്നു. ദുആ സ്വീകരിക്കുമെന്നുതന്നെയാണ് അല്ലാഹുവും പറഞ്ഞിട്ടുള്ളത്. തന്റെ നിയതിനിയമം അംഗികരിക്കുക എന്നും ഇടയ്ക്ക് പറഞ്ഞു." (ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:)'അതുകൊണ്ട് ദൈവകല്പന ഉണ്ടാകാത്തിടത്തോളം ഞാൻ ദുആയുടെ സ്വീകാര്യത കുറച്ചേ പ്രതീക്ഷിക്കുന്നുള്ളൂ. മനുഷ്യൻ അങ്ങേയറ്റം നിരാലംബനും നിരാശ്രയനുമാണ്. അതിനാൽ അല്ലാഹുവിന്റെ കൃപയിൽ ദൃഷ്ടി വെക്കേണ്ടതാണ്.'(മൽഫൂദാത്ത് വാല്യം 3 പേജ് 319 1985 ലണ്ടൻ പതിപ്പ്)

അല്ലാഹുവിന്റെ കൃപയിൽ ദൃഷ്ടി വെക്കുന്നതിന് എപ്പോഴും അല്ലാഹുവിൽ ദൃഷ്ടിവെക്കേണ്ട ആവശ്യമുണ്ട്. അവനുമായി കൂടിച്ചേർന്നിരിക്കേണ്ട ആവശ്യമുണ്ട്. തൗബയും ഇസ്തിഗ്ഫാറും ചെയ്യേണ്ട ആവശ്യമുണ്ട്. അല്ലാഹുവിനോടും അവന്റെ അടിമകളോടുമുള്ള കടമ നിറവേറ്റേണ്ട ആവശ്യമുണ്ട്.

വീണ്ടും വിലാപവും ദാനധർമങ്ങളും വ്യക്തികളുടെ കുറ്റ കൃത്യത്തെ തടയുന്നു എന്ന കാര്യം വിശദീകരിച്ചുകൊണ്ട് പറയുന്നു: 'ദുആ വളരെ വലിയ വിജയത്തിനുവേണ്ടിയുള്ളതാണ്. യൂനുസിന്റെ ജനത വിലാപവും ദുആയും കാരണത്താൽ വരാൻപോകുന്ന നാശത്തിൽനിന്ന് രക്ഷപ്പെട്ടു. പറഞ്ഞു:'മുഹാത്തിബത്ത്, മുഗാളിബത്തിനാണ് പറയുന്നതെന്ന് ഞാൻ മനസ്സിലാക്കുന്നു. (അതായത് പരസ്പരം കോപിക്കുക. രോഷാകുലരാകുക. ഏതെങ്കിലും കാര്യത്തിൽ ദ്വേഷപ്പെടുക). പറഞ്ഞു: മുഹാത്തിബത്ത്, മുഗാളിബത്ത് അതായത് ദ്വേഷത്തിന്റെ പ്രകടനത്തിനും വെറുപ്പിനുമാണ് പറയുന്നത്. പറഞ്ഞു, മത്സ്യത്തിനാണ് 'ഖൂത്ത്'എന്നു പറയുന്നത്. മൂർച്ചയ്ക്കും വലിയമത്സ്യത്തിനും 'നൂൻ'എന്ന് പറയും. അതിനാൽ ഹദ്റത്ത് യൂനുസിന്റെ ആ അവസ്ഥ ഒരു മുഗാളിബത്തിന്റേതായിരുന്നു.(കോപത്തിന്റെ അവസ്ഥയായിരുന്നു). യാഥാർഥ്യമെന്താണെന്നുവച്ചാൽ ശിക്ഷ അകന്നുപോയതുനിമിത്തം അദ്ദേഹത്തിന് പരാതിയുണ്ടായി. പ്രവചനവും ദുആയും പാഴായിപ്പോയെന്ന്. താൻ പറഞ്ഞ കാര്യം എന്തുകൊണ്ട് പുലർന്നില്ല എന്ന ചിന്തയുമുണ്ടായി. അതിനാൽ ഇതുതന്നെയായിരുന്നു കോപത്തിന്റെ അവസ്ഥ.' പറഞ്ഞു, 'അല്ലാഹു തഖ്ദീറിനെ മാറ്റുന്നു എന്ന ഒരു പാഠവും ഇതിൽനിന്ന് ലഭിക്കുന്നുണ്ട്. കരച്ചിലും വിലാപവും ദാനധർമങ്ങളും വ്യക്തിപരമായുണ്ടാകുന്ന കുറ്റകൃത്യത്തേയും തടയുന്നു." പറഞ്ഞു,'ദാനധർമങ്ങളുടെ തത്ത്വം ഇതിൽനിന്നുണ്ടായതാണ്. ഈ രീതി അല്ലാഹുവിനെ തൃപ്തിപ്പെടുത്തുന്നു.' പറയുന്നു:'സ്വപ്ന വ്യാഖ്യാനത്തിൽ ധനംകൊണ്ടുള്ള വിവക്ഷിതം കരളാണ്. അതുകൊണ്ട് ദാനധർമങ്ങൾ ചെയ്യുക എന്നത് ജീവൻ ബലിയർപ്പിക്കുക എന്നാണ്. മനുഷ്യൻ ദാനധർമങ്ങൾ ചെയ്യുന്ന നേരത്ത് എത്രമാത്രം സത്യസന്ധതയും സ്ഥൈര്യവുമാണ് കാണിക്കുന്നത്. ഏതെങ്കിലും കാര്യത്തെ കർമപരമായ നിലയിൽ കൊണ്ടുവന്ന് കാണിക്കാത്തിടത്തോളം വെറും വാചകകസറത്തുകൾകൊണ്ട് ഒന്നുമുണ്ടാകുകയില്ലെന്നതാണ് വാസ്തവം. സ്വദഖ എന്ന് അതിനെ പറയുന്നത്, സത്യസന്ധരുടെമേൽ അത് അടയാളമിടുന്നതുകൊണ്ടാണ്. ഹദ്റത്ത് യൂനുസിന്റെ അവസ്ഥകളിൽ 'നിന്റെ മുമ്പിൽ ആരെങ്കിലും വന്നാൽ നിനക്ക് കരുണയുണ്ടാകുമെന്ന് എനിക്ക് ആദ്യമെ അറിയാമായിരുന്നുവെന്ന് അദ്ദേഹം അല്ലാഹുവിനോടു പറഞ്ഞതായി ദുർറെമൻഥൂരിൽ എഴുതിയിരിക്കുന്നു.' അതായത് അല്ലാഹുവിന് കരുണയുണ്ടാകുമെന്ന്!"(മൽഫൂദാത്ത് വാല്യം 1 പേജ് 237-238 1985 ലണ്ടൻ പതിപ്പ്)

ഒരു മജ്‌ലിസിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ)പറഞ്ഞു,- ഇതിന്റെ വിശദീകരണം ബദ്ർ പത്രത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്-ചിലയാളുകൾ വെളിയിൽനിന്ന് വന്നു. ജുമുഅ നമസ്കാരത്തിനു ശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇരുന്നപ്പോൾ പത്രക്കാരൻ എഴുതുന്നു,'ജുമുഅ നിർവഹിച്ചതിനുശേഷം പരിസരത്തും ചുറ്റുവട്ടത്തുമുള്ള ആളുകൾ ബയ്അത്ത് ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദ്(അ)അവർക്കായി നമസ്കാരം നോമ്പനുഷ്ഠാനം എല്ലാ ഓരോ അക്രമങ്ങളിൽനിന്നും രക്ഷപ്പെടുന്നതിനെ സംബന്ധിച്ച് ഒരു ഹ്രസ്വഭാഷണം നടത്തി. സ്വന്തം വീടുകളിൽ സ്ത്രീകളേയും പെൺകുട്ടികളേയും ആൺകുട്ടികളേയും എല്ലാവരേയും നന്മചെയ്യാൻ ഉപദേശിക്കണമെന്ന് പറഞ്ഞു. "മരങ്ങൾക്കും തോട്ടങ്ങൾക്കും നല്ലവണ്ണം നനയ്ക്കുന്നില്ലെങ്കിൽ അത് കായ്ക്കുകയില്ല. ഇപ്രകാരം നന്മയുടെ ജലം മനസ്സിന് നല്കാത്തിടത്തോളം മനുഷ്യന് അതൊട്ടും പ്രയോജനപ്പെടുകയില്ല."

ദുആയിലേക്കും ഇസ്തിഗ്ഫാറിലേക്കും മറ്റുള്ള സൽകർമങ്ങളിലേക്കും ശ്രദ്ധ ഉണ്ടാകുന്നതിന് വീടുകളിൽ നന്മയെ കുറിച്ചുള്ള ചർച്ച നടക്കേണ്ടതാണ്. ഈ ജലത്തിലൂടെയാണ് നന്മയുടെ ചെടി മുളച്ചുപൊന്തുന്നതും ഈമാൻ ശക്തമാകുന്നതും.' എഴുതുന്നയാൾ എഴുതുന്നു: പരിഹസിക്കുകയും നിന്ദിക്കുയും ചെയ്യുന്ന മജ്‌ലിസുകളിൽനിന്ന് വിട്ടു നില്ക്കാൻ അവിടന്ന് താക്കീതു ചെയ്ത് പറഞ്ഞു. സ്വദഖയും ദുആയും മുഖേന ബലാകൾ അകലുന്നു എന്നുള്ള നബിമാരുടെ വസ്വിയ്യത്ത് ഓർമിപ്പിച്ചു.' പറഞ്ഞു:'പൈസ ഇല്ലെങ്കിൽ ഒരു തൊട്ടി വെള്ളം ആർക്കെങ്കിലും നിറച്ചുകൊടുക്കുക.'(അതായത് കിണറ്റിൽനിന്ന് തൊട്ടിയിൽ വെള്ളം നിറച്ചു നല്കുക.)'ഇതും സ്വദഖയാണ്.' പറഞ്ഞു,'തന്റെ ധനംകൊണ്ടും ശരീരംകൊണ്ടും ആർക്കെങ്കിലും സേവനം ചെയ്താൽ അതും സ്വദഖയാണ്."(മൽഫൂദാത്ത് വാല്യം 5 പേജ് 81 -82 1985 ലണ്ടൻ പതിപ്പ്)

അതിനാൽ, അല്ലാഹുവിന്റെ കൃപ കരസ്ഥമാക്കുന്നതിന് ആരാധനാകർമങ്ങൾ നിർവഹിക്കേണ്ടത് നിർബന്ധമാണെന്നതുപോലെതന്നെ എല്ലാ തരത്തിലുള്ള അക്രമങ്ങളിൽനിന്നും ബലാൽക്കാരങ്ങളിൽനിന്നും രക്ഷപ്പെടേണ്ടതും നിർബന്ധമാണ്. ജനങ്ങൾക്ക് പ്രയോജനപ്പെടേണ്ടതും അനിവാര്യമാണ്. വീടുകളിൽ കൂടുതൽ സമയം ഭൗതികമായ കാര്യങ്ങളിൽ കഴിച്ചു കൂട്ടുന്നതിനു പകരം സൽക്കാര്യങ്ങളിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. വെറും പരിഹാസവും തമാശയും മറ്റുള്ളവരെ കളിയാക്കലും നടന്നുകൊണ്ടിരിക്കുന്ന മജ്‌ലിസുകളിൽനിന്ന് രക്ഷപ്പെടേണ്ട ആവശ്യമാണുള്ളത്. നബി(സ)തിരുമേനി പറഞ്ഞതുപോലെ ഈ നല്ല കാര്യങ്ങൾ സ്വദഖയാണ്. ജനങ്ങൾക്ക് പ്രയോജനപ്പെടുന്നതും സ്വദഖയാണ്. ആരാണോ ജനങ്ങളുടെ ബുദ്ധിമുട്ടുകൾ അകറ്റുന്നത് അവനും സ്വദഖകൊടുക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ഇക്കാര്യത്തിലേക്ക് നമ്മൾ ശ്രദ്ധിക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു അവസരത്തിൽ പറഞ്ഞു:'എല്ലാ മതക്കാരുടെ ഇടയിലും യോജിപ്പുള്ള ഒരു കാര്യമാണ് ദാനധർമങ്ങൾകൊണ്ട് വിപത്ത് അകന്നുപോകുന്നുവെന്നത്. വിപത്തു വരുന്നതിനെ സംബന്ധിച്ച് കാലേകൂട്ടി അല്ലാഹു അറിയിച്ചാൽ അത് ശിക്ഷയെ സംബന്ധിച്ചുള്ള പ്രവചനമാണ്. ദാനധർമങ്ങൾ കൊടുക്കുന്നതുകൊണ്ടും തൗബ ചെയ്യുന്നതുകൊണ്ടും അല്ലാഹുവിലേക്ക് മടങ്ങുന്നതുകൊണ്ടും ശിക്ഷാപരമായ പ്രവചനവും അകന്നുപോകുന്നു." പറഞ്ഞു:'ദാനധർമങ്ങൾകൊണ്ട് ബലാകൾ അകന്നുപോകുന്നുവെന്ന് ഒരു ലക്ഷത്തി ഇരുപത്തിനാലായിരം നബിമാർ സമ്മതിക്കുന്നു. (മൽഫൂദാത്ത് വാല്യം 9 പേജ് 227 1985 ലണ്ടൻ പതിപ്പ്). അകറ്റപ്പെടാത്ത കാര്യമാണ് ബലാ എങ്കിൽ സ്വദഖയും ദാനധർമങ്ങളും

പാഴ്‌വേലയായിത്തീരുന്നു. അതിനാൽ താൻ ദാനധർമങ്ങൾ സ്വീകരിക്കുന്നുവെന്ന് അല്ലാഹു പറയുമ്പോൾ അത്തരം അവസ്ഥയിലും അത് സ്വീകരിക്കാനുള്ള ശക്തി അവൻ ഉൾക്കൊള്ളുകയും സ്വീകരിക്കുകയും ചെയ്യുന്നു. അതിനെ കുറിച്ച് അവൻ ചില സമയങ്ങളിൽ തന്റെ നബിമാരും ദൂതന്മാരും മുഖേന അങ്ങനെ സംഭവിക്കുമെന്ന് പറയുകയും ചെയ്യുന്നു. യൂനുസിന്റെ ജനതയ്ക്കുണ്ടായിരുന്നതുപോലെ ശിക്ഷയുടെ പ്രവചനവും ഉണ്ടാകാറുണ്ട്. അദ്ദേഹത്തിന്റെ ജനത ദുആയും സ്വദഖയും വിലാപവും കരച്ചിലും കാരണത്താൽ രക്ഷപ്പെട്ടു. വിപത്തിന്റെ പ്രവചനം അങ്ങനെ മാറിപ്പോയി. പ്രവാചകന്മാരുടെ പ്രവചനങ്ങളും ദാനധർമങ്ങൾ മുഖേന മാറ്റപ്പെടാമെങ്കിൽ മനുഷ്യന്റെ സ്വന്തം കർമങ്ങൾ കാരണത്താലും അല്ലാഹുവിനെ മറക്കുന്ന കാരണത്താലും അവന്റെ മുമ്പിലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ അല്ലാഹുവിലേക്ക് മടങ്ങുന്നതുകൊണ്ടും ഇസ്തിഗ്ഫാറും തൗബയും ചെയ്യുന്നതുകൊണ്ടും ദാനധർമങ്ങൾ ചെയ്യുന്നതുകൊണ്ടും എന്തുകൊണ്ട് മാറ്റപ്പെടുകയില്ല. തീർച്ചയായും മാറ്റപ്പെടുന്നതാണ്. നമ്മുടെ കരച്ചിലും നിലവിളിയും ദുആചെയ്യലും ദാനധർമങ്ങൾ ചെയ്യലും അല്ലാഹുവിന്റെ കല്പനയനുസരിച്ച് ആകണമെന്നതാണ് നിബന്ധന.

നബി(സ)തിരുമേനി ഒരു അവസരത്തിൽ പറഞ്ഞു, 'സ്വദഖ അല്ലാഹുവിന്റെ കോപത്തെ തണുപ്പിക്കുന്നു. ചീത്ത മരണത്തെ അകറ്റുന്നു.'(സുനനുത്തുർമുദി കിതാബുസ്സക്കാത്ത് ഹദീഥു നമ്പർ 664).

വീണ്ടും പറഞ്ഞു:'കാരയ്ക്കയുടെ പകുതി കൊടുത്തിട്ടാണെങ്കിലും അഗ്നിയുടെ ശിക്ഷയിൽ നിന്ന് രക്ഷപ്പെട്ടുകൊള്ളുക.'(സ്വഹീഹുൽ ബുഖാരി കിതാബുസ്സക്കാത്ത് ഹദീഥു നമ്പർ 1417)

നല്ല കാര്യങ്ങളും നല്ല കാര്യങ്ങൾ അനുസരിച്ചുള്ള കർമങ്ങളും ചീത്തക്കാര്യങ്ങൾ ചെയ്യാതിരിക്കലും സ്വദഖയാണെന്ന് അവിടന്ന് പറഞ്ഞത് ആദ്യം നമ്മൾ കേട്ടു കഴിഞ്ഞതാണ്. ഇത്തരം കാര്യങ്ങൾ നമ്മൾ നമ്മുടെ മുമ്പിൽ എപ്പോഴും വെക്കേണ്ടതാണ്. അതിനോടൊപ്പം ഇസ്തിഗ്ഫാറിലേക്കും ദുആകളിലേക്കും ശ്രദ്ധിക്കേണ്ടതും നിർബന്ധമാണ്. ഇതും ആദ്യം പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്. മനസ്സിൽനിന്നു പുറപ്പെടുന്ന ഇസ്തിഗ്ഫാർ ഭാവിയിലുണ്ടാകുന്ന പാപങ്ങളിൽനിന്നും രക്ഷിക്കുന്നു. അല്ലാഹുവിന്റെ കരുണയേയും ആവേശത്തിൽ കൊണ്ടുവരുന്നു. അവന്റെ സാമീപ്യവും തന്നരുളുന്നു.

നബി(സ)തിരുമേനി ഒരു അവസരത്തിൽ പറഞ്ഞു: നിങ്ങളിൽനിന്ന് ആർക്കുവേണ്ടിയാണോ ദുആയുടെ വാതിൽ തുറക്കപ്പെട്ടത് അവന് റഹ്മത്തിന്റെ വാതിൽ തുറക്കപ്പെട്ടു. അല്ലാഹുവിനോടു ഏതൊരു കാര്യമാണോ ചോദിക്കുന്നത് അതിൽ അവന് ഏറ്റവും പ്രിയപ്പെട്ടത് അവനോടു ആഫിയത്ത് (സൗഖ്യം)തേടലാണ്.' (സുനനുത്തുർമുദി കിതാബുദ്ദഅ്‌വാത്ത് ഹദീഥ് നമ്പർ 3548) അല്ലാഹുവിനോടു ആഫിയത്ത് തേടുക. അവന്റെ അഭയത്തിൽ വരിക.

നബി(സ)തിരുമേനി പറഞ്ഞു: 'ദുആ, സംഭവിച്ചു കഴിഞ്ഞിട്ടുള്ള പരീക്ഷണത്തിന്നെതിരിലും ഇപ്പോൾ സംഭവിച്ചിട്ടില്ലാത്ത പരീക്ഷണത്തിന്നെതിലും ഫലം നല്കുന്നതാണ്.' പറഞ്ഞു: 'അല്ലയോ അല്ലാഹുവിന്റെ ദാസരേ! നിങ്ങൾ നിർബന്ധമായും ദുആയെ കൈക്കൊള്ളുക.' (മുസനദ് അഹ്‌മദ് ബിൻ ഹമ്പൽ വാള്യം 7 പേജ് 357)

ഹദ്‌റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഓർക്കുക! അശ്രദ്ധയിൽ ഉണ്ടാകുന്ന പാപം പശ്ചാത്താപത്തിന്റെ പാപത്തെക്കാൾ വലുതാണ്. ഈ പാപം വിഷലിപ്തവും കൊലയാളിയുമാണ്. തൗബ ചെയ്യുന്നവൻ പാപം ചെയ്യാത്തവനെപ്പോലെയാണ്. (ആരാണോ സത്യസന്ധമായ നിലയിൽ തൗബ ചെയ്തത്, ഇസ്തിഗ്ഫാർ ചെയ്തത്, കഴിഞ്ഞുപോയ പാപങ്ങൾക്ക് മാപ്പിരന്നത്, തുടർന്ന് പാപങ്ങൾ ചെയ്യുകയില്ലെന്ന് പ്രതിജ്ഞ ചെയ്തത് അവൻ പാപമൊന്നും ചെയ്യാത്തവനെപ്പോലെയാണ്). പറഞ്ഞു: താൻ എന്താണ് ചെയ്തുകൊണ്ടിരിക്കുന്നതെന്ന് അറിയാത്തവൻ വളരെ വലിയ ഭയാനകാവസ്ഥയിലാണുള്ളത്. അതുകൊണ്ട് അനാസ്ഥ ഉപേക്ഷിക്കേണ്ട ആവശ്യമാണുള്ളത്."(നമ്മളെന്താണ് ചെയ്തുകൊണ്ടിരിക്കുന്നതെന്ന് നമ്മൾ അറിഞ്ഞിരിക്കേണ്ടതാണ്. നമ്മുടെ ഓരോ കർമവും എങ്ങനെയുള്ളതാണ്). പറഞ്ഞു: പാപങ്ങളിൽനിന്ന് തൗബചെയ്തു മടങ്ങുക. അല്ലാഹുവിനെ ഭയന്നുകൊണ്ടിരിക്കുക. ആരാണോ തൗബചെയ്ത് തന്റെ അവസ്ഥയെ നന്നാക്കിക്കൊണ്ടിരിക്കുന്നത് അവൻ മറ്റുള്ളവർക്കെതിരിൽ രക്ഷിക്കപ്പെടുന്നതാണ്. സ്വയം നന്നാക്കിത്തീർക്കുകയും അല്ലാഹുവുമായി സത്യസന്ധമായ ബന്ധം സ്ഥാപിക്കുകയും ചെയ്യുന്നവനാണ് ദുആ പ്രയോജനപ്പെടുന്നത്." പറഞ്ഞു:'പ്രവാചകൻ ആർക്കെങ്കിലുംവേണ്ടി ശിപാർശ ചെയ്യുകയും എന്നാൽ, ശിപാർശ ചെയ്യപ്പെടുന്നവൻ തന്നെ നന്നാക്കിത്തീർക്കാതിരിക്കുകയും അശ്രദ്ധമായ ജീവിതത്തിൽനിന്ന് പുറത്തുവരാതിരിക്കുകയുമാണെങ്കിൽ ആ ശിപാർശ അവന് ഒരു ഗുണവും ചെയ്യുകയില്ല.'(മൽഫൂദാത്ത് വാള്യം 5 പേജ് 230 1985 ലണ്ടൻ പതിപ്പ്)

ദുആയുടെ യാഥാർഥ്യം മനസ്സിലാക്കുന്നവരാകാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. ആത്മാർഥരായിക്കൊണ്ട് അല്ലാഹുവിന്റെ മുമ്പിൽ കുനിയുന്നവരാകട്ടെ. ഇസ്തിഗ്ഫാറിലേക്ക് ശ്രദ്ധിക്കുന്നവരാകട്ടെ. അല്ലാഹുവിന്റെ തുരുസന്നിധിയിൽ കുനിഞ്ഞുകൊണ്ട് ചെയ്തുപോയ പാപങ്ങളുടെ പൊറുക്കൽ തേടുന്നവരാകട്ടെ. ഭാവിയിൽ പാപങ്ങളിൽനിന്ന് രക്ഷപ്പെടുമെന്ന് പ്രതിജ്ഞ ചെയ്തുകൊണ്ട് അതിനുവേണ്ടി തികച്ചും പരിശ്രമിക്കുന്നവരാകട്ടെ. ബലാകൾ അകറ്റുന്നതിനുവേണ്ടി അല്ലാഹുവിന്റെ തിരുസന്നിധയിൽ സ്വീകാര്യമാകുന്ന സ്വദഖകൾ കൊടുക്കുന്നവരാകട്ടെ. അല്ലാഹു എപ്പോഴും നമ്മെ തന്റെ സംരക്ഷണത്തിൽ വെക്കുമാറാകട്ടെ. ശത്രുക്കളുടേയും എല്ലാ ഓരോ എതിരാളിയുടേയും ആക്രമണങ്ങളിൽനിന്ന് നമ്മെ കാക്കട്ടെ. അവരുടെ ആക്രമണം അവരുടെമേൽതന്നെ മറിച്ചിടട്ടെ. അല്ലാഹുവിനോടുള്ള ഭയം മനസ്സിൽ കാത്തുസൂക്ഷിക്കുന്ന ദാസരിൽ നമ്മൾ ഗണിക്കപ്പെടട്ടെ. ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റേയും നബി(സ)തിരുമേനിയുടേയും ദുആകളുടെ അനന്തരാവകാശികളാകട്ടെ. അവയിൽനിന്ന് ഓഹരി എടുക്കുന്നവരാകാട്ടെ.

നമസ്കാരങ്ങൾക്കുശേഷം ഒരു ജനാസയും നമസ്കരിപ്പിക്കുന്നതാണ്. സഅ്ദ ബർത്താവി സാഹിബയുടെ ജനാസയാണ്. മർഇ ബർത്താവി സാഹിബിന്റെ ഭാര്യയാണ്. ഡമാസ്കസിന്റെ പ്രദേശമായ ഹോശ് അറബിലാണ് അവർ വഫാത്തായത്. അവരുടെ വീട്ടിൽ ഹീറ്റിംഗിനുവേണ്ടി ഉപയോഗിക്കുന്ന ഗ്യാസ് ലീക്കായ കാരണത്തിൽ തീപിടിച്ച് ഗുരുതരമായി പൊള്ളലേറ്റു. ആശുപത്രിയിൽകൊണ്ടുപോയി. ചികിത്സയുടെ ഫലമായി ആരോഗ്യസ്ഥിതി മെച്ചപ്പെട്ടിരുന്നു. ഈ സംഭവത്തിൽ അവർ വളരെ ക്ഷമയുടെ മാതൃകയാണ് കാണിച്ചത്. ഹംദിലും ശുക്റിലും മുഴുകി. അല്ലാഹുവിന്റെ വിധിയിൽ സംതൃപ്തയാണെന്ന് എല്ലാവരോടും പറയുമായിരുന്നു. പക്ഷേ, നാലു ദിവസത്തിനുശേഷം ഹൃദയാഘാതമുണ്ടായി. ഇത് അവർക്ക് സഹിക്കാൻ കഴിഞ്ഞില്ല. 2017 ജനുവരി 10 ന് അവർ ഇഹലോകവാസം വെടിഞ്ഞു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഭർത്താവ് ബയ്അത്തു ചെയ്തതിനുശേഷം 2004 ലാണ് അവർ ബയ്അത്തു ചെയ്തത്. പക്ഷേ, ആത്മാർഥതയിലും കൂറിലും തന്റെ ഭർത്താവിനെക്കാളും മക്കളെക്കാളും വളരെ മുമ്പിലായിരുന്നു. അവരുടെ ഭാർത്താവ് മർഈ സാഹിബ് പറയുന്നു:'ബയ്അത്ത് ചെയ്തു കുറച്ചു കാലംകഴിഞ്ഞപ്പോൾ ഗർഭിണിയായി. അങ്ങനെയിരിക്കെ ഒരു ദിവസം ഗോവണിയിൽനിന്ന് വീണു. ഗർഭം അലസിപ്പോകുമോ എന്ന ആശങ്കയുണ്ടായിരുന്നു. രാത്രിയിൽ സ്വപ്നം കണ്ടു:ആകാശത്തുനിന്ന് ആരോ വിളിച്ചു പറയുന്നു, 'ഭയപ്പെടേണ്ട. അല്ലാഹു ഈ ഗർഭസ്ഥ ശിശുവിനെ സംരക്ഷിക്കുന്നതാണ്.' ആൺകുട്ടി പിറന്നാൽ അഹ്‌മദ് എന്ന് പേരു വെക്കുമെന്ന് അന്നു തീരുമാനിച്ചു. അങ്ങനെ തന്നെ ചെയ്യുകയും ചെയ്തു. പിന്നീട് ആ കുട്ടിയ്ക്ക് 6 വയസ്സായപ്പോൾ അതേരീതിയിലുള്ള സ്വപ്നം കണ്ടു. അല്ലാഹു ഈ കുട്ടിയെ സംരക്ഷിക്കുന്നവനാണെന്ന് ആകാശത്തുനിന്ന് ശബ്ദം കേട്ടു. അതിനുശേഷം ഒരുദിവസം ഹൈവേയുടെ അരികിലൂടെ നടന്നു പോകുകയായിരുന്നു. പെട്ടെന്ന് ആ കുട്ടി കൈവിട്ട് റോഡ് ക്രോസു ചെയ്യാൻ തുടങ്ങി. അപ്പോൾ അവർ തന്റെ തലയിൽ കൈവച്ച് കണ്ണടച്ചു. കണ്ണുതുറന്നു നോക്കിയപ്പോൾ സുരക്ഷിതനായി കുട്ടി റോഡിന്റെ മറുഭാഗത്തെത്തിക്കഴിഞ്ഞിരുന്നു. അവിടെനിന്ന് കൈവീശിക്കാണിക്കുന്നുണ്ടായിരുന്നു. അതു കണ്ടപ്പോൾ അവർക്ക് താൻ കണ്ട സ്വപ്നം ഓർമവന്നു. അവരുടെ ഭർത്താവ് പറയുന്നു: 'നന്മകളിൽ മുൻകടന്നുപോകുന്ന പ്രകൃതിയായിരുന്നു. ആർക്കെങ്കിലും നന്മ ചെയ്യണമെന്ന വിചാരം എനിക്കുണ്ടാകുകയും നമുക്ക് അങ്ങനെ ചെയ്യാമെന്ന് ഞാൻ ഭാര്യയോടു പറയുകയും ചെയ്യുമ്പോൾ താനും അതുതന്നെയാണ് വിചാരിച്ചതെന്നും എതിർക്കാതെ എനിക്ക് ഉത്സാഹം നല്കുമെന്ന് കരുതി താൻ അത് ചെയ്തെന്നും അവർ പറയും. ഭർത്താവ് വിചാരിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ അവർ ചെയ്തുകഴിഞ്ഞിട്ടുണ്ടാകും. ഇത്തരം സംഭവങ്ങൾ ഉണ്ടാകാത്ത ആഴ്ചകൾ വളരെ വിരളമായിരുന്നു.

ജർമനിയിൽനിന്ന് അവരുടെ ജാമാതാവ് മുസ്അബ് ശുവയ്രി സാഹിബ് പറയുന്നു:'വളരെ സൽപ്രകൃതിയും ലളിതഹൃദയവുമുള്ള സ്ത്രീയായിരുന്നു. ആരോടും വെറുപ്പുണ്ടായിരുന്നില്ല. ദാനധർമങ്ങൾ ചെയ്യുമായിരുന്നു. അവരുടെ ഭർത്താവ് 2009 മുതൽ 2013 വരെ തടവിലായിരുന്ന കാലത്ത് കഠിനാധ്വാനം ചെയ്ത് കുട്ടികളേയും മറ്റുള്ളവരേയും പരിപാലിച്ചു. മുമ്പേയുണ്ടായിരുന്ന കടവും വീട്ടുകയുണ്ടായി. എല്ലാ നന്മകളിലും ഉത്സാഹത്തോടെ പങ്കെടുത്തിരുന്നു. എല്ലാവരോടും സ്നേഹത്തോടും സന്തോഷത്തോടും കൂടി പെരുമാറിയിരുന്നു. കൃത്യമായി ചന്ദ കൊടുത്തിരുന്നു. അവരുടെ ഖബറടക്കം ഡമാസ്കസിന്റെ പ്രദേശമായ ഹോശ് അറബിലാണ് നടന്നത്. ഖബറടത്തിനുമുമ്പേ അഹ്‌മദികളും അനഹ്‌മദികളും വെവ്വേറെ ജനാസ നമസ്കരിച്ചു. അല്ലാഹു പരേതയോടു മഗ്ഫിറത്തോടെ പെരുമാറാകട്ടെ. അവരുടെ പദവികൾ ഉയർത്തുമാറാകട്ടെ. അവരുടെ സന്താനങ്ങൾക്കും ജമാഅത്തിനോടും ഖിലാഫത്തിനോടും ശക്തമായ ബന്ധം നിലനിറുത്താനുള്ള തൗഫീഖ് നല്കുമാറാകട്ടെ.


## ഉടനെ എഴുതുക or ഫോൺ ചെയ്യുക

താങ്കൾ വിശുദ്ധ ഖുർആന്റെ കല്പനകൾ, ഹദീഥുകൾ, ഹദ്‌റത്ത് മസീഹ് മൗഊദിന്റെ മാർഗനിർദേശങ്ങൾ എന്നിവയോടൊപ്പം ഹദ്‌റത്ത് അമീറുൽ മുഅ്മിനീന്റെ ജുമുഅ ഖുത്ബകളിൽ നിന്നും പ്രഭാഷണങ്ങളിൽനിന്നും അനുഗ്രഹം തേടാനാഗ്രഹിക്കുന്നെങ്കിൽ! താങ്കൾ താങ്കളുടെ കുടുംബത്തിന്റേയും കുഞ്ഞുകുട്ടികളുടേയും സത്യമായ പരിഷ്കരണത്തിന് വിശുദ്ധഖുർആന്റെ ജ്ഞാനങ്ങൾ അറിയാനാഗ്രഹിക്കുന്നെങ്കിൽ! താങ്കൾ ബദ്ർ പത്രം നിർബന്ധമായും വായിക്കുക. ബദ്ർ പത്രത്തിൽ എന്താണുള്ളത്? അതറിയാൻ നിങ്ങൾ നിങ്ങളുടെ ഭാഷയിൽ അതിന്റെ ഒരു മാതൃക വാങ്ങി നോക്കുക. ഉടനെ എഴുതുക, അല്ലെങ്കിൽ ഫോൺ ചെയ്യുക.

മാനേജർ ബദ്ർ വീക്കിലി

ഫോൺ: 094170-20616

**അനുസ്മരണം**

# എൻ. കുഞ്ഞഹ്മദ് മാസ്റ്റർ സാഹിബ്

പഴയങ്ങാടി ജമാഅത്തിലെ അംഗവും സജീവ പ്രവർത്തകനുമായിരുന്ന എൻ. കുഞ്ഞഹ്മദ് മാസ്റ്റർ സാഹിബ്(81) 2017 മാർച്ച് 15ന് വെളുപ്പിന് രണ്ടര മണിയോടെ നിര്യാതനായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.

ജീവിതത്തിൽ അത്യപൂർവ്വമായ അനുഭവങ്ങൾക്കിരയാവുന്ന ചിലരെ കണ്ടെത്തിയേക്കാം. ആൾക്കൂട്ടത്തിൽ അറിയപ്പെടാതെപോകുന്ന അവരുടെ മഹത്ത്വങ്ങൾ തമസ്കരിക്കപ്പെട്ട സത്യങ്ങളായി അവശേഷിക്കുന്നു. ഇവിടെ എൻ. കുഞ്ഞഹ്മദ് മാസ്റ്റർ സാഹിബിന്റെ ഭൂതകാല പശ്ചാത്തലം അതിന്റെ സാക്ഷ്യങ്ങളാണ്.

ഏഴാം വയസ്സിൽ ലോകത്തിന്റെ കൗതുകങ്ങളിലേക്ക് കണ്ണുമിഴിച്ചും ചുറ്റുമുള്ള ശബ്ദങ്ങൾക്ക് കാതോർത്തും ആനന്ദത്തിന്റെ പ്രസരിപ്പിൽ കഴിഞ്ഞുവരുമ്പോഴാണ് അതുവരെ സ്നേഹത്തിന്റെ ചിറകിലൊതുക്കി സംരക്ഷണം നൽകിപ്പോന്ന പ്രിയപ്പെട്ട മാതാവിന്റെ അപ്രതീക്ഷിതമായ വിയോഗം. കുരുന്ന് മനസ്സിനെ നുറുക്കുന്ന ആഘാതം! പിന്നീടങ്ങോട്ടുള്ള അദ്ദേഹത്തിന്റെ ദിനരാത്രങ്ങൾ ദുഃഖം പെയ്യുന്ന ശരത്കാലമേഘംപോലെ ഇരുണ്ട അധ്യായങ്ങളുടെ തുടർച്ചയായിരുന്നു. തികച്ചും ദരിദ്രമായ കൂട്ടുകുടുംബത്തിന്റെ ഇല്ലായ്മകളിൽ അദ്ദേഹം ഒറ്റപ്പെട്ട ചോദ്യചിഹ്നമായി ഉയർന്നുനിന്നു. മനസ്സിന്റെ ആഴങ്ങളിൽ സ്നേഹം ഒതുക്കിവെച്ച പിതാവാണെങ്കിൽ രണ്ടാം വിവാഹത്തിന്റെയും രോഗത്തിന്റെയും നിസ്സഹായതയിൽ തളച്ചിടപ്പെട്ട ഒരു ജീവിത സാഹചര്യത്തിലൂടെയാണ് കടന്നുപൊയ്ക്കൊണ്ടിരുന്നത്. ഓർക്കാൻ ആ കുരുന്നു മനസ്സിൽ ഒന്നുമാത്രമേ ഉണ്ടായിരുന്നുള്ളൂ. തറവാട്ടിലെ അസ്വാരസ്യങ്ങൾക്കിടയിൽ ജീവിതം ഹോമിക്കപ്പെട്ട തന്റെ പ്രിയപ്പെട്ട മാതാവിന്റെ കണ്ണുനീരും പ്രാർഥനയും മാത്രം. തന്നെ ചേർത്തുപിടിച്ച് കരഞ്ഞുകലങ്ങിയ കണ്ണുകളുമായി നിൽക്കുന്ന ഉമ്മയുടെ ദൈന്യതയുടെ മുഖം കാലം മായ്ക്കാത്ത ചിത്രംപോലെ കുഞ്ഞഹ്മദ് മാസ്റ്ററെ നോവിച്ചുകൊണ്ടേയിരുന്നു.

മാതാവിനേയും പിതാവിനേയും മറ്റാരേയും ആശ്രയിക്കാനില്ലാതെ അനാഥനാക്കപ്പെട്ട അദ്ദേഹം പിന്നീട് എത്തിച്ചേർന്നതും തലശ്ശേരിയിലെ ഒരനാഥമന്ദിരത്തിലായിരുന്നു. ജീവിതമെന്ന പ്രഹേളികയുടെ അഗ്നിപരീക്ഷണങ്ങളിലൂടെ സഞ്ചരിക്കുന്ന അറുപതിൽപരം അന്തേവാസികളിൽ ഒരാളായി അദ്ദേഹവും അവിടെ ഒതുങ്ങിക്കൂടി. അവരോടൊപ്പം ജീവിതവും പഠനവും തുടർന്നു. അപ്പോഴെല്ലാം ഗുരുനാഥന്മാരിൽനിന്ന് ലഭിച്ച നിർലോഭമായ സ്നേഹവാത്സല്യങ്ങൾ ഒന്നുമാത്രമാണ് ആശ്വാസത്തിന്റെ നെടുവീർപ്പുകളായി അദ്ദേഹത്തെ ആശ്ലേഷിച്ചത്.

ഈ പഠനകാലത്ത് അവിടെയുള്ള അധ്യാപകന്മാരിൽനിന്ന് തികച്ചും വ്യത്യസ്തനായ മറ്റൊരധ്യാപകനെ അദ്ദേഹം കണ്ടെത്തുന്നു. പള്ളിയിൽ പോകാതെ സ്കൂളിൽ വെച്ചുതന്നെ നമസ്കാരം നിർവ്വഹിക്കുന്ന ഒറ്റയാനായ ഒരു മനുഷ്യൻ. ദുരൂഹതകൾക്കും സന്ദേഹങ്ങൾക്കുമൊടുവിൽ അതിനുള്ള ഉത്തരം ലഭിച്ചത് ബുദ്ധിപരമായ ആശയസംഘട്ടനങ്ങളുടെ മറ്റൊരു ലോകത്തെ കുറിച്ചായിരുന്നു. തലശ്ശേരിയിലെ മുഹമ്മദ് മാസ്റ്റർ എന്ന അഹ്മദിയായ ഈ അധ്യാപകനിലൂടെ ലഭിച്ച സന്ദേശം അന്നേവരെ കേട്ടറിവുപോലുമില്ലാത്ത ഒരു പ്രസ്ഥാനത്തിന്റെ തിരുമുറ്റത്താണ് എത്തിച്ചത്. മുസ്‌ലിം ഭൂരിപക്ഷത്തിന്റെ മതാന്ധതയിൽനിന്ന് വേറിട്ട് നിൽക്കുന്ന ദിവ്യവെളിച്ചത്തിന്റെ കിരണങ്ങൾ. യുക്തിവിചാരത്തിന്റെ ധൈഷണിക മേഖലകളിലേക്ക് കയറിച്ചെല്ലാൻ കുഞ്ഞഹ്മദ് മാസ്റ്ററെ അത് സഹായിച്ചു. യേശുവിന്റെ മരണവും, ആറ്റംയുദ്ധത്തിന്റെ ഭാവിയും റഷ്യ-അമേരിക്ക ശാക്തികചേരികളെ കുറിച്ചുള്ള ഖുർആനിക പ്രവചനങ്ങളും ശ്രീകൃഷ്ണൻ ഒരു പ്രവാചകനാണെന്ന പുതിയ അറിവും വിശ്വാസവിസ്ഫോടനത്തിന്റെ യുദ്ധഭൂമിയിലേക്കാണ് കുഞ്ഞഹ്മദ് മാസ്റ്ററെ നയിച്ചത്.

വർഷങ്ങളായി അനാഥാലയത്തിൽ പഠനം തുടർന്ന വിദ്യാർഥി ഒടുവിൽ പഠിപ്പിക്കുന്ന അധ്യാപകന്റെ ഭാവപ്പകർച്ചയിലേക്കാണ് പിന്നീട് വഴിമാറിയത്. ഒട്ടേറെ മാനേജ്മെന്റുകളുടെ കീഴിൽ നടത്തിപ്പോന്ന എൽ.പി- യു.പി. സ്കൂളുകളിൽ പലയിടങ്ങളിലായി കുഞ്ഞഹ്മദ് മാസ്റ്റർ കയറിയിറങ്ങി. 1947 കാലഘട്ടത്തിലെ സ്കൂൾ മാനേജ്മെന്റുകളെ വിലയിരുത്തുമ്പോൾ മാസങ്ങളുടെ ദൈർഘ്യം മാത്രമുള്ള കരാർ ജോലികളും 18 രൂപ ശമ്പളവുമായിരുന്നു നാട്ടുനടപ്പ്. ഈ സമ്പ്രദായത്തിന്റെ ഇരകളിൽ ഒരാളായിരുന്നു കുഞ്ഞഹ്മദ് മാസ്റ്റർ. അതുകൊണ്ടായിരിക്കാം തന്നെവിടാതെപിന്തുടർന്നശാപമായിഅദ്ദേഹം അതിനെ കണ്ടത്. വടക്കെ മലബാറിലെ ഒട്ടേറെ സ്ഥാപനങ്ങളിലൂടെ അനശ്ചിതമായി തുടർന്നുപോന്ന ഈ ജോലിക്കിടയിലാണ് മോഗ്രാൽ പുത്തൂരിലെ ഒരു വിദ്യാലയത്തിൽ അധ്യാപകനായി അദ്ദേഹം നിയമിക്കപ്പെടുന്നത്. ഇതൊരു വഴിത്തിരിവിന്റെ മുഹൂർത്തമായിരുന്നു. ഇവിടെ വെച്ചാണ് കുമ്പളയിലെ മർഹൂം മൂസ്സ മാസ്റ്ററുമായി അദ്ദേഹം പരിചയപ്പെടുന്നത്. ഈ കൂടിക്കാഴ്ച അഹ്മദിയ്യാ ജമാഅത്തിലേക്കുള്ള ഒരു പ്രവേശന കവാടത്തിന്റെ പടികളായിട്ടാണ് പരിണമിച്ചത്. മർഹൂം സിദ്ദീഖ് അമീർ അലി സാഹിബുമായും മറ്റു ചിലരുമായും മോഗ്രാലുമായും ഉണ്ടായ ഈ ബന്ധം കുഞ്ഞഹ്മദ് മാസ്റ്റർ അഹ്മദിയായിപ്പോയെന്ന പ്രചാരണത്തിന് വഴിമരുന്നിട്ടു.

ഒരു ദിവസം സ്വന്തം നാടായ മാട്ടൂലിൽ അദ്ദേഹം കാലുകുത്തിയപ്പോൾ നാട്ടുകാരും വീട്ടുകാരും അടുത്ത സുഹൃത്തുക്കളുമെല്ലാം എതിർപ്പിന്റെ കുന്തമുനകളുമായി അദ്ദേഹത്തിനുനേരെ പാ ഞ്ഞടുത്തു. പകൽനേരത്ത് കണ്ട ഈ എതിർപ്പിന്റെ കാഠിന്യം എവിടംവരെയെത്തിയെന്ന് രാത്രി വൈകിയപ്പോഴാണ് അദ്ദേഹം തിരിച്ചറിഞ്ഞത്. അദ്ദേഹത്തിന്റെ ബാഗും വസ്ത്രങ്ങളും സ്വന്തം തറവാട്ടിൽനിന്നും ഏതോ വഴിക്ക് അപ്രത്യക്ഷമായിക്കഴിഞ്ഞിരുന്നു. എല്ലാം നഷ്ടപ്പെട്ട അപകടകരമായ ഒരു സാഹചര്യം! മറ്റൊന്നും ചിന്തിക്കാനില്ലാതെ ഇരുട്ടിന്റെ മറവിൽ കൈയിൽ കിട്ടിയ ആരുടെയോ ഷർട്ട് ധരിച്ച് അദ്ദേഹം പഴയങ്ങാടിയിലേക്ക് പാലായനം ചെയ്തു. അഹ്മദിയ്യാ മസ്ജിദിൽ അഭയം തേടിയ അദ്ദേഹം രണ്ടുദിവസം മർഹൂം ബി. അബ്ദുർ റഹീം സാഹിബിന്റെ അഭയാർഥിയായി താമസിച്ചു. അപ്പോഴേക്കും ഒരു ദൂരയാത്ര കഴിഞ്ഞ് മർഹൂം മൗലാന ബി അബ്ദുല്ലാഹ് സാഹിബ് എത്തിച്ചേരുകയും പിന്നെ ഒട്ടും വൈകാതെ കുഞ്ഞഹ്മദ് മാസ്റ്റർ ബയ്അത്ത് ചെയ്ത് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിക്കുകയും ചെയ്തു.

1936 ഒക്ടോബർ 20ന് കണ്ണൂർ ജില്ലയിലെ പഴയങ്ങാടിക്കടുത്ത് മാട്ടൂലിലാണ് കുഞ്ഞഹ്മദ് മാസ്റ്റർ സാഹിബ് ജനിച്ചത്. അഹ്മദ് കുട്ടി-ആമിന ദമ്പതികളുടെ മൂത്തമകനായിരുന്നു. 1962 സെപ്റ്റംബർ 2ന് വാഗ്ദത്ത മഹ്ദീ മസീഹിന്റെ ജമാഅത്തിൽ ബയ്അത്ത് ചെയ്തു ചേർന്നു. തൊട്ടടുത്ത വർഷംതന്നെ വാഗ്ദത്ത മഹ്ദീ മസീഹിന്റെ ബൃഹദ്പദ്ധതിയായ വസിയ്യത്ത് സാമ്പത്തിക വ്യവസ്ഥിതിയിലും അംഗമായി. 1966 മുതൽ 2016 വരെ 50 വർഷം വിവിധ വകുപ്പുകൾ കൈകാര്യം ചെയ്തുകൊണ്ട് തദ്ദേശ ജമാഅത്തിന്റെ പ്രവർത്തക സമിതിയിൽ അംഗമായിരുന്നു. സുദീർഘകാലം തദ്ദേശ ജമാഅത്തിലെ ഇമാമുസ്സ്വലാത്തായിരുന്നു. അനാരോഗ്യം പിടിമുറുക്കുംവരെ ജമാഅത്തിന്റെ സേവനത്തിൽ മുഴുകി. തദ്ദേശ ജമാഅത്തിന്റെ അമീറായും നായിബ് അമീറായും കണ്ണൂർ മേഖല അമീറായും സേവനം അനുഷ്ഠിച്ചു. സംസ്ഥാന കമ്മിറ്റി നിലവിലുണ്ടായിരുന്നപ്പോൾ സംസ്ഥാന തബ്‌ലീഗ് തർബിയ്യത്ത് സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്. അമീറുൽ മുഅ്മിനീന്റെ കേരള സന്ദർശന സമയത്ത് കണ്ണൂർ മേഖല അമീറായിരുന്നു. കുറച്ചുകാലം മജ്‌ലിസ് അൻസ്വാറുല്ലായുടെ സംസ്ഥാന നാളിമായും പ്രവർത്തിച്ചിട്ടുണ്ട്. ജമാഅത്തുപരമായ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കേരളത്തിനകത്തും പുറത്തും ധാരാളം യാത്രകൾ നടത്തി. നിരവധി തവണ ഖാദിയാൻ സന്ദർശിച്ചു. 1989-ൽ റബ്‌വയിലും(പാക്കിസ്താൻ) പോയിരുന്നു. അതോടൊപ്പം കറാച്ചിയും ലാഹോറും സന്ദർശിച്ചു. 1989-ൽ കോഴിക്കോടു ജില്ലയിലെ കൊടിയത്തൂരിൽനടന്ന ഐതിഹാസികമായ മുബാഹലയിൽ ഭാര്യയോടും മൂത്തമകനോടുമൊപ്പം പങ്കെടുക്കാനുള്ള സൗഭാഗ്യവും മാസ്റ്റർ സാഹിബിന് ലഭിച്ചു. UAE സന്ദർശിക്കാനും അവിടത്തെ വിവിധ സെന്ററുകളിൽ പഠനക്ലാസ്സുകൾ നടത്താനും അവസരം കിട്ടിയിട്ടുണ്ട്. 2004 ലെ യു.കെ. ജൽസയിൽ പങ്കെടുത്തു. 2009 ൽ ഉംറ നിർവഹിച്ചു. വിശുദ്ധ ഖുർആന്റെ പരിഭാഷയിൽ മൗലാന മുഹമ്മദ് അബുൽവഫാ സാഹിബിനെ സഹായിച്ചു. 36 വർഷം കണ്ണൂർ കാസർഗോഡ് ജില്ലകളിലെ വിവിധ സ്കൂളുകളിൽ അധ്യകനായിരുന്നു. 1994-ൽ ഹെഡ്മാസ്റ്റർ പദവിയിലിരിക്കുമ്പോൾ റിട്ടയേർഡായി. അതിനുശേഷം മുഴുവൻ സമയവും ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ മുഴുകി. വഖ്ഫെ ആർസിയായി പലജമാഅത്തുകളിലും പോയി. വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നതിലും പ്രബോധന പ്രവർത്തനങ്ങളിലും സജീവമായിരുന്നു. പ്രത്യേകിച്ചും പോസ്റ്റൽ തബ്‌ലീഗിൽ അതീവ തല്പരനായിരുന്നു. നബി(സ)തിരുമേനിയെ കുറിച്ചുള്ള വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ അറബി ഖസ്വീദ പരിഭാഷപ്പെടുത്തുകയും ഉർദുവ്യാഖ്യാനം അടിസ്ഥാനമാക്കിവിശദീകരിക്കുകയുംചെയ്തുകൊണ്ട് 'തിരുനബിയുടെ തിരുസന്നിധിയിൽ' എന്ന പുസ്തകം പ്രസിദ്ധീകരിച്ചു. ഖുർആൻ പാരായണമുറകൾ എന്ന ലഘുകൃതിയും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ അറബി ഖസ്വീദകളും വിശുദ്ധ ഖുർആൻ പാരായണവും സംഗീതസാന്ദ്രമായ സ്വരമാധുരിയിൽ ആലപിക്കാൻ തുടങ്ങിയത് കുഞ്ഞഹ്മദ് മാസ്റ്ററെ അഹ്മദികൾക്കിടയിൽ ശ്രദ്ധേയനാക്കി മാറ്റുകയായിരുന്നു. അതോടൊപ്പം അഹ്മദിയ്യാ സിദ്ധാന്തങ്ങളുടെ സ്പന്ദനങ്ങൾ ഉൾക്കൊണ്ട അദ്ദേഹം നിസ്വാർഥനായ ഒരു ഭക്തനായും ആദരണീയവ്യക്തിത്വത്തിന്റെ ഉടമയായും നിരീക്ഷിക്കപ്പെട്ടു. അഹ്മദിയ്യാ ജമാഅത്തിന്റെ മോട്ടോ ആയ 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്ന മുദ്രാവാക്യം അന്നു മുതൽ സ്വന്തം ജീവിതത്തിലൂടെ പകർത്തിക്കാണിച്ച ഈ യോഗിവര്യൻ സൂക്ഷ്മതയുടെ നൂൽപാലത്തിലൂടെ നടക്കാൻ ശ്രമിച്ച ഒരു അഭ്യാസിയും കൂടിയാണ്.

ഒരു വിദ്യാലയത്തിന്റെ ഹെഡ് മാസ്റ്റർ പദവിയിൽനിന്ന് വിരമിച്ച അദ്ദേഹം പിൽക്കാലത്ത് അഹ്മദിയ്യാ ജമാഅത്തിലെ സജീവപ്രവർത്തകനായി മാറി. വ്യക്തിപരമായി അഹ്മദിയ്യാ സന്ദേശമെത്തിക്കുന്ന ദാഇഇലല്ലാഹ് എന്ന പ്രചാരണ സംവിധാനത്തെ മുറതെറ്റാതെ നിർവ്വഹിച്ചുപോന്ന ഒരാളായിരുന്നു അദ്ദേഹം. ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ പങ്കാളിയാവുകയും ഭാരവാഹിത്വം വഹിക്കുകയും ചെയ്ത അദ്ദേഹം പഴയങ്ങാടി പ്രാദേശിക ജമാഅത്തിന്റെ അമീറായും കണ്ണൂർ മേഖലാ അമീറായും സേവന മർപ്പിച്ചു.

ഭാര്യ ബി. ത്വാഹിറാ സാഹിബ. മക്കൾ മുബശ്ശിർ അഹ്മദ്(ദുബായ്) മുസദ്ദിഖ് അഹ്മദ്(ബംഗ്ലൂരു അമീർ) ശാഹിദ മുനീം. മരുമക്കൾ: മുനീം സലാം (പഴയങ്ങാടി) ശമീറ മുബശ്ശിർ (കൂടാളി), മുംതാസ് ബീഗം (കല്പേനി). അല്ലാഹു പരേതന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ. *(ഇ.വി. അബ്ദുൽ വാഹിദ്, കൂടാളി.)*

**EDITOR**
**H.Shamsuddin**

Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ *The Weekly* **BADAR** *Qadian*

Distt. Gurdaspur (Pb.) INDIA Qadian - 143516

Vol-2 Thursday 23- 30 March 2017 Issue-12-13

**MANAGER**
**NAWAB AHMAD**
Tel : +91-1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
**ANNUAL SUBSCRIPTION** Rs.300/-

- **ഹുദൂറിന്റെ പ്രസംഗം അങ്ങേയറ്റം ഹൃദയഹാരിയും ലോകത്തിലെ മുഴുവൻ ജനങ്ങൾക്കും വേണ്ടിയുള്ളതുമായിരുന്നു. ഈ സന്ദേശം ലോകത്തിലെ എല്ലാ ജനങ്ങളിലും എത്തണമെന്നാണ് എന്റെ ആഗ്രഹം.**
- **ഹുദൂറിന്റെ പ്രസംഗം അങ്ങേയറ്റം സ്വാധീനം ചെലുത്തുന്നതായിരുന്നു. എനിക്കു വളരെ സന്തോഷമുണ്ട്. ഞാൻ വളരെ ആകർഷിക്കപ്പെടുകയും ചെയ്തിരിക്കുന്നു. ഖലീഫയിൽ ഒരു റുഅ്ബുണ്ട്.(ആദരയുക്തമായ ഭയം). ഞാൻ അദ്ദേഹത്തിന്റെ സമീപത്തെത്തിയപ്പോൾ ഒരു വിറയൽപോലെ എനിക്കനുഭവപ്പെട്ടു. അതുകൊണ്ട് തീർച്ചയായും അദ്ദേത്തിൽ എന്തോ(പരിശുദ്ധ)ശക്തി നിലകൊള്ളുന്നുണ്ട്.**

## 2016 ഒക്ടോബർ 22 ന് കനഡയിലെ ഐവാനെ ത്വാഹിറിൽ സംഘടിപ്പിച്ച സിമ്പോസിയത്തിൽ അമീറുൽമുഅ്മിനീന്റെ പ്രഭാഷണം ശ്രവിച്ച ശ്രോതാക്കളിലുണ്ടായ പ്രതികരണങ്ങൾ -2

◆ബറക്കാത്ത് (Barakath) തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: ഹുദൂറിന്റെ പ്രസംഗം അങ്ങേയറ്റം ഹൃദയഹാരിയും ലോകത്തിലെ മുഴുവൻ ജനങ്ങൾക്കും വേണ്ടിയുള്ളതായിരുന്നു. ഈ സന്ദേശം ലോകത്തിലെ എല്ലാ ജനങ്ങളിലും എത്തണമെന്നാണ് എന്റെ ആഗ്രഹം.

◆ലൂസി കരാനോൽ തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: ഖലീഫായുടെപ്രഭാഷണത്തിൽനിന്ന് മുമ്പേ എനിക്കറിയാത്തതായ പലകാര്യങ്ങളും പഠിച്ചു. അവിടന്ന് പ്രഭാഷണം നടത്തുക മാത്രമല്ല നമുക്ക് പരസ്പരം എങ്ങനെ സ്നേഹിക്കാൻ കഴിയും എന്നും പറയുകയുണ്ടായി. മാനവർ മുഴുവൻ ഒന്നാണ്. അദ്ദേഹം പറഞ്ഞ ഒരു കാര്യം എന്നെ വല്ലാതെ സ്വാധീനച്ചു: മനുഷ്യനെന്ന നിലയിൽ നമുക്ക് ഏതുകാര്യത്തിലും ഭിന്നിക്കാവുന്നതാണ്. പക്ഷേ, അതിന് പരിഹാരം ഉണ്ടാക്കാനാണ് നമ്മുടെ ശ്രമം ഉണ്ടായിരിക്കേണ്ടത്. ആദ്യം നമുക്ക് നമ്മുടെ കാര്യം മനസ്സിലാക്കേണ്ട ആവശ്യമുണ്ട്. പിന്നീട് നമുക്ക് നീതിയോടും ന്യായത്തോടും കൂടി പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്നതാണ്. പിന്നീടെന്നെ ആകർഷിച്ച മറ്റൊരു കാര്യം 'നമ്മൾ നമുക്കിടയിലെ ഭിന്നിപ്പ് അകറ്റുന്നില്ലെങ്കിൽ, കൂടിച്ചേർന്ന് ജീവിക്കാൻ പഠിക്കുന്നില്ലെങ്കിൽ ഭാവിതലമുറ അതിന്റെ കെടുതി അനുഭവിക്കും' എന്ന് ഖലീഫ പറഞ്ഞതാണ്. എന്തെല്ലാം ഭിന്നിപ്പുകളുണ്ടെങ്കിലും നമ്മൾ കൂടിച്ചേർന്ന് ജീവിക്കണമെന്ന് നമ്മളോടു ദൈവം പറഞ്ഞിരിക്കുന്നു.

◆യാർക് യൂണിവേഴ്സിറ്റിയിലെ വിദ്യാർഥി മേഗൺ തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു:'ഇന്ന് ഇവിടെ പങ്കെടുത്തതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. അഹ്മദിയ്യാ ജമാഅത്ത് എങ്ങനെയാണ് വിവിധതരക്കാരായ ആളുകളെ അടുത്തു കൊണ്ടുവരുന്നതെന്ന് കാണുമ്പോൾ വളരെ നന്നായി തോന്നുന്നു. ഞാൻ വിചാരിക്കുന്നത് ഇക്കാര്യമാണ് ഇന്ന് ലോകത്തിന് ആവശ്യമായിട്ടുള്ളതെന്നാണ്.

◆സമീത്ത കമ്മ്യൂണിറ്റിയിലെ അംഗമായ അബൂബക്കർ യൂസുഫ് തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു:'ഞാൻ ഇവിടെ കേട്ടതിലും കണ്ടതിലുമൊക്കെ വളരെ ആകർഷിതനാണ്. ഹുദൂർ തന്റെ പ്രഭാഷണത്തിൽ നബി(സ)തിരുമേനിയുടെ ധാരാളം ഉദാഹരണങ്ങൾ വിവരിക്കുകയുണ്ടായി. അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കണമെന്ന് നമ്മളോടു പറഞ്ഞു. അവിടന്ന് നബി(സ)തിരുമേനിയുടെ ജീവിത ചരിത്രത്തിൽനിന്ന് ബലാല്ക്കാരമായി ആരേയും അവിടന്ന് ഇസ്ലാമിൽ പ്രവേശിപ്പിച്ചിട്ടില്ലെന്നും ആ മഹാത്മാവ് എങ്ങനെയാണ് മനുഷ്യകുലത്തിന് സേവനം ചെയ്തതെന്നും സ്ഥാപിക്കുകയുണ്ടായി. ഹുദൂർ വിശുദ്ധ ഖുർആനിന്റെ വെളിച്ചത്തിലും ഇസ്ലമികാധ്യാപനങ്ങളിൽ വെളിച്ചം വീശി. ലാ ഇക്റാഹ ഫിദ്ദീൻ എന്ന് വിശുദ്ധ ഖുർആനിൽ വന്നിരിക്കുന്നു. ക്രിസ്ത്യാനിയ്ക്കും യഹൂദിക്കും ഹിന്ദുവിനും അല്ലെങ്കിൽ ഏതു മതത്തിൽപ്പെട്ട ആൾക്കും എങ്ങനെയായിരുന്നു അവരുടെ അവകാശങ്ങൾ നബി(സ)തിരുമേനി നല്കിയിരുന്നതെന്നും ഹുദൂർ വിവരിക്കുകയുണ്ടായി. മനുഷ്യനെന്ന നിലയിൽ നമ്മളെല്ലാവരും ഒന്നാണെന്നും ഹുദൂർ പറഞ്ഞു. ഹുദൂർ തന്റെ പ്രഭാഷണത്തിൽ ദുഃഖിതരായവരെ സഹായിക്കേണ്ടത് നമ്മുടെ നിർബന്ധ കടമയാണെന്നും പറഞ്ഞിരുന്നു. നമ്മൾ ബലാൽക്കാരവും അക്രമവും ഭീകരതയും സ്വാർഥതയും ഉപേക്ഷിച്ച് ജീവിക്കേണ്ടതാണെന്നും ഈ അധ്യാപനമാണ് നബി(സ)തിരുമേനി നല്കിയിട്ടുള്ളതെന്നും ഹുദൂർ പറഞ്ഞു.

◆ഐ.റ്റി പ്രൊഫഷണൽ ഗ്യാനിഷ് തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു:'ഖലീഫയെ കണ്ട് എനിക്കു സന്തോഷമായി. ഇത്തരം പരിപാടികളിൽ പങ്കെടുത്ത് സന്തോഷം അനുഭവിക്കുന്നു.

◆മഖ്സ്വൂദ് എന്ന വിദ്യാർഥി തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു:'ഹുദൂർ വിവരിച്ചതുപോലെ നമ്മളെല്ലാവരും ചിന്തിച്ചിരുന്നെങ്കിൽ! ഹുദൂറിന്റെ പ്രഭാഷണത്തിൽ ഞാൻ പ്രഭാവിതനാണ്. ഞാൻ ഈ സന്ദേശം എന്റെ കൂടെ കൊണ്ടുപോകുകയും അതിനെ എന്റെ ജീവിതത്തിന്റെ ഭാഗമാക്കാൻ ശ്രമിക്കുകയും ചെയ്യുന്നതാണ്.

◆അതിഥി ക്രഷ തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു:'ഇവിടെയുള്ള എന്റെ വരവ് എനിക്ക് ബഹുമതിക്കും അന്തസ്സിനും നിമിത്തമാണ്. സമാധാനം എന്ന വിഷയത്തെ കുറിച്ചുള്ള പ്രഭാഷണം വളരെ നന്നായിരുന്നു. ടെലിവിഷനിൽ നമ്മൾ ധാരാളം പ്രസംഗങ്ങൾ കേൾക്കാറുണ്ട്. അതിൽ യുദ്ധവും പോരാട്ടവും വിദ്വേഷവുമാണ് പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഈ ശാന്തിയുടേയും സമാധാനത്തിന്റേയും കാര്യങ്ങൾ കേട്ട് സന്തോഷമായി.

◆അതിഥി ശൈൻടേൽ തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു:'എനിക്ക് ഇവിടെ വന്ന് വളരെ സന്തോഷമായി. നിങ്ങളെന്നെ ക്ഷണിച്ചത് എനിക്ക് അഭിമാനത്തിന് നിമിത്തമാണ്. നമുക്കെങ്ങനെ ഒന്നിച്ചു കഴിയാമെന്നതിനെ കുറിച്ച് പ്രഭാഷണത്തിൽ പറഞ്ഞിരുന്നു. മറ്റു ആളുകളും ഈ സന്ദേശം കേൾക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

◆അനീത ഥമറ തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു:'ഖലീഫയുടെ പ്രസംഗം കേൾക്കാനും ഇസ്ലാമി കമ്മ്യൂണിറ്റിയ കാണാനുമുള്ള ഒരു അസുലഭ സന്ദർഭമായിരുന്നു ഇത്. ഇത് എനിക്ക് അങ്ങേയറ്റം സന്തോഷത്തിന് കാരണമാണ്. ഹുദൂറിന്റെ ഓട്ടോഗ്രാഫ് വാങ്ങാനുള്ള അവസരവും എനിക്കു കിട്ടി.

◆ഡിസൈനർ ഹുയൂകോർട്ടനീ തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു:'ഹുദൂറിന്റെ പ്രസംഗം അങ്ങേയറ്റം സ്വാധീനം ചെലുത്തുന്നതായിരുന്നു. എനിക്കു വളരെ സന്തോഷമുണ്ട്. ഞാൻ വളരെ ആകർഷിക്കപ്പെടുകയും ചെയ്തിരിക്കുന്നു. ഖലീഫയിൽ ഒരു റുഅ്ബുണ്ട്.(ആത്മചൈതന്യം). ഞാൻ അദ്ദേഹത്തിന്റെ സമീപത്തെത്തിയപ്പോൾ ഒരു വിറയൽപോലെ എനിക്കനുഭവപ്പെട്ടു. അതുകൊണ്ട് തീർച്ചയായും അദ്ദേഹത്തിൽ എന്തോ(പരിശുദ്ധ)ശക്തി നിലകൊള്ളുന്നുണ്ട്. ഹുദൂർ ഒരു വിനയനാണ്. ഈ വിനയം മനുഷ്യന് അനുഭവിച്ചറിയാൻ കഴിയും.

◆ഉഗാണ്ട മീറ്റേഴ്സ് ചർച്ചിന്റെ അംഗമായ ഫ്രാൻസിസ് അത്വാ തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു:'എല്ലാവരോടും സ്നേഹം എന്ന വാക്യം നമുക്കെങ്ങനെ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കാൻ കഴിയുമെന്ന് ഖലീഫ തന്റെ പ്രസംഗത്തിൽ പറഞ്ഞു. അദ്ദേഹം തന്റെ സ്വന്തം കർമം കൊണ്ട് അത് കാണിക്കുകയും ചെയ്തു. അദ്ദേഹം ഇസ്ലാമികാധ്യാപനങ്ങളിലേക്ക് വെളിച്ചം വീശി. ഇതിൽനിന്ന് മാധ്യമങ്ങൾ ഇസ്ലാമിനെക്കുറിച്ച് പറയുന്ന കാര്യങ്ങൾ കളവാണെന്ന് വ്യക്തമായി. ഏതൊരു കാര്യമാണോ ഖലീഫ വിവരിച്ചത് അത് സത്യമാണ്. അതായത് യഥാർഥ മുസ്ലിം മറ്റുള്ളവരേയും സംരക്ഷിക്കുന്നവനാണ്.

◆ഒന്റാറിയോ പീസി യൂത്ത് അസോസിയേഷൻ അംഗം ജക് ഗ്രൈൻ ബർഗ് തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു:'ഖലീഫായുടെ പ്രഭാഷണം വികാരനിർഭരമായിരുന്നു. അതുമുഖേന എനിക്ക് കൂടുതൽ ഉത്സാഹമുണ്ടായി. അവിടന്ന് തന്റെ പ്രഭാഷണത്തിൽ ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിനെകുറിച്ചാണ് പ്രസംഗിച്ചത്. ഞാൻ കരുതുന്നത് ഖലീഫ അഹ്മദികൾക്കുമാത്രമല്ല പ്രത്യുത എല്ലാമുസ് ലീംകൾക്കുള്ള ഉഗ്ര ശബ്ദമാണെന്നാണ്. നമുക്ക് മറ്റൊരു യുദ്ധം സഹിക്കാൻ കഴിയുകയില്ലെന്ന് ഖലീഫ പറഞ്ഞത് എന്നെ ആഴത്തിൽ സ്വാധീനിച്ചു. എല്ലാ ജനതകളും കൂടിച്ചേർന്ന് പ്രവർത്തിക്കണമെന്നും അവരവരുടെ പങ്കു നിർവഹിക്കണമെന്നും ഖലീഫ പറഞ്ഞു.

◆സാഹിത്യകാരൻ പ്യാരാസിംഗ് ദോവാൽ തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു:'സമാധാന സംസ്ഥാപനത്തിനായി ഹുദൂർ പറഞ്ഞ വാക്കുകൾ വളരെ അത്യാവശ്യമാണ്. നമ്മൾ ഈ പകുതി അധ്യാപനമനുസരിച്ചെങ്കിലും പ്രവർത്തിക്കുകയാണെങ്കിൽ നമ്മുടെ വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തിൽ സമാധാനം സ്ഥാപിതമാകുന്നതാണ്. നിലവിൽ നടന്നുകൊണ്ടിരിക്കുന്ന യുദ്ധങ്ങൾ അവസാനിക്കുന്നതാണ്. ഞാൻ ഇന്നത്തെ പ്രഭാഷണത്തിൽ വളരെ ആകർഷിതനാണ്.

◆റോയൽ സൊറാൻസ് തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു:'ഞാൻ നന്ദി പ്രകടിപ്പിക്കാൻ ആഗ്രഹിക്കുകയായിരുന്നു. ഹുദൂർ എനിക്ക് അതിന് അവസരം നല്കി. ഹുദൂറിനെ കണ്ട് എനിക്ക് വളരെ സന്തോഷമായി.

◆അതിഥി ഹർജോത് തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു:'എനിക്ക് വളരെ നല്ലതായി തോന്നി. 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്'വളരെ നല്ലതായിരുന്നു.

(ബദ്ർ വീക്കിലി 2017 ജനുവരി 19)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin